കോടിക്കുളം ഗ്രാമപഞ്ചായത്ത് വികസന രേഖ



61-3

ഒൻപതാം പദ്ധതി ജനകീയ പദ്ധതി



വികസന രേഖ

കോടിക്കുളം ഗ്രാമപഞ്ചായത്ത്

റിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീ. എം.പി.സുകുമാരൻ, കൺവീനർ
ശ്രീ. കെ.എൻ.പാർത്ഥസാരഥിക്കൈമൾ
ശ്രീ. റ്റി.എൻ.ലൂക്കാ
ശ്രീ. കെ.ജെ.മാധവക്കൈമൾ
ശ്രീ. കെ.ജെ.ഫ്രാൻസീസ്
ശ്രീ. കെ.ജെ.ജോർജ്
ശ്രീ. ജോസഫ് ജോൺ
ശ്രീ. ബേബി ജോൺ
ശ്രീ. ഷാജി ഗണപതിപ്ലാക്കൽ
ശ്രീമതി ആലീസ് അഗസ്റ്റിൻ
ശ്രീ. സി.കെ.മുണ്ടൻ
ശ്രീ. കെ.പി.മത്തായി
ശ്രീ. സജി .സി. ജോർജ്

ഈ പഞ്ചായത്തിലെ D.R.P.മാർ


ശ്രീ. എം.പി.സുകുമാരൻ
ശ്രീ. പി.സി.ജോസഫ്
ശ്രീ. പി.പി.ജോസഫ്
ശ്രീ. എം.എം.പോൾ

സഹായികൾ


ശ്രീ. ഉലഹന്നാൻ, കൃഷി ആഫീസ്
ശ്രീമതി സുമതിക്കുട്ടി, V.E.O
ശ്രീ. ബെന്നി, V.E.O
ശ്രീ. കെ.കെ.പുരുഷോത്തമക്കൈമൾ
ശ്രീ. പി.എ.പീതാംബരൻ
ശ്രീ. പോൾ .പി. തോയലിൽ
ശ്രീ. റ്റി.കെ.ഗോപി
ശ്രീ. റോയി മെഴുകനാൽ
ശ്രീ. റ്റി.കെ.തങ്കപ്പൻ
ശ്രീ. കെ.കെ.ശശി
ശ്രീ. സാബു കേശവൻ

Computer Typesetting & Printing
Alon Mathew, Room No. 10, Pulimoottil Bldgs.

MAP OF KERALAM




IDUKKI DISTRICT




1. VAZHAKKALA
2. PARAPUZHA
3. THENNATHOOR
4. NEDUMATTOM
5. W.KODIKULAM
6. KODIKULAM
7. KODUVELI
8. I.T.C.


മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ




എ.ജെ.കുര്യാക്കോസ്
Ist President




കെ.ചന്ദ്രശേഖരപിള്ള
IInd President




എം.റ്റി.ചാക്കോ
IVth President



എൻ.എം.ആന്റണി
Vth President




കെ.എ.ശിവരാമൻ
VIth President




ഒ. ജെ. തോമസ്
VIIth President


ഭരണസമിതിയംഗങ്ങൾ




ജെയ്സൺ ജോസഫ്
വൈസ് പ്രസിഡന്റ്




റ്റി.എസ്.ലക്ഷ്മണൻ
പഞ്ചായത്ത് പ്രസിഡന്റ്



ജോണി മത്തായി
മെമ്പർ



സി.സി.കുഞ്ഞ്
മെമ്പർ



എം.എൻ.ജനാർദ്ദനക്കൈമൾ
മെമ്പർ



മോളി മാണി
മെമ്പർ



ലാലി ബോബൻ
മെമ്പർ



എൻ.എ.അമ്മിണി
സെക്രട്ടറി

ഉള്ളടക്കം

പേജ്

ആമുഖം 8

പഞ്ചായത്ത് പൊതുവിവരണം 9

ജനകീയാസൂത്രണത്തിന്റെ പ്രസക്തി 14

ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം 17

കൃഷി, ജലസേചനം 19

മൃഗസംരക്ഷണവും, മത്സ്യബന്ധനവും 23

വ്യവസായം 26

ഗതാഗതം, മാർക്കറ്റ് 28

ഊർജ്ജം 30

വിദ്യാഭ്യാസം 32

പൊതുജനാരോഗ്യവും കുടിവെള്ളവും 37

ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും 40

സംസ്ക്കാരം 42

വനിതാ 47

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം 49

സഹകരണവും വിഭവസമാഹരണവും 52

1

ആമുഖം

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഒരു രൂപരേഖ തയ്യാറാക്കാൻ ഇനിയും നാം ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഭൗമ ശാസ്ത്ര പഠനകേന്ദ്രം, ഭൂ വിനിയോഗബോർഡ്, ജില്ലാ, താലൂക്ക്, വില്ലേജ് ഓഫീസുകൾ, ആരോഗ്യ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കൃഷി, ജലസേചന ഓഫീസുകൾ തുടങ്ങി വളരെയധികം ഗവൺമെന്റ് ഓഫീസുകളുടെ നിരന്തരമായ സഹായവും ഏതാനും സന്നദ്ധ പ്രവർത്തകരുടെ ഏറെ നാളത്തെ തീവ്ര ശ്രമവും ചേർത്ത് വിഭവ ഭൂപടം നിർമ്മിച്ച് സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തി മാത്രമേ ദീർഘ കാല വികസനത്തിനൊരു രേഖ തയ്യാറാക്കാൻ നമുക്ക് കഴിയൂ.

ഇതു കൂടാതെ അറിവിന്റേയും, ആൾ ബലത്തിന്റെയും സമയത്തിന്റെയും പരിമിതിയിൽ നിന്നുകൊണ്ട് ഒൻപതാം പഞ്ചവത്സരപദ്ധതി വിഹിതത്തിനു വേണ്ടി നമ്മുടെ പഞ്ചായത്തിൽ വേണ്ടവിധം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് തയ്യാറാക്കിയിരിക്കുന്ന ഈ രേഖയിൽ വളരെയധികം പോരായ്മകൾ ഉണ്ട്. ഈ പോരായ്മകൾ സദയം ക്ഷമിച്ച് ഈ റിപ്പോർട്ടിനെ നമ്മുടെ പഞ്ചായത്തിന്റെ ഭാവി പരിപാടികൾ സുഗമമായി ആസൂത്രണം ചെയ്യത്തക്കവിധം സമ്പുഷ്ടമാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഗോത്ര വർഗ്ഗങ്ങളുടേയും, ദ്രാവിഡ, ആര്യ, ബുദ്ധ, ജൈന സംസ്ക്കാരങ്ങളുടെയും അവശിഷ്ടങ്ങളാൽ സഹസ്രാബ്ദങ്ങളുടെ സാംസ്ക്കാരിക പൈതൃകങ്ങളുറങ്ങുന്നതാണ് നമ്മുടെ ഈ കൊച്ചു ഗ്രാമം. കാട്ടു രാജാക്കൻമാരും, നാട്ടുരാജാക്കൻമാരും ജനപ്രതിനിധികളും ഉഴുത് മറിച്ച ഈ മണ്ണ് ജനങ്ങളെ സമൃദ്ധിയുടെ കാലത്തിലേയ്ക്കെത്തിയ്ക്കാൻ ഇനിയും കാത്തു കിടക്കുന്നു. ചെമ്മണ്ണും, കരിമണ്ണും, മണൽമണ്ണും, വയൽമണ്ണും തല തിരിഞ്ഞ കൃഷി രീതിയാൽ ഊഷരമായിത്തീർന്ന കാലഘട്ടത്തിൽ നിന്നും ശാസ്ത്രീയ സംവിധാനത്തിലൂടെ തങ്ങളുടെ കരുത്തു തെളിയിക്കാൻ കാത്തുകിടക്കുന്നു. മുറ്റത്തൊരു മാവും തൊടിയിലെങ്ങും അതിഥികൾക്ക് തേൻ കനിയും, ഇളനീരും നൽകാൻ കാത്തു നില്ക്കുന്ന ആ കാലത്തിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ജനകീയാസൂത്രണ പ്രക്രിയയിലൂടെ മുന്നേറാൻ, ജാതി മത രാഷ്ട്രീയ ഭിന്നത കൂടാതെ നമുക്കൊന്നിക്കാം.

2

പഞ്ചായത്ത് പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര്		– കോടിക്കുളം ഗ്രാമ പഞ്ചായത്ത്
2. ഉൾപ്പെടുന്ന വില്ലേജുകൾ		– കോടിക്കുളം, നെയ്യശ്ശേരി
3. ബ്ലോക്ക് പഞ്ചായത്ത്		– ഇളംദേശം
4. താലൂക്ക്		– തൊടുപുഴ
5. അസംബ്ലി നിയോജക മണ്ഡലം		– തൊടുപുഴ
6. വിസ്തീർണ്ണം		– 18.92 Sq. K.M.
7. അതിരുകൾ		
	വടക്ക്	– പൈങ്ങോട്ടൂർ, വണ്ണപ്പുറം പഞ്ചായത്തുകൾ
	തെക്ക്	– തൊടുപുഴ മുനിസിപ്പാലിറ്റി
	കിഴക്ക്	– കരിമണ്ണൂർ പഞ്ചായത്ത്
	പടിഞ്ഞാറ്	– കുമാരമംഗലം പഞ്ചായത്ത്
8. ജനസംഖ്യ		– 13531
a. പുരുഷൻമാർ		– 6814
b. സ്ത്രീകൾ		– 6717
c. ജനസാന്ദ്രത		– 715.169. (Sq. K.M)
d. സാക്ഷരർ		– 10765
9. വാർഡുകളുടെ എണ്ണം		– 8
10. പ്രസിഡന്റിന്റെ പേര്		– ശ്രീ. ടി. എസ്. ലക്ഷ്മണൻ.
11. വൈസ് പ്രസിഡന്റ്		– ശ്രീ. ജയ്സൻ ജോസഫ്
12. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ		– ശ്രീമതി. ഉഷാ ജോമി.
13. ഭരണ സമിതി അംഗങ്ങൾ		– ശ്രീ. ജോണി മത്തായി
		– ശ്രീമതി. മോളി മാണി
		– ശ്രീമതി. ലാലി ബോബൻ
		– ശ്രീ. എം. എൻ. ജനാർദ്ദന കൈമൾ.
		– ശ്രീ. സി. സി. കുഞ്ഞ്.

കോടിക്കുളം പഞ്ചായത്ത്

വില്ലേജ് യൂണിയനായി പ്രവർത്തിച്ചു വന്നിരുന്ന കോടിക്കുളം പ്രദേശം 1951 – ലെ തിരു-കൊച്ചി പഞ്ചായത്ത് ആക്ട് അനുസരിച്ച് കരിമണ്ണൂർ വില്ലേജിലെ കോടിക്കുളം, നെടുമറ്റം, വണ്ടമറ്റം, കുറുമ്പാലമറ്റം, എന്നീ കരകൾ ചേർത്ത് കോടിക്കുളം ഹെഡ് ക്വാർട്ടേഴ്സ് ആക്കി രൂപീകരിച്ച പഞ്ചായത്താണ് കോടിക്കുളം പഞ്ചായത്ത്. ഏകദേശം 45 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണവും – 10,000 (പതിനായിരം)– ത്തോളം ജനസംഖ്യയും ഉണ്ടായിരുന്നു. 1953 ൽ –7– വാർഡുകൾ ആയിരുന്നു ഉണ്ടായിരുന്നത്. ഈ വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. ശ്രീ. ജോസഫ്. ജെ. തോപ്പിൽ. (കാളിയാർ)
2. ശ്രീ. എ. ജെ. കുര്യാക്കോസ്, ആലയ്ക്കാപ്പിള്ളിൽ (കൊടുവേലി)
3. ശ്രീ. പി. ഒ. ദേവസ്യ, ചിറമാട്ടേൽ (പടി. കോടിക്കുളം)
4. ശ്രീ അയ്പ് ആന്റണി, പാലക്കാട്ട് (തെന്നത്തൂർ)
5. ശ്രീ. കെ. സി. തോമസ് കാപ്പിൽ (നെടുമറ്റം)
6. ശ്രീ. എം. റ്റി. ചാക്കോ, മെഴുകനാൽ (വണ്ടമറ്റം)
7. ശ്രീ. കെ. ചന്ദ്രശേഖരപിള്ള, കുറുമ്മാത്ത് (കുറുമ്പാല മറ്റം)

ഇവരിൽ നിന്നും പഞ്ചായത്ത് പ്രസിഡണ്ടായി ശ്രീ. എ. ജെ. കുര്യാക്കോസിനേയും വൈസ് പ്രസിഡണ്ടായി ശ്രീ. കെ. ചന്ദ്രശേഖരപിള്ളയേയും തെരഞ്ഞെടുത്തു. ശ്രീ. റ്റി. കെ. അയ്പ് ആയിരുന്നു ആദ്യത്തെ എക്സിക്യൂട്ടീവ് ആഫീസർ. ഏതാണ്ട് ഒൻപത് മാസത്തിനു ശേഷം ശ്രീ. എ. ജെ. കുര്യാക്കോസ് പ്രസിഡന്റ് സ്ഥാനം രാജി വയ്ക്കുകയും, ശ്രീ. ജോസഫ് ജെ. തോപ്പിലിനെ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1961 – വരെ ഭരണം നടത്തി വരികയും ചെയ്തു.

അദ്ദേഹത്തിന്റെ രാജിക്കു ശേഷം വൈസ്. പ്രസിഡണ്ടായിരുന്ന ശ്രീ. കെ. ചന്ദ്രശേഖരപിള്ളയെ 1962–ൽ പ്രസിഡണ്ടായും, ശ്രീ. എം. റ്റി. ചാക്കോയെ വൈസ്. പ്രസിഡണ്ടായും തെരഞ്ഞെടുത്തു. അടുത്ത തെരഞ്ഞെടുപ്പ് വരെ അവരുടെ ചുമതലയിൽ ഭരണം നടത്തി വരികയും ചെയ്തു.

1963 – ലെ തെരഞ്ഞെടുപ്പ് കാലത്ത് കോടിക്കുളം പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന കരിമണ്ണൂർ വില്ലേജിലെ കുറുമ്പാലമറ്റം വാർഡ് കരിമണ്ണൂർ പഞ്ചായത്തിലേക്ക് ചേർക്കുകയും 1956 ഒക്ടോബറിൽ നടന്ന വില്ലേജ് പുന: സംഘടന പ്രകാരം രൂപീകരിച്ച കോടിക്കുളം വില്ലേജ് കോടിക്കുളം പഞ്ചായത്ത് ആയിത്തീരുകയും ചെയ്തു.

1963–ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 8 വാർഡുകളായി പുനർ വിഭജിക്കുകയും താഴെ പറയുന്നവരെ തെരഞ്ഞെടുക്കുകയും ചെയ്തു. പഞ്ചായത്ത് നിയമമനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് കമ്മിറ്റിക്ക് ഒരു വനിതയെ പഞ്ചായത്തു മെമ്പറായി തെരഞ്ഞെടുക്കുവാൻ അവകാശം ഉണ്ടായിരുന്നു. അതിൻപ്രകാരം 1963 മുതൽ അധികാരത്തിൽ വന്ന പഞ്ചായത്തു കമ്മറ്റിയിൽ ശ്രീമതി. കമലാക്ഷി കൃഷ്ണൻ പുളിയമ്മാക്കൽ അവരുകളെ വനിതാ മെമ്പറായി തെരഞ്ഞെടുത്തു.

1. ശ്രീ കുഞ്ഞേട്ടൻ വട്ടക്കാവൻ, മുള്ളരിങ്ങാട്
2. ശ്രീ. കാളിയർ ജെ. മാത്യു, വണ്ണപ്പുറം
3. ശ്രീ. പി. കെ. ജോസഫ്, പള്ളിക്കാപ്പറമ്പിൽ
4. ശ്രീ. എ. ജെ. കുര്യാക്കോസ്, ആലയ്ക്കാപ്പിള്ളിൽ
5. ശ്രീ. എ. യു. ജോസഫ്, എലുവാലുങ്കൽ
6. ശ്രീ. എം. റ്റി. ചാക്കോ, മെഴുകനാൽ
7. ശ്രീ. ഉലഹന്നൻ ജോസഫ്, ചിറമാട്ടേൽ
8. ശ്രീ പി. വി. വർക്കി, പുന്നയ്ക്കപ്പടവിൽ
9. ശ്രീ. കമലാക്ഷി കൃഷ്ണൻ, പുളിയംമാക്കൽ
(നോമിനേറ്റഡ്)

ഇവരിൽ നിന്നും ശ്രീ. എം. റ്റി. ചാക്കോയെ പ്രസിഡണ്ടായും, വൈസ് പ്രസിഡണ്ടായി ശ്രീ. എ. ജെ. കുര്യാക്കോസ് അവരുകളേയും തെരഞ്ഞെടുത്തു.

1976 ജൂലൈ മാസത്തിൽ കോടിക്കുളം പഞ്ചായത്ത് കോടിക്കുളം, വണ്ണപ്പുറം എന്നിങ്ങനെ രണ്ട് പഞ്ചായത്തുകളായി വിഭജിക്കുകയും നിലവിലുള്ള കോടിക്കുളം പഞ്ചായത്ത് കമ്മിറ്റി പിരിച്ചു വിടുകയും ശ്രീ. എം. റ്റി. ചാക്കോയുടെ നേതൃത്വത്തിൽ കോടിക്കുളം പഞ്ചായത്തിലും, ശ്രീ. അബ്ദുൾ റഷീദ് ലബ്ബയുടെ നേതൃത്വത്തിൽ വണ്ണപ്പുറം പഞ്ചായത്തിലും ഓരോ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ ഗവൺമെന്റ് നിയമിക്കുകയും ചെയ്തു.

തുടർന്ന് 18.92 Sq. K.M. വിസ്തീർണ്ണത്തിലുള്ള കോടിക്കുളം പഞ്ചായത്തിൽ 1979–ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എൻ. എം. ആന്റണി പ്രസിഡണ്ടും, ശ്രീമതി. മേരി വിൻസെന്റ് വൈസ്. പ്രസിഡണ്ടും, 1988–ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. കെ. എ. ശിവരാമൻ പ്രസിഡണ്ടും ശ്രീമതി. ലില്ലിക്കുട്ടി മാത്യു വൈസ്. പ്രസിഡണ്ടുമായുള്ള ഭരണ സമിതി നിലവിൽ വന്നു. എന്നാൽ 13–8–92–ൽ ശ്രീ. കെ. എ. ശിവരാമൻ പ്രസിഡണ്ടു സ്ഥാനം രാജി വയ്ക്കുകയും തുടർന്ന് 5–9–92–ൽ നടന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ശ്രീ. ഒ. ജെ. തോമസ് പ്രസിഡണ്ടാവുകയും ആ ഭരണ സമിതി ഭരണം നടത്തി വരികയും ചെയ്തു.

1965–ൽ നടന്ന തെരഞ്ഞെടുപ്പിൽ ജയിച്ച ഇന്നത്തെ ഭരണ സമിതി അംഗങ്ങൾ 1995 ഒക്ടോബർ. 2ന് അധികാരമേറ്റു. ഭരണ സമിതി അംഗങ്ങളുടെ പേരു വിവരം അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്ത് വാർഡുകൾ

1. മുള്ളരിങ്ങാട്
2. വണ്ണപ്പുറം
3. കൊടുവേലി
4. കോടിക്കുളം (E)
5. നെടുമറ്റം
6. കോടിക്കുളം (W)
7. തെന്നത്തൂർ

ഭരണസമിതി – I

1. ശ്രീ.എ.ജെ.കുര്യാക്കോസ്
2. ശ്രീ.ജോസഫ് തോപ്പിൽ
3. ശ്രീ.കെ.ചന്ദ്രശേഖരൻ പിള്ള
4. ശ്രീ.എം.റ്റി.ചാക്കോ
5. ശ്രീ.പി.എ.ആൻറണി
6. ശ്രീ.പി.ഒ.ദേവസ്യ
7. ശ്രീ.കെ.സി.തോമസ്

ഭരണസമിതി – II

1. ശ്രീ.എം.റ്റി.ചാക്കോ
2. ശ്രീ.എ.ജെ.കുര്യാക്കോസ്
3. ശ്രീ.എ.വി.ജോസഫ്
4. ശ്രീ.പി.കെ.ജോസഫ്
5. ശ്രീ.ഉലഹന്നാൻ ജോസഫ്
6. ശ്രീ.പി.വി.വർക്കി
7. ശ്രീ.കമലാക്ഷി കൃഷ്ണൻ
8. ശ്രീ.കാളിയാർ .ജെ. മാത്യു

ഭരണസമിതി – III

1. ശ്രീ.എൻ.എം.ആൻറണി
2. ശ്രീ.മേരി വിൻസെൻറ്
3. ശ്രീ.എൻ.എ.വർഗീസ്
4. ശ്രീ.എ.എം.പൈലി
5. ശ്രീ.പി.രാമകൈമൾ
6. ശ്രീ.സി.സി.കുഞ്ഞ്
7. ശ്രീ.എം.പി.കുര്യൻ
8. ശ്രീ.വി.എ.വർഗ്ഗീസ്

ഭരണസമിതി – IV

1. ശ്രീ.കെ.എ.ശിവരാമൻ
2. ശ്രീമതി.ലില്ലികുട്ടി മാത്യു
3. ശ്രീ.സി.എ.സോമൻ
4. ശ്രീ.ജോൺ .ജെ. നെടുംചാലിൽ
5. ശ്രീ.തോമസ് .എം. കാപ്പൻ
6. ശ്രീ.വി.ജെ.മാത്യു
7. ശ്രീ.ഒ.ജെ.തോമസ്
8. ശ്രീമതി.സുജാതാ വിശ്വമ്പരൻ


കോടിക്കുളം ഗ്രാമപഞ്ചായത്ത് ഭരണം സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിൽ ഉൽപ്പെടുന്ന വില്ലേജുകൾ	കോടിക്കുളം, നെയ്യശ്ശേരി	
വാർഡുകൾ	8 എണ്ണം	
പട്ടികജാതി സംവരണം	7-ാം വാർഡ്	
വനിതാ സംവരണം	2, 4, 5 വാർഡുകൾ	
വിസ്തീർണ്ണം Sq.cm	18.92	
സ്വന്തമായി ആഫീസ് ഉണ്ടോ	ഉണ്ട്	
ഉദ്യോഗസ്ഥർ	സെക്രട്ടറി	1
	ഹെഡ് ക്ലാർക്ക്	1
	യു. ഡി. ക്ലാർക്ക്	1
	എൽ. ഡി. ക്ലാർക്ക്	2
	പ്യൂൺ	1
	പിറ്റി. എസ്.	1
ഭരണചിലവ്	834547 രൂപ	
വരുമാനത്തിന്റെ എത്രയോ ശതമാനം	76.24%	


IRDP സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

I	II	III	IV
സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	SC/ST കുടുംബം	നാളിതു വരെ സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST യ്ക്ക് സഹായം ലഭിച്ചത് വഴി ദാരിദ്രരേഖയ്ക്ക് മുകളിൽ എത്തിയവർ
982	38	111	49

ദാരിദ്രരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ച വരുൾപ്പടെ 982 പേരാണ്. ഈ കണക്കുകൾ സർക്കാരിന്റെ ഉദ്യോഗസ്ഥൻമാർ ബോധിപ്പിച്ചിരിക്കുന്നതാണ്. എന്നാൽ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ എന്നാൽ ഇതിലുമധികമാണ്



എം.പി.സുകുമാരൻ
കൺവീനർ-വികസനസമിതി



ജോർജ്ജ് അഗസ്റ്ററിൻ
ബ്ലോക്ക് മെമ്പർ



ഉഷ ജോയി
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



സ്റ്റാഫ് അംഗങ്ങൾ
ഇരിക്കുന്നവർ ഇടത്തുനിന്ന് - വാസുദേവൻ പോററി, എൻ.എ.അമ്മിണി, കെജി.ശശികുമാരൻ നായർ
നില്ക്കുന്നവർ - രമണി സി.ബി., എം.എം.ഗീത, എം.എൻ.ഹരികുമാർ

3

ജനകീയാസൂത്രണത്തിന്റെ പ്രസക്തി



അധികാരം ജനങ്ങളിലേയ്ക്ക് എന്ന കേരള ഗവൺമെന്റിന്റെ പ്രഖ്യാപനം കേട്ടതു മുതൽ അതിന്റെ ഗുണദോഷ വശങ്ങളെ വിശകലനം ചെയ്തുകൊണ്ട് ആവൻ നിര കേരളത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവരുടെ വിശകലനങ്ങൾ പത്രങ്ങളിൽ വായിക്കുമ്പോൾ സാധാരണ ജനങ്ങൾ അന്ധാളിക്കുന്നു. ശരിയും തെറ്റും വേർതിരിച്ചറിയാനാവാതെ അവർ വിഷമിക്കുന്നു.

1993-ൽ പാർലമെന്റ് അംഗീകരിച്ചെങ്കിലും 1995 ഒക്ടോബർ രണ്ടിനാണ് കേരളത്തിലെ പഞ്ചായത്തുകൾക്കധികാരം കൈമാറിയെന്നു പറയുന്നത്. ഇന്നും ഈ കൈമാറ്റം പൂർണ്ണതയിലെത്തിയിട്ടില്ല.

ഇത് ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് അൻപതാം വാർഷികം ആഘോഷിക്കുന്ന വർഷമാണ് ! രാജ്യത്തിന്റെ ഗതിവിഗതികൾക്ക് ആകെ മാറ്റം വന്നു കൊണ്ടിരിക്കുന്ന വർഷം ! ഇരുപത്തിയൊന്നാം നൂറ്റാണ്ട് പിറക്കുവാനുള്ള ഈ ഈറ്റുനോവിന്റെ ആഹ്ളാദകരമായ ഘട്ടം! ബോധപൂർവ്വം നമുക്ക് ആസ്വദിക്കാം! സഹകരിക്കാം!

സ്വാതന്ത്ര്യം കിട്ടുമ്പോൾ ഇന്ത്യയിലെ ജന സംഖ്യ മുപ്പത്തിയഞ്ചു കോടിയായിരുന്നു. ഇന്ന് ദാരിദ്ര രേഖയ്ക്ക് താഴെ മാത്രം നാല്പത്തിയരണ്ട് കോടി ജനങ്ങളുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്തുള്ള വിജയത്തിൽ ലോകത്തിനു മുന്നിൽ നാം ആറാം സ്ഥാനത്താണ് ! ശുദ്ധ ജല ലഭ്യതയുടെ കാര്യത്തിൽ ഏറ്റവും പിന്നിലും. ഇത്തരത്തിൽ സുദീർഘമായ വിശദീകരണത്തിനർഹമായ ഭാരതത്തിലെ ഒരു സംസ്ഥാനം എന്ന തരത്തിൽ കേരളത്തിലും ഇതിന്റെ നിഴലുകൾ ഓടിയിട്ടുണ്ട്.

ആഗോളവൽക്കരണവും ഉദാരവൽക്കരണവും കേരളത്തിന്റെ കാർഷിക വിളകളെയും നാണ്യ വിളകളെയും പൊതു മാർക്കറ്റിൽ ചവിട്ടിതാഴ്ത്തിയിരിക്കുന്നു.! വളം, കീടനാശിനി എന്നിവയുടെ വിലക്കയറ്റവും അമിതമായ ഉല്പാദന ചെലവും, കർഷകന്റെ നട്ടെല്ലൊടിച്ചു. കേരളീയന് ആകെ ആശ്വാസം പകർന്നിരുന്ന റേഷനരി പോലും ഗുണനിലവാരം കുറഞ്ഞവയായി. ഇനിയും എന്തു ചെയ്യേണ്ടു എന്നറിയാതെ പകച്ചു നിന്ന കേരളീയന്റെ മുന്നിൽ വീണു കിട്ടിയ നിധിയാണ് പഞ്ചായത്ത് തല് സംവിധാനം എന്നു പറഞ്ഞാൽ അധികമാവില്ല എന്നു തോന്നുന്നു.

ഇതൊരു കുരങ്ങന്റെ കയ്യിലെ പൂമാലയാകാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ഗ്രാമ സഭകളിൽ ജനങ്ങളുയർത്തിയ വിവിധ വികസന പ്രശ്നങ്ങൾക്ക് പരിഹാരം തേടുമ്പോൾ, പരിഹാര നിർദ്ദേശങ്ങൾ പരസ്പര പൂരകമാകാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ആ ജനകീയ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുമ്പോൾ മറ്റൊന്ന് കൂടുതൽ വഷളാകാൻ ഇടയാവരുത്.

കേരളത്തിന്റെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഗ്രാമ തലങ്ങളിൽ ജനങ്ങൾ ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും പങ്കാളികളാകുക എന്നതു തന്നെയാണ് ഈ പ്രസ്ഥാനത്തിന്റെ സവിശേഷത. സ്വാതന്ത്ര്യം കിട്ടി അൻപത് വർഷം കഴിഞ്ഞിട്ടും ഇന്ത്യയിൽ കേരള സർക്കാർ മാത്രമാണ് ജനങ്ങൾക്ക് ഇത്തരമൊരവസരം നൽകിയിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഈ അവകാശത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും ബോധപൂർവ്വം ഉപയോഗിക്കുകയുമാണ് നാം ചെയ്യേണ്ടത്.

വികസനമെന്നാൽ നമ്മുടെ സമ്പത് ഘടനയുടെ പുരോഗതിയാണ്, പിന്നോക്കാവസ്ഥയുടെ ദൂരീകരണമാണ്, സമ്പത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയാണ്. കഴിഞ്ഞ അൻപത് വർഷത്തെ ഭൗതിക പുരോഗതിയും, വികസന നേട്ടങ്ങളും നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. ഹരിത വിപ്ലവം, ധവളവിപ്ലവം, ശാസ്ത്രസാങ്കേതികവിപ്ലവം, വ്യവസായവിപ്ലവം എന്നിങ്ങനെ എന്തെല്ലാം വിപ്ലവകരമായ മാറ്റങ്ങൾക്ക് നമ്മുടെ രാജ്യം നാന്ദി കുറിച്ചു! കാർഷികോല്പാദനവും വ്യവസായോല്പാദനവും വർദ്ധിച്ചു. അഭ്യസ്തവി

ദ്യരുടെയും ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ പണിയെടുക്കുന്നവരുടെയും എണ്ണം വർദ്ധിച്ചു. വ്യവസായങ്ങൾ വളർന്നു. പുതിയ ഗവേഷണ ശാലകൾ ഉയർന്നു. ഇന്ദ്രസദസ്സിനെ ഓർമ്മിപ്പിക്കുന്ന വീടുകളും, പഞ്ചനക്ഷത്ര ഹോട്ടലുകളും, എയർ കണ്ടീഷൻ തീയേറ്ററുകളും, അന്താരാഷ്ട്ര വിമാനത്താവളങ്ങളും, കാറും, കമ്പ്യൂട്ടറുകളും, ശൂന്യാകാശവാഹനനിർമ്മാണവും അവയെ ശൂന്യാകാശത്ത് എത്തിക്കലുമുൾപ്പടെ സ്വാതന്ത്ര്യം കിട്ടിയതിന്റെ അൻപതാം വാർഷികത്തിന്റെ പടിയിൽ ചവിട്ടി നിന്നുകൊണ്ട് നാം തിരിഞ്ഞുനോക്കുമ്പോൾ ലോകരാഷ്ട്രങ്ങളുടെ മുൻനിരയിലേക്ക് തന്നെ നാം കുതിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇത്രതന്നെ പ്രകടമല്ലാത്ത മറ്റൊരു കാര്യം കൂടി ഇതോടൊപ്പം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്ന കാര്യം ഇനിയും മറച്ചു വയ്ക്കുന്നത് നാം ഭാവി തലമുറയോട് ചെയ്യുന്ന ഏറ്റവും വലിയ വഞ്ചനയായിരിക്കും. അതെന്തെന്നാൽ ഇൻഡ്യയിൽ ദരിദ്രരുടെയും, നിരക്ഷരരുടെയും, എയ്ഡ്സ് രോഗികളുടെയും, ക്ഷയരോഗികളുടെയും, കുഷ്ഠരോഗികളുടെയും എണ്ണം അനുനിമിഷം വർദ്ധിക്കുന്നു എന്ന് മാത്രമല്ല ലോകത്തിലുള്ള മൊത്തം പേരിൽ പകുതിയും നമ്മുടെ രാജ്യത്താണ്. അതോടൊപ്പം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം വർദ്ധിക്കുന്നു. മുകളിൽ ഉള്ളവരിൽ ഭൂരിഭാഗവും ദാരിദ്രവൽക്കരിക്കപ്പെടുകയോ അതിന്റെ ഭീഷണി നേരിടുകയോ ചെയ്യുന്നു. വളരെ ചെറിയൊരു ന്യൂനപക്ഷം ആകെ ജനസംഖ്യയുടെ ഒരു ശതമാനം പോലുമില്ലാത്ത ഒരു വിഭാഗം നിർദയമായി ധനം ആർജ്ജിച്ചുവരുന്നു. അങ്ങനെ കഴിഞ്ഞ അൻപത് വർഷത്തെ ആസൂത്രണം ധനവാനെ കൂടുതൽ ധനവാനും ദരിദ്രനെ കൂടുതൽ ദരിദ്രനുമാക്കാനെ ഉപകരിച്ചുള്ളൂ.

സമൂഹത്തിലെ ഈ പാപ്പരീകരണം നടക്കുന്നത് നിരവധി മാർഗ്ഗങ്ങളിലൂടെയാണ്. അതിനെ തടയാൻ ദരിദ്രന്റെ കയ്യിൽ ലളിതമായ മാർഗ്ഗങ്ങളൊന്നുമല്ല. ആദ്യമായി നാം ശ്രമിക്കേണ്ടത് ഓരോന്നും വ്യക്തമായി അറിയാനാണ്.

പ്രകൃത്യാ അനുഗ്രഹീതമായ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറിയ പങ്കും കൃഷി മേഖലയെ ആശ്രയിച്ചാണ്. ശ്രമിച്ചാൽ ഉയർന്ന ഉൽപ്പാദനക്ഷമത സാധ്യവുമാണ്. പ്രത്യേകിച്ച് ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭൂ പരിഷ്ക്കരണം നടപ്പായ കേരളത്തിൽ സ്വന്തം ഭൂമിയുള്ള ധാരാളം ചെറുകിടകർഷകരുള്ളപ്പോൾ! എന്നിട്ടും എന്തുകൊണ്ടിവിടെ പട്ടിണി പെരുകുന്നു.?

1976–77ലെ സർവ്വെ പ്രകാരം കേരളത്തിലെ കൃഷി ഭൂമിയിൽ 65.8% അഞ്ചേക്കറിൽ താഴെയുള്ള ചെറുകിട കർഷകരുടെ കൈവശമാണ്. രൂക്ഷമായ സാമ്പത്തിക ഞെരുക്കം ഇവർക്കു കൈവശമുള്ള ഭൂമിയിൽ കൃഷിയിറക്കുന്നതിന് തടസ്സം നില്ക്കുന്നു. കാരണം പണിയെടുക്കുന്ന ചെറുകിട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഉപജീവനത്തിനാവശ്യമായ വരുമാനം നൽകത്തക്ക വലിപ്പം സ്വന്തം കൃഷിയിടത്തിനില്ല എന്നതാണ്. ഇവരിൽ ഭൂരിപക്ഷവും കാർഷികേതര മേഖലകളിൽ കൂലിവേല ചെയ്തു ജീവിക്കുകയാണ്. മറ്റൊന്ന് വൻകിട ഭൂ ഉടമകൾ കൃഷിയേക്കാൾ ലാഭകരമായി വ്യവസായത്തേയും പണം പലിശക്ക് കൊടുക്കലിനേയും കാണുന്നു. അധികാരികളോ തിരിമറികളിലൂടെ സ്വത്ത് വാരിക്കൂട്ടുന്നു. ഇത്തരം നിർഭാഗ്യകരമായ അവസ്ഥയിലൂടെ നമ്മുടെ രാജ്യം നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് ഭാഗ്യവശാലെന്നതുപോലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വരവ്. അധികാരം ജനങ്ങൾക്ക് എന്നതാണ് അതിന്റെ മുദ്രാ വാക്യം തന്നെ.

ഇക്കാലമത്രയും ജനാധിപത്യമെന്നാൽ ജനങ്ങളുടെ മേലുള്ള ആധിപത്യമായാണ് നമുക്ക് അനുഭവപ്പെട്ടിരുന്നതെങ്കിൽ, ഇന്ന് അത് ജനങ്ങളുടെ ആധിപത്യമായിതീർക്കാനുള്ളൊരു വഴി നമുക്ക് തുറന്നു കിട്ടിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഡോ. എൻ. വി. കെയുടെ പ്രസ്താവന ഓർത്തുപോവുകയാണ്. ഇരുപതാം നൂറ്റാണ്ടിന് ശാസ്ത്രം നൽകിയ ഏറ്റവും വില പിടിച്ച ആസൂത്രണത്തിനുള്ള കഴിവ് മുമ്പ് ഏത് കാലത്തേക്കാളും മെച്ചപ്പെടുത്തിയെന്നുള്ളതാണ്. ആസൂത്രണത്തിന് ഏറ്റവും ആവശ്യമായത് എന്തൊക്കെയാണ് ? ഇന്നത്തെ ലോകഗതിയെ മനസ്സിലാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം നമ്മുടെ രാജ്യത്തിനും പ്രദേശത്തിനും ഗ്രാമത്തിനും ആവശ്യമായവ ഉണ്ടാക്കുന്നത്. അതെ നമുക്കില്ലാത്തവയെ ഉണ്ടാക്കണം. ഉള്ളവയെ തികച്ചും ഉപയോഗപ്പെടുത്തിക്കൊണ്ടായിരിക്കണം ഇല്ലാത്തവയെ കൊണ്ടുവരേണ്ടത്. ഇതാണ് ഇന്ന് ലോകം മുഴുവനും വളർന്നുവന്നിട്ടുള്ള ഒരു ചിന്താഗതി രണ്ടാം ലോക മഹാ യുദ്ധത്തിനു ശേഷം ലോക സമാധാന ചിന്ത, ഉയർന്നുവന്നതുപോലെ നമ്മുടെ ജീവിതത്തിലെ തിക്താനുഭവങ്ങൾ ചിന്തയെ കൂടുതൽ ഉണർത്തിയിരിക്കുന്നു. എന്നാൽ ആ ചിന്തകളെയെല്ലാം അട്ടി മറിച്ചുകൊണ്ട് പണമുണ്ടെങ്കിൽ എന്തും നേടാം എന്ന് ചിന്തിക്കുന്ന തരത്തിലേക്ക് നമ്മെ മാറ്റിയിരിക്കുന്നു. 1970–71ൽ ഇൻഡ്യയിലെ മൊത്തം ഭൂ വിസ്തൃതിയിൽ 1.8% മാത്രം വലിപ്പമുള്ള കേരളത്തിൽ ഇൽഡ്യയിലെ മൊത്തം നെല്ലുല്പാദനത്തിന്റെ 5.2% സംഭാവന ചെയ്തിരുന്നു.1975 ആയപ്പോഴേക്കും കേരളത്തിന്റെ ആവശ്യത്തിനുള്ള അരിയുടെ 75% ഇവിടെത്തന്നെ നാം ഉല്പാദിപ്പിച്ചിരുന്നു. ഒരുപക്ഷെ നമ്മുടെ തുടക്കം കൂടുതൽ മുന്നോട്ട് നീങ്ങിയെങ്കിൽ നാം ഭക്ഷ്യ ധാന്യ കാര്യത്തിൽ സ്വയം പര്യാപ്തതയിൽ എത്തുമായിരുന്നു. എന്നാൽ കയറ്റുമതിച്ചരക്കായ പഴങ്ങളും പച്ചക്കറികളും പൂക്കളും ഉല്പാദിപ്പിച്ച് വിദേശനാണ്യം നേടാനാണ് നമ്മെ പ്രേരിപ്പിക്കുന്നത്. 1970ൽ 32 രൂപയും 78ൽ 14 രൂപയും വിലയുണ്ടായിരുന്ന കൊക്കോക്കായ് 80ൽ 5 രൂപയായും അവസാനം ആർക്കും വേണ്ടാതായതുമായ കഥ നമ്മുടെ നാട്ടുകാർ മറക്കുന്നു. ഇപ്പോഴും സൗജന്യ നിരക്കിൽ കൊക്കോത്തൈയ്യും വളങ്ങളും കിട്ടുമ്പോൾ നാം എല്ലാം മറക്കുന്നു. ഈ മറവി ഇനി ഒരിക്കലും രക്ഷ പെടാനാവാത്ത അഗാധ ഗർത്തത്തിലേക്കായിരിക്കും നമ്മെ എത്തിക്കുക എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക.

ഇതുവരെ വികസന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങളെല്ലാം ആദ്യം കേന്ദ്രത്തിലും പിന്നീട് സംസ്ഥാനങ്ങ

ളിലും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുകയാണ് ചെയ്തിരുന്നത്. എന്നു പറഞ്ഞാൽ ആസൂത്രണം അതിന്റെ പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായിരുന്നു. പദ്ധതികളുടെ ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ജന പങ്കാളിത്വമുണ്ടായിരുന്നില്ല. ഈ സാഹചര്യങ്ങളെല്ലാം വിലയിരുത്തിക്കൊണ്ടാണ് ഇന്നത്തെ ഇ. കെ. നായ്നാർ ഗവൺമെന്റ് നിയമിച്ച ആസൂത്രണ ബോർഡ് പുതിയ വികസന പരിപാടികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. അതിന്റെ ഫലമായി ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ 35-40% എങ്ങനെ ചെലവ് ചെയ്യണമെന്ന് വിവിധ തട്ടിലുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അവക്ക് നിർവ്വചിക്കപ്പെട്ടിരിക്കുന്ന പരിധിക്കുള്ളിൽ നിന്ന് തീരുമാനിക്കാനുള്ള അവസരം സിദ്ധിച്ചിരിക്കുന്നു. പ്രാദേശിക സ്വയം ഭരണ സമതികളെന്ന നിലയിൽ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുവാൻ ഈ പ്രവർത്തനം കൊണ്ട് സാദ്ധ്യമാകും. കേരളത്തിൽ നിലവിലിരിക്കുന്ന പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ഒരു പ്രധാന കടമയാണ് പഞ്ചായത്തിന്റെ ദീർഘകാല സമഗ്ര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നുള്ളത്. ഈ മാസ്റ്റർ പ്ലാൻ പ്രകാരമായിരിക്കണം വാർഷിക പദ്ധതികൾക്ക് രൂപം നല്കേണ്ടത്. ഈ സാഹചര്യത്തിൽ ജന പങ്കാളിത്വത്തോടെ എങ്ങനെ സ്ഥായിയായ വളർച്ചയിലൂന്നുന്ന പദ്ധതികൾക്ക് രൂപം നല്കാമെന്നതാണ് നമ്മുടെ വികസന സെമിനാറിന്റെ ലക്ഷ്യം.

ഭൂ ജല പ്രകൃതിയോടൊപ്പം ഓരോ പ്രദേശത്തെയും ജനപ്രകൃതിയും അവരുടെ ആഗ്രഹങ്ങളും കൂടി പഠിച്ചാലേ വികസന പദ്ധതികൾക്ക് പൂർണ്ണ രൂപം കിട്ടൂ. അത്തരമൊരു പൂർണ്ണതയ്ക്ക് വിഭവ ഭൂപടനിർമ്മാണം അനിവാര്യമാണ്. വിഭവ ഭൂപട നിർമ്മാണത്തിന് ഉന്നത ശാസ്ത്രകാരൻമാരുടെ സഹായം വേണ്ടതുകൊണ്ടും അടിയന്തിരമായി ഒൻപതാം പഞ്ചവത്സര പദ്ധതി വിഹിതത്തിനു വേണ്ടി നമ്മുടെ പദ്ധതി തയ്യാറാക്കേണ്ടതുകൊണ്ടും ഇവിടെ ഓരോരുത്തരും സ്വന്തം ബുദ്ധിയും കൂട്ടു ചേർന്നുള്ള ചിന്തയും ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

അതിന്റെ പ്രഥമ ഘട്ടം എന്ന നിലയിൽ പഞ്ചായത്തിലെ എട്ടു വാർഡുകളിലും വിശേഷാൽ ഗ്രാമ സഭകൾ ചേരുകയുണ്ടായി. കാലഘട്ടത്തിന്റെ പ്രത്യേകതയോ മുൻ അനുഭവങ്ങളുടെ തിക്തതയോ ഗ്രാമ സഭയിലെ ഹാജർ നില അത്ര ത്രിപ്തികരമായിരുന്നില്ല. എങ്കിലും ജനകീയാസൂത്രണം നടപ്പാക്കേണ്ടതിനേക്കുറിച്ച് സംസ്ഥാന ജില്ലാ പരിശീലനം ലഭിച്ചവരും ജില്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളും അറിവുള്ള ഗ്രാമീണരും ഉദ്യോഗസ്ഥരും ചേർന്നപ്പോൾ ഗ്രാമസഭയിലെ ചർച്ച ഉയർന്ന നിലവാരം പുലർത്തിയിരുന്നു. ഗ്രാമ സഭയിലെ ചർച്ചയിൽ നിന്നും ഉയർന്ന അഭിപ്രായങ്ങൾ പഞ്ചായത്തിൽ തലങ്ങും വിലങ്ങും നടന്നപ്പോൾ കിട്ടിയ പ്രകൃതി വിഭവ വിലയിരുത്തലും സാമൂഹ്യ സാമ്പത്തിക സർവ്വേയും ചേർന്നാണ് നാം ഇന്ന് ഈ റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്. എന്നാൽ സാമൂഹ്യ സാമ്പത്തിക സർവ്വേയുടെ ചില സാമ്പിൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ.

കേരളത്തിലെ മുന്നൂറ്റി പന്ത്രണ്ട് ലക്ഷം ജനങ്ങളിൽ അൻപത്തിയേഴു ലക്ഷവും വിദ്യാർത്ഥികളാണ്. 197000 അദ്ധ്യാപകരുണ്ട്. സർക്കാരിന്റെ വരുമാനത്തിന്റെ നല്ലൊരു ശതമാനവും ഈ വിദ്യാഭ്യാസത്തിനു നാം ചിലവു ചെയ്യുന്നു. ഒരു പ്രൈമറി വിദ്യാർത്ഥിക്ക് 1579 രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിക്ക് 2633 രൂപയും ഓരോ വർഷവും സർക്കാർ ചിലവു ചെയ്യുന്നു. രക്ഷാകർത്താക്കളുടെ ചെലവ് വേറെയും. ഇങ്ങനെ പഠിച്ചു വരുന്ന കുട്ടികൾ ഭൂരിപക്ഷവും ഇന്നു നമ്മുടെ നാടിനു ചെയ്യുന്ന നന്മ എന്ത് എന്ന് ഇനിയും നാം ചിന്തിക്കണം. അതിന് അനുസരണമായി വേണം ഇനിയും വിദ്യാഭ്യാസ പദ്ധതി മുന്നോട്ടു നീക്കാൻ.

ഇന്നു നാം ആരംഭിച്ചിരിക്കുന്ന ജനകീയാസൂത്രണ ശൈലിക്ക് നാടിന്റെ യഥാർത്ഥ ആവശ്യങ്ങൾ കണ്ടെത്താനും അതിനനുസരണമായി വിദ്യാഭ്യാസ രീതി പുന: സംവിധാനം ചെയ്യാനും സാധിച്ചാൽ അതായിരിക്കും ഈ നാടിനോടു ചെയ്യുന്ന ഏറ്റവും വലിയ സേവനം.

കൃഷികൾ, കാലിവളർത്തൽ, വസ്ത്ര നിർമ്മാണം, വീട്നിർമ്മാണം, ഇഷ്ടിക നിർമ്മാണം, മരപ്പണി, കൽപ്പണി, ഇരുമ്പുപണി, യന്ത്രങ്ങളുടെ നന്നാക്കൽ തുടങ്ങി നമ്മുടെ നിത്യ ദീവിതത്തിന് അത്യന്താപേക്ഷിതമായ അനേക പണികളിൽ ഏതിനെങ്കിലും ഇന്നത്തെ വിദ്യാഭ്യാസം ഉപകരിക്കുമോ! ഉയർന്ന സാങ്കേതിക വിദ്യ കൈവശമുള്ളവരിൽത്തന്നെ വളരെ ചുരുക്കമേ നമുക്ക് ഇന്ന് ഉപകരിക്കുന്നുള്ളൂ. ഇതു മാറ്റി വിദ്യാഭ്യാസമെന്നാൽ നല്ല ജീവിതത്തിന് എന്ന് നാം തിരുത്തിയെഴുതണം.

ഭൂ വിനിയോഗത്തിന്റെ മുഴുവൻ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തിട്ടുള്ള റവന്യൂ വകുപ്പ് സാങ്കേതികത്വത്തിന്റെ നൂലാമാലയിൽ കുടുക്കി സാധാരണക്കാരനെ വിഷമിപ്പിക്കുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. അവനൊരു വീട് വയ്ക്കുന്നതിന് വരുമാനത്തിന്റെയും, ജാതിയുടെയും സർട്ടിഫിക്കറ്റുകൾ ഉൾപ്പടെ ഏതെങ്കിലുമൊരു സർട്ടിഫിക്കറ്റിനു വേണ്ടി ചിലപ്പോൾ ആഴ്ചക്ൾ വരെ നടക്കേണ്ടി വരുന്നു. പട്ടിക ജാതിക്കാരന് ജാതി തെളിയിക്കണമെങ്കിൽ തഹസീൽദാർ തന്നെ കനിയണം. അവന്റെ ദിവസങ്ങൾക്ക് മറ്റുള്ളവരുടേതിനേക്കാൾ ഇന്നും വളരെ വില കുറവാണ്. അതുകൊണ്ട് ജാതി സർട്ടിഫിക്കറ്റ് കൊടുക്കുവാനുള്ള പരമാധികാരം പഞ്ചായത്തിന് കൊടുക്കുകയാണ് വേണ്ടത്.

4

ചരിത്രത്തിലേക്കൊരെത്തിനോട്ടം

നമ്മുടെ ഈ കൊച്ചു ഗ്രാമം ദുരിതങ്ങളുടെ നീർച്ചാലിൽ അനേകകാലം നീന്തിതുടിച്ചതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പോലും ഭൂ പ്രഭുക്കളും കാര്യസ്ഥരും അടിയാന്മാരും ചേർന്ന ഒരു സാമൂഹ്യ വ്യവസ്ഥയാണിവിടെ നിലനിന്നിരുന്നത്. കുപ്പയിൽ കുഴി കുത്തി ഇലക്കുമ്പിളിലും പാളയിലും അവ്ർ കരിക്കാടി കഴിച്ചിരുന്നു! കഞ്ഞി എന്ന പദം ഉപയോഗിക്കാൻ പോലും അടിയാളൻമാർക്ക് അവകാശമുണ്ടായിരുന്നില്ല. അന്നത്തെ അടിയാത്തികൾ ഇന്നത്തെ ലോക സുന്ദരിമാരെപ്പോലെയാണ് വസ്ത്രം ധരിച്ചിരുന്നത്. മുട്ടിനു മുകളിൽ ഒരു തുണ്ട് തുണി. മാറു മറക്കാൻ അവർക്കവകാശമുണ്ടായിരുന്നില്ല. പ്രകാശം വീഴുമ്പോൾ മുതൽ പണിയെടുക്കുക, കൂലി ചോദിച്ചാൽ അടി കിട്ടുക ഇതാണ് നിയമം. ഒരു ദിവസം മുഴുവൻ പണിയെടുത്താൽ പുരുഷന് ഒന്നേകാൽ ഇടങ്ങഴി നെല്ല്. ഇന്നത്തെ കണക്കനുസരിച്ച് ഏകദേശം ഒരു കിലോ നെല്ല് അതായിരുന്നു കൂലി. അടിയാത്തിയ്ക്ക് മുക്കാൽ കിലോയും.

അന്ന് കാട് തെളിച്ച് കൃഷി ചെയ്ത് കാത്തു കിടന്ന് വിളവെടുത്ത് ജന്മിക്ക് കൊടുക്കേണ്ട ചുമതല അടിയാന്റേതായിരുന്നു. അടിയാൻ കാവൽ പോകുമ്പോൾ അടിയാത്തി അനുഭവിക്കേണ്ടിവരുന്ന പീഠനം ഇവിടെ വിവരിക്കുന്നില്ല. തമ്പുരാട്ടിയെ അനുസരിച്ചാലും ഇല്ലെങ്കിലും അടിയാനും പീഠനമാണ്. ധരിക്കാൻ വസ്ത്രങ്ങളോ കിടക്കാൻ മറയുള്ള കുടിലോ ഇല്ല. വിലയ്ക്കു വാങ്ങിയതും ജന്മം കൊണ്ട് അടിയാനായിരുന്നതുമായവരെ മരത്തിൽ കെട്ടി അടിയ്ക്കാനും, പോത്തിനു പകരം വയലിൽ ഉഴുവിക്കാനും, വെട്ടിയോ, വെടി വച്ചോ കൊല്ലാനും തമ്പ്രാക്കൾക്കധികാരമുണ്ടായിരുന്നു. അനേകം അടിയാന്മാരുടെരക്തം വീണ് കുതിർന്നതാണ് കോടിക്കുളം പഞ്ചായത്തിന്റെ മണ്ണ്. എന്നാൽ തിരുവായ്ക്കെതിർവായ് തുറന്ന ആരുടെയും ചരിത്രം ഇന്നുവരെ നമുക്കില്ല. മറിച്ച് കിളപ്പാട്ടിലും കളപറിപ്പാട്ടിലും, ഞാറ്റുപാട്ടിലും ഈണം മറന്ന വിധം ഇന്നും ചില ഈരടികൾ അങ്ങിങ്ങ് മൂളുന്നത് കേൾക്കാം. അതും ഇന്നവസാനിക്കാൻ തുടങ്ങുകയാണ്.

നമ്മുടെ പഞ്ചായത്തിന് സഹസ്രാബ്ദങ്ങളുടെ കഥയുണ്ട്. കണ്ണമ്പുഴ തണ്ടാന്മാർ ഇവിടെ മുളച്ചുണ്ടായതാണെന്നാണ് ഐതീഹ്യം. പതിനാറ് ഏക്കർ സ്ഥലത്തിന് കരം കെട്ടിയിരുന്ന ആദ്യത്തെ ജന്മി! നാല്പത് പോത്തുകളും കുടി നിറയെ അടിയാന്മാരും, തൊഴുത്തു നിറയെ പശുക്കളുമായി വാണ കാലങ്ങൾ! പ്രായമായവരിൽപ്പോലും കേഴ്വിയുടെ തരംഗങ്ങൾ മാഞ്ഞു തുടങ്ങി. അക്കാലത്തൊരിക്കൽ (1746-50) കാലഘട്ടത്തിൽ മാർത്താണ്ഡവർമ്മയുടെ പടയോട്ടം ഈ വഴി വന്നു. അന്ന് കാരിക്കോട് കേന്ദ്രമായി ഭരിച്ചിരുന്ന വടക്കുംകൂർ രാജാവിനെ മാർത്താണ്ഡവർമ്മ തോല്പ്പിച്ച സമയം പൊന്നും പണവും കാഴ്ചവച്ചാണ് കണ്ണമ്പുഴക്കാർ തണ്ടാൻസ്ഥാനം നേടിയത്. ഇതുകൂടാതെ ദ്രാവിഡ സംസ്ക്കാരത്തിന്റെ അവശിഷ്ടമായ സർപ്പക്കാവ് ഈ അടുത്ത കാലം വരെ കണ്ണമ്പുഴ തറവാട് പുരയിടത്തിലുണ്ടായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും പഞ്ചായത്തിലെങ്ങും ദ്രാവിഡസംസ്ക്കാരത്തിന്റെ ഓർമ്മ നില നിർത്താൻ മുഖമില്ലാത്ത ദേവീ വിഗ്രഹ ക്ഷേത്രങ്ങളും, സർപ്പക്കാവുകളും, ശിവ സുബ്രമണ്യ ഗണപതിമാരുടെ പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളും, ബുദ്ധമത കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്ന ശാസ്താക്ഷേത്രങ്ങളും അങ്ങിങ്ങ് കാണാം.

കോടിക്കുളത്തിന്റെ പൊരുൾ

ഒരിക്കൽ തമിഴ് രാജാക്കന്മാരുടെ യുദ്ധകാലത്ത് മധുര രാജാവിന്റെ കൊട്ടാരത്തിലെ നാലു രാജകുമാരിമാരെ അപ്പോൾ യുദ്ധവിമുക്തമായിരുന്ന കേരളത്തിലേക്ക് രാജസേവകരായ മുതുവാന്മാരോടൊപ്പം അയച്ചു. അവർ മൂന്നാർ വഴി നേരിയമംഗലത്തെത്തി സമാധാനമായി താമസിക്കുന്ന കാലം ഇളയ രാജകുമാരി ഒരു മുതുവാനെ തീണ്ടുകയും (മുതുവാൻ കോരി വച്ച വെള്ളം അറിയാതെ കുടിച്ചെന്നാണ് പഴമൊഴി) ആ തീണ്ടൽ മറ്റുള്ളവർക്കപമാനമാവുകയും, അപമാനം സഹിക്ക വയ്യാതെ അവർ സേവകരോടൊപ്പം നാടു വിടുകയും, ഇന്നത്തെ ഉടുമ്പന്നൂർ പഞ്ചായത്തിലെ അമയപ്രയിലെത്തി താമസമാരംഭിക്കുകയും അധികകാലം കഴിയും മുൻപ് അവർ കോടിക്കുളത്ത് വരികയും ചെയ്തു.

അന്ന് പൂഞ്ഞാർ രാജാവിന്റെ കാര്യസ്ഥരായിരുന്ന കുന്നപ്പിള്ളി ഭവനക്കാർ ഈ പ്രദേശത്തിന്റെ ഏതാനും ഭാഗത്ത് കരം പിരിച്ച് കാര്യം നടത്താൻ കാളിയാർ പുഴയുടെ ചേലക്കടവിന് കരയിൽ തെന്നത്തൂരിൽ താമസമുണ്ടായിരുന്നു. ഇന്നത്തെ കോട്ടയം ജില്ലയിലെ മേലുകാവുമറ്റത്തിൽ നിന്നും വടക്കുംകൂർരാജാവിന്റെ കാലത്തു തന്നെ കുന്നപ്പിള്ളി ഭവനക്കാർ ഇവിടെയെത്തിയെന്നാണ് പഴമൊഴികളിൽ നിന്നും അറിയുന്നത്. അതെന്തായാലും, തല്ലാനും, കൊല്ലാനും ഉള്ള സർവ്വാധികാരങ്ങളോടെയാണവർ വാണി

രുന്നത്.

ഇതിനിടെ മൂന്ന് രാജകുമാരികളിൽ ഒരാളെ പൂഞ്ഞാർ രാജാവ് കൊണ്ടുപോവുകയും, മറ്റു രണ്ടു പേരും കുന്നപ്പിള്ളി ഭവനത്തിൽ എത്തുകയും ചെയ്തുവെന്നും, അതിൽ ഒരാളെ മണ്ണനാട്ടു ഭവനത്തിലും, മറ്റൊരാളെ മാടപ്പിള്ളി ഭവനത്തിലും താമസിപ്പിച്ചു എന്നുമാണ് ഐതിഹ്യം. അവരുടെ സന്തതി പരമ്പരകളാണ് ഇന്നും കുന്നപ്പിള്ളി, മാടപ്പിള്ളി, മണ്ണനാട്ടു ഭവനങ്ങളിലും അടുത്തും താമസിക്കുന്നവർ.

മാടപ്പിള്ളി ഭവനത്തിൽ അന്നു താമസിക്കപ്പെട്ട തമ്പുരാട്ടിയ്ക്ക് ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ മലയടിവാരത്താണ് താമസ സൗകര്യം കിട്ടിയത്. അവിടെ അടുത്തുണ്ടായിരുന്ന ഒരു നീർച്ചാൽ തൽക്കാലം വിസ്താരപ്പെടുത്തി കല്ലു പാകി കുളിയും തേവാരവും കഴിച്ച് താമസമാരംഭിച്ച കാലത്ത്, അന്നൊരിക്കൽ പൂഞ്ഞാർ തമ്പുരാട്ടി സഹോദരിയെ കാണാൻ എഴുന്നള്ളുകയും താമസസ്ഥലത്തെത്തും മുമ്പ് വഴിയിൽ വൃത്തവും ചതുരവുമല്ലാത്ത ഒരു കുളം കാണുകയും, ഒരു ഭംഗിയുമില്ലാതെ, വാതരോഗിയുടെ ചുണ്ട് കോടിയതുപോലുള്ള ഈ കുളം ആര് കുത്തിയതെന്ന് ചോദിക്കുകയും അന്ന് മുതൽ ആ കുളത്തിനും ഈ കരയ്ക്കും കോടിക്കുളമെന്ന പേരു വീണു എന്നുമാണ് ഐതിഹ്യം.

ഇങ്ങനെ കൊല്ലും, കൊലയും പ്രതാപവുമായി ഭവനങ്ങൾ വാഴുന്ന കാലത്ത് അടിയാന്മാരുടെ തീണ്ടൽ വലിയ ശാപമായിരുന്നു. തീണ്ടൽ മൂലം എണ്ണ, ഉപ്പ്, പഴങ്ങൾ തുടങ്ങി ഭക്ഷ്യ വസ്തുക്കൾ പോലും ഉപേക്ഷിക്കേണ്ടി വന്ന കാലത്ത് എന്നോ മറ്റ് മതക്കാർ തൊട്ടാൽ അത് ശുദ്ധമാകുമെന്ന് ഒരു നിയമമുണ്ടായി.

അങ്ങനെ അടിയാൻ തൊട്ടോ തീണ്ടിയോ അശുദ്ധമായവ ശുദ്ധീകരിക്കാൻ അന്യമതക്കാരനെ അന്വേഷിച്ചു ചെന്നപ്പോൾ മുണ്ടക്കാമറ്റം എന്നൊരു ക്രിസ്തീയ കുടുംബത്തെ നാകപ്പുഴപ്പള്ളിക്കടുത്ത് കണ്ടെത്തുവാൻ കഴിഞ്ഞു.

പോൾ മുണ്ടയ്ക്കാമറ്റം പറഞ്ഞ കഥ

ക്രിസ്തു വർഷം 52ൽ തോമാശ്ലീഹാ ഇരിങ്ങാലക്കുടയിലെ 32 നമ്പൂതിരി കുടുംബങ്ങളെ ജ്ഞാനസ്നാനം ചെയ്യിച്ച ശേഷം പറവൂർ എത്തിയപ്പോൾ അവിടെ ചങ്ങനാട്ടുമനയിലെ ഒരു കുടുംബത്തിന് ജ്ഞാനസ്നാനം ചെയ്യണമെന്ന തോന്നിയെന്നും അദ്ദേഹം തോമാശ്ലീഹായെ ചെന്നുകാണുകയും ഭാര്യയും മക്കളും ഉൾപ്പെടെ എല്ലാവരും മതം മാറുകയും ചെയ്തുവെന്നും, ഇത് മറ്റ് ബന്ധുക്കൾക്ക് അപമാനമായി തോന്നിയപ്പോൾ അവർ നമ്പൂതിരിയെ ഒറ്റപ്പെടുത്തുകയും അധിക്ഷേപിക്കുകയും ചെയ്തുവെന്നും ഇതു സഹിക്കാനാവാതെ ചങ്ങനാടൻ പറവൂരിൽ നിന്നും ആരക്കുഴയിൽ വന്ന് താമസം തുടങ്ങുകയും, മക്കളെ 'വള്ളിക്കട' കളരിയിൽ ആയുധാഭ്യാസങ്ങൾ പഠിപ്പിക്കുകയും അവർ ശരിക്കും അഭ്യാസികളായിത്തീർന്നപ്പോൾ ആരക്കുഴയിൽനിന്നും നാകപ്പുഴയ്ക്ക് താമസം മാറ്റുകയും ചെയ്തു. ഈ കഥകളറിഞ്ഞ് മാടപ്പിള്ളി ഏറെ സന്തോഷിക്കുകയും മുണ്ടക്കാമറ്റത്തെ കൂട്ടിക്കൊണ്ട് വന്ന് ശത്രുക്കളേയും അടിയാന്മാരേയും അടക്കിനിർത്തി എന്നുമാണ് കഥ.

എന്നാൽ മുണ്ടക്കാമറ്റം ഇവിടെ എത്തുന്നതിനുമുമ്പുതന്നെ വണ്ടമറ്റത്തുണ്ടായിരുന്ന ഇടശ്ശേരിമന വിലയ്ക്കു വാങ്ങി മറ്റൊരു ക്രിസ്തീയ കുടുംബം പാർപ്പ് ഉറപ്പിച്ചിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കാപ്പിലച്ചൻ കോടിക്കുളത്തു വന്നെന്നും തീർത്തും ദു:ഖാവസ്ഥയിൽ കിടന്ന അടിയാന്മാരെ കണ്ടെന്നും ഈ കാഴ്ചയിലുണ്ടായ ദു:ഖമോ, തന്റെ മതാനുയായികളെ സൃഷ്ടിക്കുവാനുള്ള വ്യഗ്രതയോ, അദ്ദേഹം അരമനയിൽ നിന്നും അനുവാദം വാങ്ങി കോടിക്കുളത്തൊരു പള്ളി വച്ച് അടിയാന്മാരെ ജ്ഞാനസ്നാനം ചെയ്യിച്ചുവെന്നും ഒരു കഥയുണ്ട്.

ഇതിനൊക്കെ വളരെ മുമ്പ് തന്നെ പള്ളിമുക്കിൽ തമ്പിയും, പുഴക്കരയും, വണ്ടനാക്കരയും, പുൽപ്പറമ്പനും, തോട്ടുപാടനും, വടക്കേക്കരയും, പൊട്ടനാനിയും തുടങ്ങി അനേകം കുടുംബങ്ങൾ ഇവിടെ ഉണ്ടായിരുന്നെന്നാണ് കാരണവന്മാർ പറയുന്നത്.


എന്നാൽ അടിമകളുടെയോ, അടിയാന്മാരുടെയോ, കർഷകരുടെയോ ഏതെങ്കിലും സമരം ഇവിടെ നടന്ന ചരിത്രമില്ല.

തകരുന്ന ചരിത്ര സ്മാരകം

കോടിക്കുളം പഞ്ചായത്തിലെ ഏതാനും വാർഡുകളിൽക്കൂടി കടന്നുപോകുന്ന കോട്ടറോഡ് എന്ന നാമത്തിൽ അറിഞ്ഞുവരുന്ന റോഡ് സൂക്ഷ്മ നിരീക്ഷണം നടത്തിയാൽ അതിനെ ഒരു കാലഘട്ടത്തിന്റെ ചരിത്ര രേഖയായി നമുക്ക് മനസ്സിലാക്കാൻ കഴിയും. തെക്കങ്കൂർ, വടക്കങ്കൂർ രാജാക്കൻമാർ തങ്ങളുടെ രാജ്യാതിർത്തിയായി കാലങ്ങൾക്കു മുമ്പ് തീർത്ത ഒരു കോട്ടയുടെ അവശിഷ്ടങ്ങൾ പലതും ഇവിടെ അവശേഷിക്കുന്നു. മധുര മുതൽ കൊച്ചി വരെ ദൈർഘ്യം ഉണ്ടായിരുന്ന ഈ കോട്ട പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ നിർമ്മിച്ചതായി അനുമാനിക്കാം. ഏകദേശം 100 ലിങ്ക്സ് വീതിയിൽ തീർത്തിരിക്കുന്ന ഈ കോട്ടയിൽ അവിടവിടെ വട്ടക്കോട്ടകളും തീർത്തിരിക്കുന്നതായി കാണാം. 1946-50 കാലഘട്ടത്തിൽ വടക്കുംകൂറിലെ പ്രതാപശാലിയായിരുന്ന മാർത്താണ്ഡവർമ്മ യുദ്ധത്തിൽ തോൽപ്പിച്ചതോടെ കോട്ടയുടെ ആവശ്യമില്ലാതായിത്തീർന്നു. വീതിയേറിയ കിടങ്ങുകളിലെ മണ്ണ് തിട്ടകളാക്കി അതിൽ മുളകൾ വരിയായി വച്ച് പിടിപ്പിച്ച് കോട്ടയ്ക്ക് സ്ഥിര സംരക്ഷണം നൽകിയിരുന്നതായി കാണാൻ കണിയും. എന്നാൽ ഇന്ന് കർഷകർ തങ്ങളുടെ ചെറു പുരയിടങ്ങളിലൂടെ, അവശേഷിച്ച കോട്ടമതിലുകൾ താന്താങ്ങളുടെ സൗകര്യർത്ഥം പരിവർത്തനവിധേയമാക്കിയിരിക്കുന്നു. അതിനാൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള പ്രസ്തുത സ്മാരകം നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്.

5.1

കൃഷി ജലസേചനം



ഇന്ന് ഇൻഡ്യൻ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി വളരെ വലുതാണ്. ഭക്ഷ്യ ധാന്യങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുവാനായി നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കിയതിനു ശേഷം നാണ്യ വിളകളുടെ ഉല്പാദനം വർധിപ്പിക്കാൻ നല്കുന്ന സഹായം, ഭക്ഷ്യ ധാന്യങ്ങൾ പോലും കയറ്റുമതി ചെയ്യുവാൻ നടക്കുന്ന അണിയറ നീക്കങ്ങൾ എന്നിവയാണ് പുതിയ പരിഷ്ക്കാരങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ. ഇതു മുന്നിൽ കണ്ടു കൊണ്ടായിരിക്കണം നമ്മുടെ ഭക്ഷ്യനിലയെ സ്വയം പര്യാപ്തതയിലെത്തിക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ!

കാർഷികമേഖല അതിന്റെ വിശാലമായ അർത്ഥത്തിൽ വിള പരിപാലനത്തിനൊപ്പം ഭൂമിയുടെ വിനിയോഗവുമായി ബന്ധപ്പെട്ട മൃഗപരിപാലനം, മത്സ്യം വളർത്തൽ, വന പരിപാലനം എന്നീ മേഖലകൾകൂടി ഉൾക്കൊള്ളുന്നതാണ്! കേരളത്തിന് പ്രകൃതിദത്തമായി ലഭിച്ചിരിക്കുന്ന സമ്പുഷ്ടമായ കാർഷിക പശ്ചാത്തലം വൈവിദ്ധ്യമാർന്ന ഒരു വിള വിന്യാസത്തിനും അതുവഴി ഭൂമിയിൽ നിന്നുമുള്ള ശരാശരി വരുമാനത്തിന്റെ ദേശീയ ശരാശരിയേക്കാൾ ഇരട്ടിയോളം സ്വായത്തമാക്കുന്നതിനും സഹായകമായിട്ടുള്ളതാണ്.

നെല്ല്, നാളികേരം എന്നിവയുടെ ഉത്പാദന ക്ഷമതയിലുണ്ടാകുന്ന കുറവാണ് കാർഷികരംഗത്ത് നാം നേരിടുന്ന വെല്ലുവിളികൾ. പാവപ്പെട്ടവന്റെ മാംസ്യാഹാരമായ പയർ കൃഷി ഏറെ വികസിപ്പിക്കേണ്ടിയിരിക്കുന്നു. വാഴകൃഷിക്ക് അനുഗുണമായ കാലാവസ്ഥയാണ് നമ്മുടേത്. പച്ചക്കറി കൃഷിയിൽ വീട്ടമ്മമാർക്ക് വേണ്ട പരിശീലനം കൊടുക്കുകയും അടുക്കളത്തോട്ടത്തിനു വേണ്ട സഹായം ചെയ്യുകയും ചെയ്യുക.

കോടിക്കുളം പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ കൃഷി വ്യാപകമായിരുന്നു. ഈ പഞ്ചായത്തിന്റെ ഭൂ പ്രകൃതി കുന്നും ചെരുവുകളും താഴ്വരകളുമായി കാണപ്പെടുന്നു. കുന്നിൻ ചെരുവുകളിൽ സാമാന്യം വളക്കൂറുള്ള ചെമ്മണ്ണും താഴ്വരകളിൽ പശിമരാശി മണ്ണുമാണ് കണ്ടു വരുന്നത്.

സുഗന്ധ വ്യഞ്ജനങ്ങളുടെ കലവറയായിരുന്ന ഈ പ്രദേശത്ത് കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം ഇവ സമർദ്ധിയായി വളർന്നിടുന്നു. കുരുമുളകൊഴികയുള്ള മറ്റ് സുഗന്ധ വ്യഞ്ജനങ്ങൾ ആവർത്തന കൃഷിയായി ചെയ്തു വന്നിരുന്നു. ഈ കാലഘട്ടങ്ങളിൽ ഉയർന്ന പ്രദേശങ്ങളിൽ ഇഞ്ചിപ്പുല്ല് (തെരുവ) കൃഷിയും വ്യാപകമായിരുന്നു.

കരഭൂമിയിൽ തെങ്ങ്, കമുക്, കശുമാവ്, പ്ലാവ്, മാവ്, കാപ്പി തുടങ്ങിയ ദീർഘകാല വിളകളും സമൃദ്ധിയായി വളർന്നിരുന്നു.

മരച്ചക്കുകൾ ഉപയോഗിച്ച് കൊപ്ര ആട്ടി എണ്ണയെടുത്ത് ഉപയോഗിച്ചിരുന്നു. ഈ പഞ്ചായത്തിൽ മൂന്ന് സ്ഥലങ്ങളിൽ (വണ്ടമറ്റം, പടിഞ്ഞാറേ കോടിക്കുളം, കോടിക്കുളം) മൃഗങ്ങളെ ഉപയോഗിച്ച് കൊപ്ര ആട്ടുന്ന സംവിധാനം നിലവിലിരുന്നിരുന്നു. ഇവിടെ ഉല്പാദിപ്പിച്ചിരുന്ന എണ്ണ വള്ളം, കാളവണ്ടി, എന്നിവ ഉപയോഗിച്ച് ആലപ്പുഴ മാർക്കറ്റിൽ വിറ്റിരുന്നു. അവിടെനിന്നും പുകയില, ഉപ്പ് എന്നിവ തിരികെ ഇറക്കുമതി ചെയ്തിരുന്നു. നെല്ലിന്റെ ദൗർല്ലഭ്യം പരിഹരിക്കുന്നതിനായി കരഭൂമികളിൽ വിരിപ്പ് കൃഷിയും അതോടൊപ്പം തന്നെ ഭക്ഷ്യാവശ്യത്തിനുള്ള മരച്ചീനി, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്തിരുന്നു.

താഴ്വരകളിൽ നെൽകൃഷി ചെയ്തു വന്നിരുന്നു. ആദ്യ കാലങ്ങളിൽ മൂന്ന് പൂവ് കൃഷി നടത്തിയിരുന്നു. അക്കാലത്ത് നെല്ല് പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായിരുന്നു. കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കൂലി കൊടുത്തിരുന്നത് നെല്ലായിരുന്നു.

ഈ പഞ്ചായത്തിൽ കൃഷിയോഗ്യമായ 46 ഹെക്ടർ തരിശുഭൂമിയും, കൃഷിക്കനുയോജ്യമല്ലാത്ത 157 ഹെക്ടർ



ഭൂമിയും പാറ, പുറംമ്പോക്ക് മുതലായ 111 ഹെക്ടർ സ്ഥലവുമുണ്ട്.

ആദ്യ കാലങ്ങളിൽ നെൽപ്പാടങ്ങളിൽ മുണ്ടകൻ കൃഷി നടത്തിയിരുന്നു. വിരിപ്പ് (ആദ്യകൃഷി) കൃഷിയിൽ ദീർഘകാല മൂപ്പുള്ള നെൽവിത്തും, ഹ്രസ്വ കാല മൂപ്പുള്ള നെൽവിത്തും കൂട്ടിക്കലർത്തി കൃഷി ചെയ്തിരുന്നു. കൃഷി ച്ചെലവ് കുറക്കുന്നതിനാണ് ഈ രീതി അവലംബിച്ചിരുന്നത്. ഹ്രസ്വകാല മൂപ്പുള്ള വിത്തുകൾ 140 ദിവസത്തിനകവും ദീർഘകാല മൂപ്പുള്ള വിത്തുകൾ 280 മുതൽ 300 ദിവസത്തിനുള്ളിലും വിളവെടുത്തിരുന്നു. അക്കാലത്ത് സുലഭമായിരുന്ന പച്ചില വളം, ചാണകം, ചാരം എന്നിവയാണ് പ്രധാനമായും വളമായി ഉപയോഗിച്ചിരുന്നത്. ജല സേജനത്തിനായി മഴയെ മാത്രം ആശ്രയിച്ചിരുന്നു. അതോടൊപ്പം കലപ്പയും, മൃഗങ്ങളെയും ഉപയോഗിച്ചാണ് നിലം ഉഴുതു വന്നിരുന്നത്. ജന്മി കുടിയാൻ വ്യവസ്ഥ നിലവിലിരുന്ന ആ കാലഘട്ടത്തിൽ കർഷകതൊഴിലാളികൾ സുലഭമായിരുന്നു.

1958-ലെ കേരളാ ഭൂ പരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ കുടിയാന്മാർക്ക് (കൃഷിക്കാർക്ക്) കൃഷി ഭൂമി സ്വന്തമാവുകയും, അവർ തന്നെ കൃഷി ചെയ്യുന്ന സംവിധാനവും നിലവിൽ വരികയും ചെയ്തു. കൃഷിഭൂമി ചെറു തുണ്ടുകളായി വിഭജിക്കപ്പെട്ടുവെങ്കിലും നെൽകൃഷിയുടെ കാര്യത്തിൽ ഒരേ കാലയളവിൽ നിലം ഉഴുത് കൃഷിയിറക്കുന്ന സമ്പ്രദായമാണ് തുടർന്നുപോന്നത്.

1968-ഓടു കൂടി കൃഷി വകുപ്പ് വിപുലീകരിക്കുകയും, നവീന നെൽവിത്തിനങ്ങൾ പ്രാബല്യത്തിൽ വരികയും അവ കൃഷിക്കാർക്ക് വിതരണം ചെയ്തതിന്റെ ഫലമായി നെല്ലുല്പാദനത്തിൽ വൻ പുരോഗതിയുണ്ടാകുകയും വിളവിന്റെ കാല ദൈർഘ്യം കുറയുകയും ചെയ്തു. പുതിയതായി നിലവിൽ വന്ന നെൽ വിത്തിനങ്ങൾ ഐ. ആർ.8, ജയ, ഐ. ആർ. 20, ഭാരതി, ജോതി, കുഞ്ഞൂഞ്ഞ് എന്നിവയാണ്. ഇപ്പോൾ കൃഷി ചെയ്യുന്ന കാലദൈർഘ്യം കുറഞ്ഞ (മൂന്ന് മാസം)തും , അത്യുല്പാദന ശേഷിയുള്ളതുമായ സി. ബി. - 5 കൃഷി ചെയ്തു വരുന്നു. മുൻ കാലങ്ങളിൽ നെൽപ്പാടങ്ങളിൽ കൃഷി ചെയ്തുവന്നിരുന്ന മൂന്നാം കൃഷിപാടെ ഇല്ലാതായി. ഇതിനു കാരണം, നെൽകൃഷി ലാഭകരമല്ലാത്തതാണ്.

രണ്ടാം കൃഷിക്കു ശേഷം പയർ വർഗ്ഗങ്ങൾ വിപുലമായി കൃഷി ചെയ്യുന്നു. ടി. കൃഷി വരുമാനത്തിന് ഉപരിയായി മണ്ണിന് ഫലപുഷ്ടിയുണ്ടാക്കുക എന്ന ഉദ്ദേശ്യത്തിലായിരുന്നു.

1982 മുതൽ കോടിക്കുളം പഞ്ചായത്തിൽ കൃഷി ഓഫീസ് നിലവിൽ വരികയും, കാർഷികാഭിവൃത്തിയ്ക്കായി, കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുകയും ചെയ്തതോടെ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലവിൽ വന്നു. ഇപ്പോൾ കൃഷിക്കാർ ട്രാക്ടർ, ടില്ലർ, മെതിയന്ത്രം ഇവ ഉപയോഗിച്ചു വരുന്നു.

ഈ പഞ്ചായത്തിൽ കൃഷിക്കാവശ്യമായ രാസ വളങ്ങളും, കീടനാശിനികളും വാങ്ങുന്നതിനായി അഞ്ചു സ്ഥാപനങ്ങൾ ഉണ്ട്.

എന്നിരുന്നാലും 1990 കളുടെ ആരംഭത്തിൽ നെൽകൃഷി കുറഞ്ഞു വന്നു. ഇതിനുള്ള പ്രധാന കാരണങ്ങൾ രാസ വളത്തിന്റെയും കീടനാശിനികളുടെയും അമിതമായ വിലവർദ്ധനയും കർഷകതൊഴിലാളികളുടെ കുറവും കർഷകർ ആദായകരമായ മറ്റ് കൃഷിയിലേക്ക് തിരിഞ്ഞതും, നിലം നികത്തി വീടുകൾ വയ്ക്കുന്നതുമാണ്. നിലം നികത്തി കെട്ടിടങ്ങളും, പൈനാപ്പിൾ കൃഷിയും വളരെ കൂടുതലായി കണ്ടുവരിന്നു.

328 ഹെക്ടർ നെൽകൃഷി ഉള്ള ഈ പഞ്ചായത്തിൽ രണ്ട് ചീർപ്പുകൾ മാത്രമാണ് ഉള്ളത്. നെൽകൃഷി ആവശ്യത്തിന് ജലം ഉപയോഗിക്കാവുന്ന ഒരു പുഴയും തോടും മാത്രമാണ് ഉള്ളത്. അതി രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശത്ത് ജലസേചനത്തിനായി മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതിനുള്ള പരിഹാര മാർഗ്ഗം കാളിയാർ പുഴയിൽ പച്ചില ഭാഗത്ത് പെക്ക് ഡാം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം ജലം എത്തിക്കുന്നതും, കുമാരമംഗലം പഞ്ചായത്തിലൂടെ കടന്നുപോകുന്ന എം. വി. ഐ. പി. യുടെ വലതു കനാലിൽ നിന്ന് സബ് കനാൽ നിർമ്മിച്ച് ഈ പഞ്ചായത്തിൽ വിപുലമായ തോതിൽ ജലസേചനം നടത്തുകയും കൂടാതെ സൗജന്യ നിരക്കിൽ പമ്പു സെറ്റുകൾ കൃഷിക്കാർക്കനുവദിച്ചുകൊടുക്കുകയും ചെയ്യുക. അതോടൊപ്പം ജലാശയങ്ങളിൽ ചെക്കുഡാം കെട്ടി വേനൽക്കാലങ്ങളിൽ ജലനിരപ്പ് ഉയർത്തുക. ഈ ഞ്ചായത്തിൽ 10 സെന്റിൽ താഴെ ഭൂമിയുള്ള കൃഷിക്കാർ 305 ഉം 10 നും 25നും ഇടയിൽ 700ഉം 25നും 50നും ഇടയിൽ 850ഉം 50നും 100നും ഇടയിൽ 740ഉം ഒരേക്കറിനും, രണ്ടേക്കറിനും ഇടയ്ക്ക് 1350ഉം രണ്ടേക്കറിനും അഞ്ചേക്കരിനും ഇടയ്ക്ക് 1300ഉം അഞ്ചേക്കറിനു മേൽ 90 കർഷകരുമാണുള്ളത്. ഈ പഞ്ചായത്തിൽ ചെറുകിട കർഷകരാണ് കൂടുതൽ ഉള്ളതെന്ന് ഈ കണക്കുകളിൽനിന്നും വ്യക്തമാകുന്നു.

328 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്ന ഈ പഞ്ചായത്തിലെ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കർഷക തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
2. കർഷക തൊഴിലാളികൾക്ക് കൂലിനിരക്ക് കൂടുതലാണ്. എന്നാൽ അവരുടെ സേവനനിലവാരമാകട്ടെ കുറഞ്ഞു വരുന്നു.
3. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല ശാസ്ത്രീയ വളപ്രയോഗം നടത്തുന്നത്.
4. ജൈവ വളം നാമമാത്രമായിട്ടേ കിട്ടാനുള്ളൂ. രാസവളങ്ങളുടേയും കീടനാശിനികളുടേയും വില അമിതമായി വർദ്ധിച്ചു.

5. കാർഷിക യന്ത്രോപകരണങ്ങളുടെ ലഭ്യതക്കുറവ്.
6. ജലസേചനത്തിന്റെ കുറവ്
7. കൃത്യമായി വായപ ലഭിക്കാത്ത അവസ്ഥ.

ജനസംഖ്യാനുപാതികമായി 6412.100 ടൺ അരി ഈ പഞ്ചായത്ത് ഉല്പാദിപ്പിക്കണം. എന്നാൽ കൃഷിഭവന്റെ കണക്കനുസരിച്ച് നാം ഇപ്പോൾ ഉല്പാദിപ്പിക്കുന്നത് 837.200 ടൺ മാത്രമാണ്. നമ്മുടെ ആവശ്യം പൂർണ്ണമായി നികത്തുന്നതിന് 5574.900 ടൺ അരി കൂടി വേണ്ടിയിരിക്കുന്നു. അതുകൊണ്ട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ശക്തമായ നീക്കങ്ങൾ നടത്തേണ്ടിയിരിക്കുന്നു. പ്രധാനമായും ഈ പഞ്ചായത്തിലെ പല വാർഡുകളിലും തടയണ കെട്ടി ജലം സംഭരിക്കാവുന്നതാണ്.

തെങ്ങ്

ഈ പഞ്ചായത്തിൽ പുരാതനകാലം മുതൽ വീട്ടു വളപ്പുകളിൽ ചെറിയ തോതിൽ തെങ്ങ് കൃഷി ചെയ്തു വന്നിരുന്നു. തെങ്ങിന്റെ ഉപയോഗം കൂടുതൽ മനസ്സിലാക്കിയതിനെത്തുടർന്ന് പിന്നീട് വ്യാപകമായി കൃഷി ചെയ്യുവാൻ കർഷകരെ പ്രേരിപ്പിച്ചു. അന്ന് മണ്ണ് ഇന്നത്തേതിലും ഫലഭൂയിഷ്ഠമായിരുന്നു. പിന്നീട് മണ്ണിന്റെ ഘടനയിൽ വന്ന മാറ്റവും, രോഗങ്ങളും കാരണം ഉല്പാദനം കുറയുകയും തെങ്ങ് കൃഷി ലാഭകരമല്ലാതാവുകയും ചെയ്തു. ഈ പഞ്ചായത്തിൽ ഇപ്പോൾ 427 ഹെക്ടർ സ്ഥലത്ത് 60000ത്തോളം തെങ്ങുകൾ കൃഷിയുണ്ട്. അതിൽ 10000ത്തോളം ചെറു തൈകളാണ്. ഭൂരിഭാഗം തെങ്ങുകളും രോഗം ബാധിച്ചവയാണ്. ഈ കാരണങ്ങളെല്ലാം കൊണ്ടും, ജലസേചന സൗകര്യക്കുറവുകൊണ്ടും, റബ്ബർ കൃഷിയുടെ മുന്നേറ്റം കൊണ്ടും തെങ്ങ് കൃഷി കുറഞ്ഞുവരുന്നു. തെങ്ങു കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് ഉല്പാദന ശേഷിയുള്ള തൈകളുടെ വിതരണവും ശാസ്ത്രീയമായ കൃഷി രീതികളും അവലംബിക്കുവാൻ കർഷകർക്ക് ബോധവൽക്കരണം നടത്തുവാൻ വേണ്ട നടപടിയുണ്ടാക്കണം.

റബ്ബർ

റബ്ബർ ആദ്യ കാലങ്ങളിൽ വളരെ പരിമിതമായ തോതിൽകൃഷി ചെയ്തിരുന്നു. പിന്നീട് ബ്രിട്ടീഷ് കമ്പനി കോടിക്കുളം പഞ്ചായത്തിൽ കാളിയാർ ഭാഗത്ത് 1413 ഏക്കർ റബ്ബർ കൃഷി വ്യവസായികാടിസ്ഥാനത്തിൽ കൃഷി തുറക്കുകയും പുതിയ പുതിയ അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ നട്ടു വളർത്തി പരിപാലിച്ചുപോരുകയും ചെയ്യുന്നു. ഇതിൽനിന്നും ഈ പ്രദേശത്തെ കർഷകർക്ക് റബ്ബർ കൃഷിയോട് വളരെ താല്പര്യം ഉണ്ടാവുകയും ചെയ്തു. കൂടാതെ റബ്ബർ ബോർഡിന്റെ പ്രോത്സാഹജനകമായ ഇടപെടലും ഗണ്യമായി സഹായിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി മറ്റു കൃഷികൾ കുറഞ്ഞു വരികയും ആ സ്ഥാനത്ത് റബ്ബർ കൃഷി വ്യാപകമാവുകയും ചെയ്തു. ഇപ്പോൾ 1572 ഹെക്ടർ (ഹാരിസൺ മലയാളം പ്ലാന്റേഷൻ) സ്ഥലത്ത് റബ്ബർ കൃഷി ചെയ്തു വരുന്നു. ഈ പഞ്ചായത്തിൽ 6 റബ്ബർ ഉല്പാദകസംഘങ്ങൾ ഉണ്ട്. റബ്ബറിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ പട്ടമരപ്പ്, പിങ്ക് രോഗം, അകാല ഇല പൊഴിച്ചൽ മുതലായവയാണ്. നിലവിൽ റബ്ബർ കൃഷി ആദായകരമാണെങ്കിലും വേണ്ടത്ര ടാപ്പിംഗ് തൊഴിലാളികൾ ഇല്ലാതെ വരുന്നതിനാൽ റബ്ബർകൃഷി ആദായകരമല്ലാത്ത പ്രതിസന്ധിയിലേക്ക് വരുന്നു. ഈ പഞ്ചായത്തിൽ റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ വിധ സാധ്യതകളും ഉണ്ടെങ്കിലും ഇവിടെ വ്യവസായങ്ങൾ ഒന്നും ഇല്ല.

കുരുമുളക്.

മുൻ കാലങ്ങളിൽ നമ്മുടെ സമ്പത്ഘടനയെ നിയന്ത്രിച്ചിരുന്നത് കുരുമുളകായിരുന്നു. അക്കാലത്ത് വ്യാപകമായി കൃഷി ചെയ്തിരുന്ന കുരുമുളക് ഇപ്പോൾ പരിമിതമായ തോതിലാണ് കൃഷി ചെയ്യുന്നത്. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷി ചെയ്യുന്നുണ്ടെങ്കിലും രോഗബാധ മൂലം (ദ്രുതവാട്ടം) കൃഷി പാടെ നശിച്ചു കൊണ്ടിരിക്കുന്നു. വിദേശ നാണ്യം നേടിത്തരുന്ന ഈ സുഗന്ധ വിളയുടെ കൃഷി വികസിപ്പിക്കുന്നതിന് ശാസ്ത്രീയമായ കാഴ്ചപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നു. കൃഷി ഭവനിൽനിന്നും കുരുമുളക് കൃഷിക്ക് വളരെയധികം പ്രോത്സാഹനം നല്കുന്നുണ്ടെങ്കിലും ഈ കൃഷിയിലേക്ക് കർഷകർ വിമുഖത കാട്ടുന്നു. ഇപ്പോൾ ഈ പഞ്ചായത്തിൽ 75 ഹെക്ടറോളം കൃഷിയുള്ളതായി കണക്കാക്കുന്നു.

ഈ പഞ്ചായത്തിൽ എല്ലാ വിധ കൃഷികളും ചെയ്തു വരുന്നു. അതിന്റെ സാമാന്യ വിവരം താഴെ കൊടുക്കുന്നു.

നെല്ല്, പയർ, എള്ള്, പച്ചക്കറികൾ, തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം, കശുമാവ്, റബ്ബർ, കമുക്, കുടമ്പുളി, തേക്ക്, മാഞ്ചിയം തുടങ്ങിയവയാണ്.

കൃഷി അഭിവൃദ്ധിപ്പെടുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ:-

1. ജലസേചന സൗകര്യം വർദ്ധിപ്പിക്കുക
2. മണ്ണൊലിപ്പ് നിവാരണത്തിന് വേണ്ട നടപടി സ്വീകരിക്കുക.
3. കാർഷിക തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്തുക.
4. കർഷകന് വേണ്ട സാമ്പത്തിക സഹായം നല്കുക. അടുക്കളത്തോട്ടനിർമ്മാണം പ്രോത്സാഹിപ്പിക്കുക.
5. കർഷകരിൽ കൃഷിയേപ്പറ്റി ശാസ്ത്രീയമായ അവബോധം വളർത്തുക.
6. മണ്ണു പരിശോധന വ്യാപകമാക്കുക. ശാസ്ത്രീയ കൃഷി രീതി വ്യാപകമാക്കുക
7. കൃഷിക്കാർക്ക് കാലാകാലങ്ങളിൽ ആവശ്യമായ വിത്തും വളവും അതാത് സമയത്ത് വിതരണം ചെയ്യുക.

ഭൂ വിനിയോഗം	
റബ്ബർ	65%
തെങ്ങ്	35%
നെല്ല്	5%
വാഴ	4%
കപ്പ	5%
ചേമ്പ്	.25%
ചേന	.35%
പച്ചക്കറി	...%
പൈനാപ്പിൾ	7%
കമുക്	3%
കൊക്കോ	5%
ഇഞ്ചി	3%
കുരുമുളക്	3%
മഞ്ഞൾ	.05%
കശുമാവ്	.02%
ജാതി	.02%
ഗ്രാമ്പു	.01%
കച്ചോലം	.05%

റോഡുകൾ	
മൺ റോഡ്	32.174 Km
ടാർ	16.105 Km
മെറ്റൽ	2.250 Km
P.W.D	14 Km

ജലസേചനം	
കിണർ	16
കുളം	11
ടാങ്ക്	13
ബണ്ട്	8

തരുശ്ഭൂമി	
നല്ല മണ്ണ്	46 ഹെക്ടർ
കുത്തനെ ചെരിവ്	165 ഹെക്ടർ
പാറ, കല്ലിടുക്ക്	111 ഹെക്ടർ

പുറമ്പോക്ക്	
റോഡ്	21.43 ഏ
തോട്	118.11 ഏ
കുളം	1.26 ഏ
ആറ്	80.28 ഏ

വളം ഉപയോഗം	
93 - 94	390 ടൺ
94 - 95	390 ടൺ
95 - 96	350 ടൺ

കൃഷിക്കാർ	
നാമമാത്രം	2413
1 – 2 ഹെക്ടർ	160
2 ഹെ.മുകളിൽ	24

കീടനാശിനി	
ഖരം	ദ്രാവകം
38kg.	190kg
44kg.	190kg.
38kg.	190kg.

5.2


മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരളത്തിന്റെ സമ്പദ് ഘടനയിൽ കാലി വളർത്തലിനും മത്സ്യ ബന്ധനത്തിനും ഗണ്യമായ പങ്കുണ്ട്. വിദേശനാണ്യ സമ്പാദനത്തിൽ മത്സ്യ കയറ്റുമതിക്കുള്ള സ്ഥാനം പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് കേരളീയ ജീവിതത്തിലും, സമ്പദ്ഘടനയിലും ഇവ രണ്ടിനും വലിയ മാറ്റം ഉണ്ടാക്കാൻ സാധിക്കും.

കോടിക്കുളം പഞ്ചായത്ത് തികച്ചും കാർഷിക മേഖലയാണ്. മൃഗസംരക്ഷണം കാർഷിക മേഖതലയ്ക്കാവശ്യമായ ജൈവ വള ലഭ്യതക്ക് സഹായകമാണ്. അത്യുല്പാദന ശേഷിയുള്ള നല്ല സങ്കരയിനം പശുക്കളെ വളർത്തുവാനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്. എന്നാൽ വളരെയധികം പ്രതിസന്ധികളും ഈ മേഖലയിലുണ്ട്. പശുക്കൾ, എരുമ പന്നി, ആട്, മുയൽ, ഇറച്ചിക്കോഴികൾ ഇവയുടെയെല്ലാം വളർത്തലിന് ചെലവു കുറഞ്ഞതും ശാസ്ത്രീയമായ പുതിയ രീതികൾ കണ്ടെത്തേണ്ടതായുണ്ട്. ഈ രംഗത്തെ ഉല്പാദനോപാധികളുടെ അമിതമായ വിലക്കയറ്റം സാധാരണ കർഷകർക്ക് താങ്ങാവുന്നതല്ല. നമ്മുടെ നെൽപ്പാടങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗിക്കാൻ കഴിയും. നെൽകൃഷിയുടെ ഒരു ഇടവിള കൃഷിയായി മത്സ്യ കൃഷി നടത്തുവാൻ സാധിക്കും.

കാലിവളവും പന്നിക്കാഷ്ടവും ജൈവവളത്തിന്റെ അഭാവത്തെ പരിഹരിക്കാൻ സഹായകമാണ്. കോഴി വളർത്തലിനും ആടു വളർത്തലിനും പുതിയ സങ്കേതങ്ങളും നവീന രീതികളും നിലവിൽ വന്നുതുടങ്ങിയിട്ടുണ്ട്. സാങ്കേതിക സഹായങ്ങളുടെ കുറവ്, സാമ്പത്തിക ബുദ്ധിമുട്ട്, വിദഗ്ദ്ധോപദേശത്തിന്റെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിച്ചാൽ വലിയ സാമ്പത്തിക നേട്ടം കൈവരിക്കാൻ ഈ മേഖലയ്ക്ക് സാധിക്കും.

ഈ പഞ്ചായത്തിൽ ഇപ്പോഴുള്ള മൃഗസമ്പത്തിനെക്കുറിച്ചുള്ള ഏകദേശവിവരണം താഴെ ചേർക്കുന്നു.



നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. (മൃഗസംരക്ഷണത്തിന്)

1. കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനയും, ഗുണമേന്മയേറിയ കാലിത്തീറ്റയുടെ അഭാവവും.
2. നല്ലയിനം കറവ മാടുകളുടെ ലഭ്യതക്കുറവ്.
3. തീറ്റപ്പുൽ കൃഷിയുടെ കുറവ്.
4. ശുചിത്വമുള്ള കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ട്.
5. പാലിന്റെ വിലക്കുറവും ഇടത്തട്ടുക്കാരുടെ ചൂഷണവും
6. കാലി രോഗങ്ങളും അവശ്യ മരുന്നുകളുടെ വർദ്ധിച്ചവിലയും
7. കോഴിവസന്ത എന്ന മാരക രോഗത്തിന് പ്രതിവിധി യഥാക്രമം ലഭ്യമല്ലാത്തത്.
8. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭിക്കാത്തത്.
9. പഞ്ചായത്തു തലത്തിൽ കുഞ്ഞുങ്ങളുടെയും, മാംസത്തിന്റെയും, തീറ്റയുടെയും പൊതുവിപണന കേന്ദ്രത്തിന്റെ അഭാവം.
10. പരിശീലന സൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നും, ക്ഷീര വികസന വകുപ്പിൽ നിന്നും ആവശ്യത്തിന് ലഭിക്കാതെ വരുന്നത്.
11. മൃഗസംരക്ഷണത്തെപ്പറ്റി നല്ല രീതിയിലുള്ള ബോധവല്ക്കരണക്കുറവ്.

പരിഹാരങ്ങൾ

1. കാലിത്തീറ്റ സബ്സിഡി നിരക്കിൽ കിടാരികൾക്കും, മറ്റു കാലത്ത് പശുക്കൾക്കും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ വഴി ലഭ്യമാക്കുക.
2. അത്യുല്പാദന ശേഷിയുള്ള പ്രീമിയംബുൾസെമൻ കോടിക്കുളം മൃഗാശുപത്രിയിലും ലഭ്യമാക്കുകയും സങ്കര ജേഴ്സി, സങ്കര എച്ച്. എഫ്. സെമനുകൾക്ക് മുൻഗണന നല്കുകയും ചെയ്യുക
3. ഉല്പാദന ക്ഷമത കുറഞ്ഞ നാടൻ പശുക്കളെയും രോഗം ബാധിച്ച് പ്രയാധിക്യമുള്ള പശുക്കളെയും കർഷകന് നഷ്ടം നല്കി നശിപ്പിക്കുക.
4. കാലിത്തൊഴുത്ത് നിർമ്മാണത്തിനുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും കൂടുതൽ പേർക്ക് ലഭ്യമാക്കുകയും ചെയ്യുക,
5. പുൽകൃഷി വികസനത്തിനായി ഗുണമേന്മയേറിയ വിത്തും വളവും യഥാസമയം ലഭ്യമാക്കുക.
6. ധാതു ലവണ മിശ്രിതം, മീനെണ്ണ എന്നിവ സബ്സിഡിയോടുകൂടി കർഷകർക്ക് ലഭ്യമാക്കുക.
7. നിലവിലുള്ള വയ്ക്കോൽ സംപുഷ്ടീകരണ പദ്ധതി വ്യാപകമായി നടപ്പിലാക്കുക.
8. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വ്യാപകമാക്കുക.
9. മൃഗസംരക്ഷണ പദ്ധതികൾക്കുള്ള സാമ്പത്തിക സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കുകയും നടപടികൾലളിതവും പ്രായോഗികവുമാക്കുക.
10. കോഴി, പന്നി, മത്സ്യം എന്നിവയെല്ലാം കൂടിയുള്ള സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആരംഭിക്കുക.
11. കാലിത്തീറ്റ നിർമ്മാണം പാൽപരിശോധനാ സൗകര്യങ്ങൾ പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തുക
12. പേപ്പട്ടി വിഷബാധ തടയുവാനുള്ള പ്രതിരോധ കുത്തിവയ്പ്പ് സൗകര്യം വ്യാപകമാക്കി ലൈസൻസ് സമ്പ്രദായം കർശനമായി നടപ്പാക്കുക.
13. ആധുനിക സൗകര്യങ്ങളുള്ള ഒരു മൃഗാശുപത്രി പഞ്ചായത്തു തലത്തിൽ പ്രവർത്തനമാരംഭിക്കുവാനുള്ള നടപടികളുണ്ടാകുക.

കോഴി വളർത്തൽ സാധ്യതകൾ

1. കോഴി വസന്ത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ മൃഗാശുപത്രി കേന്ദ്രീകരിച്ച് നടപ്പിലാക്കുക.
2. വീട്ടു മുറ്റത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂട് നിർമ്മാണത്തിന് സബ്സിഡിയും നല്ലയിനം കുഞ്ഞുങ്ങളെയും ലഭ്യമാക്കുക.
3. കോഴിയ്ക്കും കോഴിമുട്ടയ്ക്കും വിപണനത്തിനുള്ള പൊതു വിപണന കേന്ദ്ര സൗകര്യം പഞ്ചായത്തിൽ ഉടനെ ആരംഭിക്കുക.
4. കോഴി വളർത്തലിൽ പരിശീലനം ലഭ്യമാക്കുക.

പന്നി വളർത്തൽ

ഈ പഞ്ചായത്തിൽ അഭിവൃത്തി പ്രാപിച്ചു വരുന്ന കൃഷിയാണ് പന്നികൃഷി. ഏകദേശം 300 നല്ലയിനം പന്നികളുണ്ട്. നാടൻ പന്നികളുടെ എണ്ണം താരതമ്യേന കുറഞ്ഞു വരുന്നു. പന്നി കൃഷിക്ക് നല്ല പ്രോത്സാഹനവും സാമ്പത്തിക സഹായവും വിപണന സൗകര്യവും നൽകിയാൽ, നല്ല സാമ്പത്തിക ലാഭമുണ്ടാക്കാൻ സാധിക്കും. ജൈവ വളത്തിന്റെ ഉല്പാദനം പന്നികൃഷി കൊണ്ട് ത്വരിതപ്പെടുത്താനാകും.

മത്സ്യബന്ധനം

കോടിക്കുളം പഞ്ചായത്തിൽ കൊടുവേലി, കാളിയാർ, തെന്നത്തൂർ, പാറപ്പുഴ എന്നീ പ്രദേശങ്ങളിലൂടെ ഏകദേശം 7 കിലോമീറ്റർ ദൂരത്തിൽ കാളിയാർ പുഴ ഒഴുകുന്നു. ഈ പഞ്ചായത്തിൽ വണ്ടമറ്റം, നെടുമറ്റം, പടിഞ്ഞാറേകോടിക്കുളം, പാറപ്പുഴ എന്നീ പ്രദേശങ്ങളിൽ കൂടി വണ്ടമറ്റം തോട് എന്നറിയപ്പെടുന്ന തോട് ഏകദേശം 6 കിലോമീറ്റർ ദൂരത്തിൽ ഒഴുകുന്നു. കൂടാതെ ചെറിയ തോടുകളായ മേവള്ളിപ്പാടം തോട്, ചൂളായിതോട്, ചൊള്ളയ്ക്കാട്ട് തോട്, പാറപ്പുഴ തോട്, ചെറിയ തോട് എന്നിവ ഒഴുകുന്നു. എന്നാൽ പന്ത്രണ്ട് മാസവും ശുദ്ധ ജലം ലഭിക്കുന്നത് പുഴയിൽ മാത്രമേയുള്ളൂ. ആയതിനാൽ ഉപരിജലമത്സ്യ ബന്ധനത്തിനുള്ള സാധ്യതകൾ പഞ്ചായത്തിലില്ല എന്ന് പറയാം. മത്സ്യബന്ധനം മുഖ്യ തൊഴിലായിട്ടുള്ള കർഷകർ ഈ പഞ്ചായത്തിലില്ല എങ്കിലും പഞ്ചായത്തിന്റെ പല ഭാഗത്തായി 7 കുടുംബങ്ങളോളം മത്സ്യ കൃഷി ആരംഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ചെമ്മീൻ കൃഷി നടത്തുന്നവരായി ആരുംതന്നെയില്ല. ചെമ്മീൻ കൃഷി ചെയ്യാനുതുകുന്ന പാടങ്ങൾ ഉണ്ട്. മത്സ്യതൊഴിലാളികൾ ആരും ഇല്ലായെങ്കിലും കടൽ മത്സ്യം ഇരു ചക്രവാഹനങ്ങളിൽ പഞ്ചായത്തിൽ കൊണ്ടു വന്ന് വിൽപ്പന നടത്തുന്ന തൊഴിലാളികൾ ഉണ്ട്. കടൽ മത്സ്യം എല്ലാ മാസവും ഇവിടെ ലഭിക്കുന്നു. എങ്കിലും ചില സമയങ്ങളിൽ മത്സ്യം ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ടാകുന്നു.

കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിലുണ്ടായിരുന്ന വലിയ പാടങ്ങളിൽ ധാരാളമായി ഉപരിതല മത്സ്യ ബന്ധനത്തിന് സാധ്യതയുള്ള കേന്ദ്രങ്ങളായിരുന്നു. എന്നാൽ അമിതമായ രാസവളപ്രയോഗം കീടനാശിനി പ്രയോഗം എന്നിവ കൊണ്ട് മത്സ്യസമ്പത്ത് നിശേഷം നശിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഈ പഞ്ചായത്തിൽ ശുദ്ധജല മത്സ്യകൃഷി വാണിജ്യാടിസ്ഥാനത്തിലില്ലായെന്നു പറയാം.

മത്സ്യബന്ധന പ്രശ്നങ്ങൾ

1. കുളങ്ങൾ കുറവും, ഉള്ള കുളങ്ങളിൽ എല്ലാ കാലത്തും സുഭിക്ഷമായി ജലം ലഭ്യമല്ലാത്തത്.
2. നല്ലയിനം മത്സ്യങ്ങളെ ലഭിക്കുന്നുള്ള ബുദ്ധിമുട്ട്.
3. മത്സ്യ കൃഷിയും കുളം നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമല്ലാത്തത്.
4. കർഷകർക്ക് മീൻ വളർത്തലിൽ ആവശ്യമായ പരിശീലനത്തിന്റെ ആഭാവം.



സാദ്ധ്യതകൾ

1. മത്സ്യം വളർത്തുന്നതിനും കുളം നിർമ്മിക്കുന്നതിനും സഹായം ലഭ്യമാക്കുക
2. നല്ലയിനം മീൻ കുഞ്ഞുങ്ങളെ പ്രാദേശികമായി ലഭ്യമാക്കുക. ഹാച്ചറി ആരംഭിക്കുക.
3. മീൻ വളർത്തുന്നതിനുള്ള പരിശീലന സൗകര്യം കർഷകർക്ക് ലഭ്യമാക്കുക.
4. മീൻ കൃഷിക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.
5. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഹാച്ചറിയുടെ ആവശ്യമുണ്ട്. ഇതിനുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം.

ശ്രദ്ധിക്കുക

വൃക്ഷലതാദികളും, ശുദ്ധജലസ്രോതസ്സുകളും കാത്തുസൂക്ഷിക്കുക



നവംബർ 1 – പുനരർപ്പണദിനത്തിൽ ബ്ലോക്ക് മെമ്പർ ശ്രീ.ജോർജ് അഗസ്റ്റിന്റെ നേതൃത്വത്തിൽ റോഡ് നന്നാക്കുന്നു


5.3

വ്യവസായം

കേരളം മറ്റെല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ച് വ്യവസായ പ്രാധാന്യമുള്ള ഒന്നാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ജനസാന്ദ്രതയുടെ വർധനവു മൂലം കൃഷി ചെയ്യാനുള്ള ഭൂമി ഇല്ലായ്മ, സാങ്കേതിക വൈദഗ്ധ്യമുള്ളവരെ എത്ര വേണമെങ്കിലും കിട്ടാനുള്ള സാധ്യത ഇവയൊക്കെയാണിതിന്റെ കാരണങ്ങൾ. എന്നാൽ നാം ഇന്നു ചെയ്യുന്നത് പ്രകൃതി വിഭവങ്ങളെ സംസ്കരിച്ചോ സംസ്കരിക്കാതെയോ കയറ്റി അയച്ച് വിദേശനാണ്യം നേടാനുള്ള വ്യഗ്രതയാണ്. ലോഹമണൽ, വനവിഭവങ്ങൾ, മത്സ്യസമ്പത്ത്, നാണ്യവിളകൾ എന്നിവയിലാണ് ഈ പ്രവണത ഏറ്റവും കൂടുതൽ കാണുന്നത്.

മറ്റൊരു ദുഃഖകരമായ വസ്തുത, നമ്മുടെ വിഭവശേഷി വച്ചു നോക്കുമ്പോൾ നമുക്ക് കുത്തകയായിരിക്കേണ്ടതായി പല വ്യവസായങ്ങളുടെയും നിയന്ത്രണം മറ്റ് സംസ്ഥാനങ്ങളിലേക്ക് പോയിരിക്കുന്നു എന്നതാണ്. ഇത് നമ്മുടെ ആസൂത്രണ രാഹിത്യം കൊണ്ട് പറ്റിയതാണ്. ഉദാഹരണത്തിന് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വെളിച്ചെണ്ണ കേരളത്തിൽ ഉൽപാദിപ്പിക്കുമ്പോൾ അതിന് വില നിശ്ചയിക്കുന്നത് ബോംബെയിലോ ഡൽഹിയിലോ ആണ്. വെളിച്ചെണ്ണ ഉപയോഗിക്കുന്ന വ്യവസായങ്ങൾ ഇവിടെ സ്ഥാപിച്ചിട്ട് അവയെ നമ്മുടെ നിയന്ത്രണത്തിൽ കൊണ്ടു വരേണ്ടതല്ലേ. അതുപോലെ ഇന്ത്യയിലെ സ്വാഭാവിക റബറിന്റെ ഉൽപാദനം ഏറ്റവും കൂടുതൽ കേരളത്തിലാണെങ്കിലും, റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ഇവിടെ വളരെ പരിമിതമാണ്. അന്യ സംസ്ഥാനങ്ങളുടെ നിയന്ത്രണത്തിലാണ്, റബ്ബറിന്റെ വില പോലും തീരുമാനിക്കപ്പെടുന്നത്. ഇഞ്ചിയും, കുരുമുളകും, ഏലവും തുടങ്ങി പ്രകൃതിയിലെ ഏറ്റവും നല്ല സുഗന്ധവിളകൾ ഉൽപാദിപ്പിക്കുന്ന നാം വ്യവസായികമായി അത് പ്രയോജനപ്പെടുത്തുന്നില്ല എന്നുള്ളതാണ് സത്യം.

ജനകീയാസൂത്രണ പ്രക്രിയയിൽ നമ്മുടെ വ്യവസായവൽക്കരണത്തിന് നാം സ്വീകരിച്ചിട്ടുള്ള പല നടപടികളും നമ്മുടെ പ്രത്യേക സാഹചര്യങ്ങൾക്കനുകൂലമാണ്. ഒന്നാമതായി വൻകിട വ്യവസായങ്ങളൊന്നും ഇവിടെ വന്നിട്ടില്ല. രണ്ടാമതായി നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ നാം പൂർണ്ണമായി അവഗണിച്ചിട്ടില്ല. മൂന്നാമതായി ഈ വ്യവസായങ്ങൾക്കെല്ലാം കാർഷികമായ അടിസ്ഥാനമുള്ളതുകൊണ്ട് നമ്മുടെ ഗ്രാമീണ ജനതയുടെ കൃഷിയോടുള്ള താൽപര്യം നഷ്ടപ്പെടുന്നില്ല. ആഹാരം, വസ്ത്രം, പാർപ്പിടം,



ആരോഗ്യരക്ഷ, വിദ്യാഭ്യാസം എന്നിങ്ങനെ പ്രാഥമിക നിലവാരം സാധാരണക്കാരന് ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികളായിരിക്കണം നാം ആസൂത്രണം ചെയ്യേണ്ടത്.

കോടിക്കുളം പഞ്ചായത്തിൽ ഏകദേശം ഇരുപത്തി അഞ്ചു വർഷം മുമ്പു വരെ കാർഷികോൽപ്പന്നങ്ങളെ കേന്ദ്രീകരിച്ചുള്ള ചില ചെറുകിട വ്യവസായങ്ങളാണ് നിലനിന്നിരുന്നത്. ഉദാഹരണമായി പാക്കുവെട്ട്, തേങ്ങവെട്ട്, കൊപ്ര ഉണക്കൽ, നെല്ലുകുത്ത്, മൃഗങ്ങളുടെ സഹായത്തോടെ കൊപ്ര ആട്ടി എണ്ണ എടുക്കൽ തുടങ്ങിയവ.

ആയിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ചിൽ കേരള ഗവ.ന്റെ വ്യവസായ നയ രൂപീകരണത്തിന്റെ ഭാഗമായി പത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൾക്കൊള്ളുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പരിപാടിക്ക് രൂപം കൊടുത്തിരുന്നുവല്ലോ. അതിന്റെ ഭാഗമായി

ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിആറിൽ പടി. കോടിക്കുളം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തനം തുടങ്ങി. ക്രീപ്പ് യൂണിറ്റ്, പോളീഷ് നിർമാണം, പ്രിൻറിംഗ് പ്രസ്, ഓയിൽ മിൽ, ഫൈബർ യൂണിറ്റ്, ചെരുപ്പു നിർമാണം, ഇലക്ട്രിക് പവ്വർലൂം, ഫ്യൂസ് യൂണിറ്റ്, റബ്ബർ ട്രെഡ് യൂണിറ്റ്, ഫോം ബെഡ് നിർമാണം എന്നിങ്ങനെ പത്ത് യൂണിറ്റുകളായിരുന്നു ഉണ്ടായിരുന്നത്. വേണ്ടത്ര സാമ്പത്തിക സഹായവും, സാങ്കേതിക പരിജ്ഞാനവും വിപണന സൗകര്യവും ഗവ.ന്റെ ഭാഗത്തു നിന്നും ക്രിയാത്മക സഹകരണവും ലഭിക്കാതെ വന്നതിനാൽ മിക്ക യൂണിറ്റുകളും പ്രവർത്തനരഹിതമാകുകയാണുണ്ടായത്. നിലവിൽ ഒരു ക്രീപ്പ് മില്ലും ഒരു ഓയിൽ മില്ലും ഒരു ട്രെഡ് റബർ യൂണിറ്റുമാണ് കഷ്ടി പ്രവർത്തിക്കുന്നത്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ അവസ്ഥ ഇതാണെങ്കിൽ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കാം. ഇരുപത്തിഅഞ്ച് വർഷത്തോളമായി പ്രവർത്തിക്കുന്ന ഒരു തടിമില്ല് കോടിക്കുളത്തും, സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന ഒരു തീപ്പെട്ടി കമ്പനി, റെഡിമെയ്ഡ് വസ്ത്ര നിർമാണം എന്നിവ വണ്ടമറ്റത്തും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ച് ഫർണിച്ചർ വർക്ക് ഷോപ്പുകളും അഞ്ച് ഓയിൽ മില്ലുകളും 12 ഫ്ളവർ മില്ലുകളും ഏഴു മത്സ്യ വളർത്തൽ കേന്ദ്രങ്ങളും ഒരു ഡയറി യൂണിറ്റും ഇരുപത്തിരണ്ടോളം നെല്ലുകുത്ത് മില്ലുകളും നാല് മെഴുകുതിരി യൂണിറ്റുകളും അഞ്ച് സിമിൻറിഷ്ടിക നിർമാണ യൂണിറ്റുകളും ഒരു ഹോളോബ്രിക്സ് കമ്പനിയും ഒരു സിമൻറു വാർക്കകെട്ടിടനിർമ്മാണ ഉപകരണ യൂണിറ്റും, ഒരു പ്ലാസ്റ്റിക് കുപ്പി നിർമ്മാണശാലയും രണ്ട് റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റും ഒരു വെൽഡിംഗ് സെൻററും നിലവിലുണ്ട്. ഏകദേശം നൂറ്റിഅമ്പതോളം തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ യൂണിറ്റുകളിൽ നിന്നും പ്രയോജനം ലഭിക്കുന്നുണ്ട്. ഒരുവിധത്തിലും ജോലിസാദ്ധ്യത വർദ്ധിപ്പിക്കാനാകാത്ത തരത്തിൽ മലയാളം പ്ലാൻേറഷൻ വക അവരുടെ സ്വന്തം ആവശ്യത്തിലേക്കായി ഒരു ലാറ്റക്സ് ഫാക്ടറി കാളിയാറ്റിൽ ഉണ്ട്.

കോടിക്കുളം ഖാദി ആൻഡ് ഇൻഡസ്ട്രീസ് എന്ന പേരിൽ ഖാദി ബോർഡിന്റെ നേതൃത്വത്തിൽ ഒരു ചെറുകിട വ്യവസായ യൂണിറ്റ് 1989- ൽ പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഗ്രാൻറും അസംസ്കൃത വസ്തുക്കളും തുടർന്നു നൽകാത്തതു മൂലം അധികം താമസിയാതെ തന്നെ അത് നിശ്ചലമാവുകയാണുണ്ടായത്. അറുപതോളം സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതയുണ്ടായിരുന്നതായിരുന്നു പ്രസ്തുത സ്ഥാപനം. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തുടങ്ങിയ പല ചെറുകിട വ്യവസായ യൂണിറ്റുകളും ശൈശവദശയിൽ തന്നെ നിന്നുപോകുകയാണുണ്ടായത്. നാടിന് ചേർന്ന സാങ്കേതികവിദ്യയോ വിഭവങ്ങളുടെ മിനിമം ലഭ്യതയോ ഉറപ്പുവരുത്താതെയുള്ള ആസൂത്രണമായിരുന്നു ഇവിടെ നിലവിലുണ്ടായിരുന്നത് എന്നതാണ് വസ്തുത.

കോഴി, ആട്, പശു, ഏരുമ, മത്സ്യം എന്നിവ വളർത്തലും, പഞ്ചായത്തിനാവശ്യമായ അലക്കു സോപ്പു നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ചെറുകിട കാലിത്തീറ്റ നിർമ്മാണം, റബ്ബർ, തെങ്ങ്, പൈനാപ്പിൾ തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് കൃഷിയുടെ അനുബന്ധ വ്യവസാങ്ങളും പഞ്ചായത്തിൽ ആരംഭിച്ച് തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പദ്ധതികളാണ് നാം ആസൂത്രണം ചെയ്യേണ്ടത്. അതിന് വേണ്ട നല്ല നിർദ്ദേശങ്ങളും പദ്ധതി രൂപീകരണവും ഈ വികസന സെമിനാറിൽ നിന്നും ഉരുത്തിരിയേണ്ടതാണ്.

തൊഴിൽ മേഖല

വിവരങ്ങൾ	സ്ത്രീ	പുരുഷൻ	ആകെ
പ്രധാന തൊഴിലാളികൾ	768	3375	4143
കൃഷിക്കാർ	21	1340	1361
കർഷകതൊഴിലാളികൾ	97	1085	1182
കാലിവളർത്തൽ			656
കരിങ്കൽ	3	2	5
കൈത്തൊഴിൽ		2	2
കുടിൽ വ്യവസായം		15	15
നിർമ്മാണത്തൊഴിലാളികൾ		69	69
വാർത്താവിനിമയം, ഗതാഗതം	5	99	104
മറ്റു തൊഴിലാളികൾ	282	119	401
ഗവ.ജീവനക്കാർ			224
സ്കൂൾ കുട്ടികൾ	1058	1099	2157
തൊഴിൽ ഇല്ലാത്തവർ	5404	900	6304

5.4

ഗതാഗതം, മാർക്കറ്റ്

ഗതാഗതം

കോടിക്കുളം പഞ്ചായത്ത് രൂപം കൊണ്ട് നാളിതു വരെയുള്ള ചരിത്രം പരിശോധിച്ചാൽ ഗതാഗതത്തിന്റെ കാര്യത്തിൽ വളരെയധികം പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. എന്നാൽ ഈ വികസനം ആനുപാതികമായി എല്ലാ വാർഡുകൾക്കും ഉണ്ടായിട്ടില്ല എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ചില പ്രദേശങ്ങൾ ഒട്ടുംതന്നെ സൗകര്യങ്ങൾ ഇല്ലാത്തവയാണ്.

ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ ഉപയോഗത്തിനായി ഉണ്ടാക്കിയ റോഡാണ് ഇന്നും ഈ പഞ്ചായത്തിലെ ഏറ്റവും തിരക്കുള്ളതും പുരോഗതി പ്രാപിച്ചതുമായ റോഡ്. ആദ്യകാലത്ത് കാളിയാർ പുഴവരെ മാത്രം ഉണ്ടായിരുന്ന റോഡ് പിന്നീട് പുഴയ്ക്ക് പാലം നിർമ്മിച്ച് കാളിയാർ വരെ വന്നു നിന്നിരുന്ന കാളിയാർ മൂവാറ്റുപുഴ റോഡിനോട് യോജിപ്പിക്കുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ റോഡിനേക്കാൾ മുമ്പ് ഉണ്ടായതാണെങ്കിലും കുന്നം മുതൽ പടി:കോടിക്കുളം വരെയുള്ള റോഡ് അത്രതന്നെ പുരോഗമിച്ചിട്ടില്ല. പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളിൽ രണ്ടാമത്തേതായ ഈ റോഡ് ആദ്യകാലത്തു പടി:കോടിക്കുളം വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം കോടിക്കുളം തോടിനു പാലം നിർമ്മിച്ച് തെന്നത്തൂർ പാറപ്പുഴ പ്രദേശങ്ങളുമായി യോജിപ്പിച്ചുപയോഗിക്കുന്നു. എങ്കിലും വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായ വളർച്ച പ്രാപിച്ചിട്ടില്ല.

സ്വകാര്യവാഹനങ്ങൾ ഉപയോഗിക്കുന്ന വളരെക്കുറച്ച് ആളുകൾ ഒഴിച്ച് ബാക്കിവരുന്ന ബഹുഭൂരിപക്ഷം ആളുകളും ആശ്രയിക്കുന്നത് ബസ്സ് സർവ്വീസിനെയാണ്. ഇടത്തരക്കാരിൽ താഴെയുള്ള കർഷകരാണ് ഈ പഞ്ചായത്തിൽ ഏറെയും. ചരക്കുഗതാഗതത്തിനായി ടാക്സി, ജീപ്പുകളെയാണ് ഇവർ ആശ്രയിക്കുന്നത്.

പ്രധാനപ്പെട്ട രണ്ടു ബസ്റൂട്ടുകളും അത്ര തന്നെ പ്രാധാന്യമില്ലാത്ത ഒരു റൂട്ടും,പ്രാധാന്യമുണ്ടായിട്ടും റോഡിന്റെ മോശമായ സ്ഥിതികൊണ്ട് ആവശ്യത്തിന് ബസ്സ്സർവ്വീസില്ലാത്ത ഒരു റൂട്ടുമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. അവ യഥാക്രമം തൊടുപുഴ-വണ്ണപ്പുറം റൂട്ട്, തൊടുപുഴ- തെന്നത്തൂർ റൂട്ട്, തൊടുപുഴ-കൊടുവേലി-വണ്ണപ്പുറം റൂട്ട്, തൊടുപുഴ- പടി:കോടിക്കുളം കോട്ട റോഡുവഴി വണ്ണപ്പുറം എന്നിവയാണ്.

റോഡുകൾ

പഞ്ചായത്തിൽ മൊത്തം 86.5 കി.മി.റോഡുള്ളതിൽ 19.5 കി.മി. P.W.D.റോഡും 14.5 കി.മി. ടാർ റോഡും സുഗമമായ യാത്രക്ക് ഉതകാത്ത വിധത്തിലുള്ള 52.5 കി.മി. മൺറോഡുമാണ് ഉള്ളത്. അതിൽ ബസ്സ്സർവ്വീസുള്ള കോട്ട പടി:കോടിക്കുളം റോഡ് തീർത്തും സഞ്ചാരയോഗ്യമല്ല. മേൽപ്പറഞ്ഞ 52.5 കി.മി. മൺറോഡിൽപ്പെട്ട 32.174 കി.മി. റോഡ് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതും അറ്റകുറ്റപ്പണികൾ നടത്തുന്നവയുമാണ്. ബാക്കി ഭാഗം പഞ്ചായത്ത് പണികളൊന്നും ചെയ്യാത്ത പൊതുവഴിയുമാണ്.

പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങൾ

പഞ്ചായത്തിലെ ഉയർന്നതും ജനസാന്ദ്രത കൂടിയതുമായ ചെരിയംപാറ, വെള്ളംചിറ, ഇലവുംകുഴി, ചേന്നംകോട്, തലക്കാംപുറം ഏഴല്ലൂർ ഹരിജൻകോളനി റോഡുകൾ അതുപോലെ ചെറുതോട്ടിൻകര കപ്പത്തൊട്ടി റോഡ്, പടി:കോടിക്കുളം, കീരംകുഴിപ്പാറ, താന്നിമാരിത്തണ്ട്, കിഴക്കേകോടിക്കുളം റോഡ്, നെടുമറ്റം കാളിയാർകവല വീരാപ്പിള്ളിത്തണ്ടുവഴി കരിമണ്ണൂർ പഞ്ചായത്തിലേക്കുള്ള റോഡ്, നെയ്യശേരിക്കവല പ്ലാക്കുഴി വണ്ടമറ്റം ഐരാമ്പിള്ളി റോഡ്, കൊടുവേലി സ്കൂളിന്റെ താഴെ നിന്ന് കണ്ണാടിപ്പാറ വഴി കരിമണ്ണൂർ പഞ്ചായത്തിലേക്കുള്ള റോഡ്, കോട്ട മിനി റോഡ്, തെന്നത്തൂർ ചൂളായിക്കോട് റോഡ്, വാഴക്കാലമില്ലുംപടി റോഡ്, തവിക്കല്ല് തലക്കാംപുറം റോഡ്, കോട്ട നെല്ലാക്കുന്നേൽറോഡ് എന്നിവ വീതി കൂട്ടി ടാറുചെയ്ത് ഗതാഗതയോഗ്യമാക്കണം. അതുപോലെ ചൂളായിക്കോട് തോടിന് ഒരു പാലം നിർമ്മിച്ച് തെന്നത്തൂർ കാളിയാർറോഡുമായി ബന്ധിപ്പിക്കണം. മേൽപ്പറഞ്ഞ പ്രദേശങ്ങളിലെല്ലാം കുട്ടികൾക്ക് പ്രൈമറിസ്കൂളുകളിൽ പോകണമെങ്കിൽപ്പോലും 2ഉം 3ഉം കിലോമീറ്ററുകൾ തീരെ സഞ്ചാരയോഗ്യമല്ലാത്ത ഈ റോഡുകളിൽക്കൂടി വേണം.

പ്രശ്നങ്ങൾ

1. ആലപ്പുഴ - മധുര നാഷനൽ ഹൈവേ പടി:കോടിക്കുളം -കോടിക്കുളം- കോട്ട വഴി വേണമെന്ന് അഭ്യർത്ഥിക്കുന്നു.
2. ഈ പഞ്ചായത്തിൽ പ.കോടിക്കുളത്തും, കോടിക്കുളത്തും ഓരോ ടാക്സിസ്റ്റാന്റുകൾ വളരെ അത്യാവശ്യമാണ്.
3. പല റോഡുകളും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം സഞ്ചാരയോഗ്യമല്ല.

4. ഓടകളുടെ അഭാവം റോഡുകളുടെ നാശത്തിന് കാരണമാകുന്നു.
5. ഓടകൾ ഉള്ള പ്രദേശങ്ങളിൽ അവ നികത്തി സ്വകാര്യ റോഡുകൾ നിർമ്മിക്കുന്നതും കാരണങ്ങളിൽപ്പെടുന്നു.
6. പടി:കോടിക്കുളം, കിഴക്കേ കോടിക്കുളം, ചാലയ്ക്കമുക്ക് തുടങ്ങിയ പ്രദേശങ്ങളിൽ ടാക്സി സ്റ്റാന്റ് ഇല്ലാത്തതിനാൽ മറ്റു വാഹനങ്ങളുടെ ഗതാഗതം പലപ്പോഴും തടസ്സപ്പെടുന്നു.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ അതതു പ്രദേശങ്ങളിലുള്ള സന്നദ്ധസംഘടനകളേയോ, ക്ലബ്ബുകളേയോ, യുവജനസംഘടനകളേയോ ഏൽപ്പിക്കുന്നതായാൽ പണികളെല്ലാം പൂർവ്വാധികം ഭംഗിയായി നടത്തുന്നതിനും പ്രസ്തുതസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനും അത് ഉപകരിക്കും. പഞ്ചായത്ത് ഒരു നിശ്ചിത തുക അനുവദിക്കുകയും പൊതുജനപങ്കാളിത്തത്തോടുകൂടി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പണി ഏറ്റെടുത്തു നടത്തുകയും ചെയ്യുന്ന ഒരു രീതി നടപ്പിലാകുകയാണെങ്കിൽ റോഡുകളുടെ കാര്യത്തിൽ മാത്രമല്ല, സാമൂഹികജീവിതത്തിന്റെ കാര്യത്തിലും സംസ്കാരത്തിന്റെ കാര്യത്തിലും ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിയും.
2. തിരക്കുള്ള ജംഗ്ഷനുകളിൽ ടാക്സിസ്റ്റാന്റ് നിർമ്മിക്കുകയും കൂലിനിരക്കു പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

നിർദ്ദേശങ്ങൾ

1. മലയോരപഞ്ചായത്തുകളായ ഉടുമ്പന്നൂർ,കരിമണ്ണൂർ എന്നീ പ്രദേശത്തുള്ള ആളുകൾ മൂവാറ്റുപുഴ, കൊച്ചി തുടങ്ങിയ വ്യാപാരകേന്ദ്രങ്ങളിലേക്കും, ഈ പ്രദേശങ്ങളിൽ അടുത്ത കാലത്തായി വ്യാപിച്ചുവരുന്ന കന്നാരച്ചക്കയുടെ പ്രധാനമാർക്കറ്റായ വാഴക്കുളവുമായി ബന്ധപ്പെടുന്നതിന് കോട്ട റോഡാണ് ഉപയോഗിച്ചുവരുന്നത്. ഇതിനേക്കാൾ അല്പം കൂടി കുറഞ്ഞ ദൂരമേ കരിമണ്ണൂരിൽനിന്ന് കൊടുവേലി, ചാലക്കമുക്ക്, തലക്കാംപുറം, പാറപ്പുഴ,കലൂർ വഴി നിലവിലുള്ള റോഡിനു വരികയുള്ളൂ. പ്രസ്തുത റോഡ് വികസിപ്പിച്ച് യാത്രായോഗ്യമാക്കുന്ന പക്ഷം പഞ്ചായത്തിലെ ഏറ്റവും പിന്നോക്കപ്രദേശങ്ങളായ തലക്കാംപുറം, വെള്ളാംചിറ, ഇലവുംകുഴി, ചേന്നംകോട് എന്നീ സ്ഥലങ്ങളുടെ വികസനത്തിന് വളരെയേറെ ഉപകരിക്കും.
2. കാളിയാർ പുഴയുടെ തെന്നത്തൂർ ഭാഗത്തായി ചേലക്കടവിൽ ഒരു പാലം നിർമ്മിച്ച് തെന്നത്തൂർ, പാറപ്പുഴ പ്രദേശങ്ങളെ വണ്ണപ്പുറം പൈങ്ങോട്ടൂർ എന്നീ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുകയാണെങ്കിൽ മൂന്ന് പഞ്ചായത്തുകളുടെ സമഗ്രവികസനത്തിന് ഉതകുന്നതാണ്.
3. നിലവിലുള്ള ചാലയ്ക്കമുക്ക്, ചെരിയംപാറ, ചേന്നംകോട്, ഇല്ലിച്ചുവട് റോഡ് ബസ്ഗതാഗതത്തിന് ഉതകുന്ന വിധത്തിൽ എത്രയും പെട്ടെന്ന് പണി തീർക്കുന്നതായാൽ തൊടുപുഴയിൽനിന്ന് കിഴക്കേ കോടിക്കുളം, ചെരിയംപാറ വഴി ഇല്ലിച്ചുവടിന് ഒരു ബസ്സ്സർവ്വീസിന് സാദ്ധ്യതയുണ്ട്. ഇത്തരത്തിൽ ഒരു ബസ്സ്സർവ്വീസ് ആരംഭിക്കുന്നത് മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പഞ്ചായത്താഫീസ്, വില്ലേജാഫീസ്, സ്കൂൾ മുതലായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് ഉപകരിക്കും എന്നു മാത്രമല്ല ഈ പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹൃതമാവുകയും ചെയ്യും.
4. കോടിക്കുളം തോട്ടിൽ വട്ടപ്പറമ്പിൽ കടവിൽപ്പാലം നിർമ്മിച്ച് പടി:കോടിക്കുളവും കിഴക്കേ കോടിക്കുളവുമായി ബന്ധിപ്പിച്ച് തൊടുപുഴയ്ക്ക് ബസ്സ്സർവ്വീസ് ആരംഭിക്കുക.
5. കോടിക്കുളം തെക്കുംമലകടവ്, പള്ളിമുക്കിൽക്കടവ്, തേക്കനാൽകടവ്, പള്ളിക്കടവ്, പ്ലാക്കുഴിക്കടവ് എന്നീ പ്രധാനസ്ഥലങ്ങളിൽ Foot Bridge കൾ (നടപ്പാലങ്ങൾ) പണിത് ഇരുകരകളേയും ബന്ധിപ്പിച്ച് ചെറിയ ചെറിയ വാഹനഗതാഗതസൗകര്യം വർദ്ധിപ്പിക്കുക
6. കൊടുവേലിയിൽനിന്നും കാളിയാർ എസ്റ്റേറ്റുവഴി വണ്ണപ്പുറം പഞ്ചായത്തിലേക്കുള്ള റോഡ് എത്രയും വേഗം തുറക്കണം. ഈ റോഡു തുറക്കുന്നതിന് സർക്കാരിന് യാതൊരുവിധ സാമ്പത്തികബാദ്ധ്യതകളും ഉണ്ടാകുന്നതല്ല. ഉടുമ്പന്നൂർ, കരിമണ്ണൂർ, കോടിക്കുളം പഞ്ചായത്തുകൾക്ക് ജില്ല ആസ്ഥാനവുമായി ബന്ധപ്പെടാനും വ്യാവസായികകേന്ദ്രമായ എറണാകുളവുമായി ബന്ധപ്പെടാനും ഏറ്റവും എളുപ്പവഴിയാണിത്.

മാർക്കറ്റ്

ഉത്പാദനത്തെപ്പോലെ തന്നെ വിപണനവും കർഷകരെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന പ്രശ്നമാണ്. മുൻകാലങ്ങളിൽ ഇവിടെ വ്യാപകമായി കൃഷി ചെയ്തിരുന്ന മലഞ്ചരക്കുവസ്തുക്കളും പച്ചക്കറി പഴവർഗ്ഗങ്ങളും ഇപ്പോൾ നാമമാത്രമായിരിക്കുകയാണ്. ഇന്ന് അവയിൽ പലതും പൈസ കൊടുത്ത് അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങേണ്ട അവസ്ഥയാണുള്ളത്. ഉൽപാദനം കൂടുതൽ ഉണ്ടായിരുന്നപ്പോൾ, അർഹിക്കുന്ന വിലയും വിപണിയും ഇല്ലാതെ വന്നതാണ് ഇന്നത്തെ ഈ അവസ്ഥക്കു കാരണം. അതുപോലെ ഇവിടെ ധാരാളമായി ഉൽപാദിപ്പിക്കുന്ന റബറിനും തേങ്ങയ്ക്കും കൂടുതൽ വില ലഭിയ്ക്കുന്നതിനുവേണ്ടി കോടിക്കുളം പഞ്ചായത്തിൽ ഒരു കൊപ്ര സംഭരണ കേന്ദ്രവും റബർ മാർക്കറ്റിംഗ് സൊസൈറ്റിയും സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

പരിഹാരങ്ങൾ, നിർദേശങ്ങൾ

ഈ രംഗവുമായി ബന്ധപ്പെട്ട ഗവൺമെൻറു ഏജൻസികളുടെ സജീവമായ ശ്രദ്ധ ഉണ്ടാക്കുക.

പഞ്ചായത്തുതലത്തിൽ കൃഷിക്കാരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനായി സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും വാർഡു തലത്തിൽ ആഴ്ചയിൽ രണ്ടു ദിവസം കളക്ഷൻ നടത്തുകയും ചെയ്യുക ഇങ്ങനെ സമാഹരിക്കുന്ന സാധനങ്ങൾ തദ്ദേശീയമായി വിപണനം നടത്തിയ ശേഷം ബാക്കി വരുന്നവ മാർക്കറ്റിലോ മറ്റോ വിപണനം ചെയ്യാവുന്നതാണ്.

ഇങ്ങനെ ഒരു സംവിധാനം നിലവിൽ വരുന്നപക്ഷം ഇതുമായി ബന്ധപ്പെട്ട് ധാരാളം യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതോടൊപ്പം കൃഷിക്കാർക്ക് ന്യായവില ലഭിക്കുന്നതിനും സാദ്ധ്യതയുണ്ട്.

5.5


ഊർജ്ജം

ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന ഊർജ്ജത്തിന്റെ സിംഹഭാഗവും ഗാർഹികാവശ്യത്തിനാണ്. വളരെക്കുറച്ച് ചെറുകിട വ്യവസായങ്ങളെ ഇവിടെ ഉള്ളൂ എന്നതിനാൽ ആ രീതിയിലുള്ള ഊർജ്ജ ഉപഭോഗവും ഇവിടെ കുറവാണ്. തെങ്ങ് ഉല്പന്നങ്ങൾ, വൈദ്യുതി, വിറക്, മണ്ണെണ്ണ എന്നിവയാണ് ഇവിടെയുള്ളവർ ആശ്രയിക്കുന്ന പ്രധാനമായ മൂന്ന് ഊർജ്ജ രൂപങ്ങൾ. വളരെക്കുറച്ച് ആളുകൾ മാത്രം ബയോഗ്യാസ്, എൽ.പി.ജി.എന്നീ ഇതര മാർഗ്ഗങ്ങളും ഉപയോഗിക്കുന്നു.

ഇലക്ട്രിസിറ്റി

പഞ്ചായത്തിലെ 3568 വീടുകളിൽ 1957 വീടുകൾ മാത്രമേ വൈദ്യുതീകരിച്ചതായിട്ടുള്ളൂ. പഞ്ചായത്തിലെ താഴ്ന്ന വരുമാനക്കാരായ ആളുകൾക്കും, റോഡിൽ നിന്നും വിട്ടു നിൽക്കുന്ന വീടുകൾക്കുമാണ് ഇതുവരെ വൈദ്യുതി ലഭിക്കാത്തത്.

പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പല സ്ഥലത്തും സന്ധ്യാനേരത്ത്



ബൾബിനോടൊപ്പം വിളക്കു കൂടി കത്തിക്കേണ്ട അവസ്ഥയുണ്ട്. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയുടെ കുറവും അതിൽ നിന്നുള്ള ദൂരവുമാണ് ഇതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. അറ്റകുറ്റപ്പണികളുടെ അഭാവവും കേടായ മീറ്ററുകളും പ്രസരണ നഷ്ടവും കാരണങ്ങളായി പറയപ്പെടുന്നു. ഈ കാര്യങ്ങളിൽ അടിയന്തര ശ്രദ്ധ ആവശ്യമാണ്.

താഴ്ന്ന വരുമാനക്കാരായ ആളുകളുടെ പ്രശ്നങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നതായിട്ടാണ് കണ്ടു വരുന്നത്. വൈകിയാണെങ്കിലും ഇത്തരക്കാരുടെ പ്രശ്നങ്ങളിലേക്ക് സർക്കാരിന്റെ ശ്രദ്ധ തിരിഞ്ഞിട്ടുണ്ട് എന്നു കാണുന്നത് ആഹ്ലാദപ്രദമാണ്.

നിർദ്ദേശം: നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും എണ്ണം കൂട്ടുകയും ചെയ്യുക. ലൈനിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും ചെയ്യുക.

വിറക്

പഞ്ചായത്തിലെ 90 % ആളുകളും പാചകത്തിനായി ആശ്രയിക്കുന്നത് വിറകിനേയാണ്. പഴയതിലും ഇന്ധനക്ഷമതയുള്ള അടുപ്പുകളാണ് ഇപ്പോൾ ഉപയോഗിക്കുന്നതെങ്കിലും പരിഷത് അടുപ്പുകളും അനർട്ടിന്റെ അടുപ്പുകളും ഉപയോഗിക്കുന്ന ആളുകളും വളരെ വിരളമാണ്. വിറക് ക്ഷാമം വളരെയേറെ അനുഭവിക്കുന്ന ഇക്കാലത്ത് കൂടുതൽ ഇന്ധനക്ഷമതയുള്ള മേൽപ്പറഞ്ഞ തരം അടുപ്പുകൾ പഞ്ചായത്തിൽ പ്രചരിപ്പിക്കുവാൻ കഴിയുകയാണെങ്കിൽ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് താഴ്ന്ന വരുമാനക്കാരായവർക്ക് ആശ്വാസകരമായിരിക്കും.

മണ്ണെണ്ണ

ഒൻപത് റേഷൻ കടകളിൽ നിന്നായി (95-96 വർഷത്തിൽ) പഞ്ചായത്തിൽ മൊത്തം 62,725 ലിറ്റർ മണ്ണെണ്ണ ഉപയോഗിക്കുകയുണ്ടായി. ഇതിൽ 290 ലിറ്റർ മണ്ണെണ്ണ പെർമിറ്റുള്ള കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളവയാണ്.

പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്തതായിട്ടുള്ള വീടുകൾ കൂടി വൈദ്യുതീകരിച്ചാൽ ഈ ചെലവ് ഗണ്യമായി കുറയ്ക്കാവുന്നതാണ്.

ബയോഗ്യാസ്

ഒരേക്കറും അതിൽ കൂടുതലും കൃഷിസ്ഥലമുള്ളവരായ രണ്ടായിരത്തി നാനൂറ്റിനാൽപ്പതോളം കർഷകർ ഈ പഞ്ചായത്തിലുണ്ട്. ഒരു പശുവിനെയെങ്കിലും വളർത്താത്തവരായി ഇവരിൽ ആരും തന്നെയില്ല. ഒന്നിൽ കൂടുതൽ

പശുക്കൾ ഉള്ളവരാണ് ഭൂരിപക്ഷവും. ഇത്രയും ബയോ ഗ്യാസ് പ്ലാൻറുകൾക്കുള്ള സാദ്ധ്യത ഉണ്ടെങ്കിലും ഈ സാദ്ധ്യതയെ ഉപയോഗപ്പെടുത്തിയിട്ടുള്ളവരായി 115 കുടുംബങ്ങൾ മാത്രമാണുള്ളത്. ഇതിനേക്കുറിച്ചുള്ള ബോധവൽക്കരണത്തിൻെറ അഭാവമാണ് ഈ അവസ്ഥക്ക് പ്രധാന കാരണം. മറ്റു കാരണങ്ങൾ യഥാക്രമം

1. പ്ലാൻറ് പണിയുന്നതിന് രണ്ടു പശുവെങ്കിലും വേണമെന്നുള്ള നിബന്ധന.
2. അനുവദിക്കപ്പെടുന്ന പ്ലാൻറുകളുടെ എണ്ണത്തിൻെറ കുറവ്.
3. സബ്സിഡിയിൽ വരുത്തിയ വെട്ടിക്കുറയ്ക്കാൻ എന്നിവയാണ്.

രണ്ട് ക്യൂബിക് മീറ്ററിൻെറ ഒരു പ്ലാൻറ് വലിയ ഒരു പശു മാത്രമാണെങ്കിലും സുഗമമായി പ്രവർത്തിക്കുമെന്നാണ് അനുഭവസ്ഥരുടെ അഭിപ്രായം.

L.P.G.

കഴിഞ്ഞ ഒന്നു രണ്ടു വർഷങ്ങളായി പഞ്ചായത്തിലെ ആളുകൾ എല്ലാം തന്നെ ഗ്യാസ് കണക്ഷനു വേണ്ടിയുള്ള നെട്ടോട്ടത്തിലാണ്. ഇന്ധനക്ഷാമമാണ് ഇതിനു ആളുകളെ പ്രേരിപ്പിക്കുന്നത്. ഉപയോഗിക്കുന്ന ആളുകളുടെ എണ്ണം ഇപ്പോഴും പരിമിതമാണ്. ഇത് സത്വരശ്രദ്ധ അർഹിക്കുന്ന രംഗമാണ്.

പരിഹാരങ്ങൾ

മുനിസിപ്പൽ അതിർത്തിയിൽ മാത്രമേ L.P.G. കണക്ഷൻ അനുവദിച്ചിട്ടുള്ളൂ. കോടിക്കുളം പഞ്ചായത്തിനും L.P.G. കണക്ഷൻ ആരംഭിക്കണം.

പ്രശ്നങ്ങൾ

വൈദ്യുതിയുടെ കാര്യത്തിലാണ് ആളുകൾക്ക് കൂടുതൽ പരാതിയുള്ളത്. അത് പ്രധാനമായും താഴെ പറയുന്നവയാണ്.

1. വോൾട്ടേജ് ക്ഷാമം
2. കണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസം.
3. സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവം പഞ്ചായത്തിൻെറ മൊത്തം 350-ഉം സ്ട്രീറ്റ് ലൈറ്റുകളെങ്കിലും വേണ്ട സ്ഥാനത്ത് 200 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണുള്ളത്. അവയിൽ തന്നെ വിരളമായ എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ.

നിർദേശങ്ങൾ

1. ഏകദേശം 250 ഏക്കർ പ്രദേശവും 6 മാസത്തിലേറെ നീരൊഴുക്കുമുള്ള ചൂളായിക്കോട് തോട്ടിൽ ഒരു മിനി ഹൈഡ്രൽ പ്രോജക്റ്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത അനർട്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നത് നന്നായിരിക്കണം. ഈ പദ്ധതി സാദ്ധ്യമാവുകയാണെങ്കിൽ 8 മാസക്കാലത്തേയ്ക്കെങ്കിലും പഞ്ചായത്തിൻെറ ഗാർഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉപകരിക്കും.

   ചേന്നംകോട് പാടത്തിൻെറ ഇടുക്കട ഭാഗത്തായി ഏകദേശം '60' ഉയരത്തിൽ നിന്ന് താഴോട്ട് പതിക്കുന്ന വെള്ളച്ചാട്ടവും ഈ പദ്ധതിയ്ക്കായി പരിഗണിയ്ക്കാവുന്നതാണ്.
2. ഇന്ധനങ്ങളെ സംബന്ധിച്ചുള്ള സയൻസിൻെറ സമീപകാല വെളിപ്പെടുത്തലുകൾ ഭയപ്പെടുത്തുന്നവയാണ്. പുതിയ ശ്രോതസുകൾ കണ്ടെത്തുന്നതിനുള്ള തീവ്ര ശ്രമത്തിലുമാണ് ആ രംഗത്ത് പ്രവർത്തിക്കുന്നവർ. ഈ സാഹചര്യത്തിലും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി നാഫ്ത പോലുള്ള ഇന്ധനങ്ങളെ നാം കൂടുതലായി ആശ്രയിക്കുന്നത്. ശ്രേയസ്കരമാവുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ അടുത്തനാളിൽ പത്രത്തിൽ വന്ന ഒരു വാർത്ത സ്മരിക്കുന്നത് ഉചിതമായിരിക്കും. വിലിയ സാങ്കേതികജ്ഞാനമോ ഉയർന്ന അക്കാദമിക്ക് യോഗ്യതയോ ഇല്ലാത്ത ഒരു ഗ്രാമീണ യുവാവ് വീടിനടുത്തുള്ള ഒരു ചെറിയ തോട്ടിലെ വെള്ളവും ഒരു ബൈക്കിൻെറ ഡയനാമയും ഉപയോഗിച്ച് തൻെറ വീട്ടിലെ ടി.വി. മുതലായ വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചുള്ളതായിരുന്നു വാർത്ത.


അൻപതോ, അറുപതോ വോൾട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഒരു സൗരോർജ്ജ പാനലിനായി 'അനർട്ട്' പോലുള്ള സ്ഥാപനങ്ങൾ ഇത്രയേറെ പണം മുടക്കുന്ന സാഹചര്യത്തിൽ മേൽപറഞ്ഞ സാങ്കേതിക വിദ്യ പ്രത്യേക പഠനം അർഹിക്കുന്നു.

കാലാവസ്ഥ പട്ടിക

1995	C.M.	1996	C.M.
ജനുവരി	2.50	ജനുവരി	4.10
ഫെബ്രുവരി	1.50	ഫെബ്രുവരി	3.90
മാർച്ച്	12.50	മാർച്ച്	3.10
ഏപ്രിൽ	44.70	ഏപ്രിൽ	54.90
മെയ്	62.00	മെയ്	19.60
ജൂൺ	76.00	ജൂൺ	61.50
ജൂലൈ	86.40	ജൂലൈ	90.10
ഓഗസ്റ്റ്	87.60	ഓഗസ്റ്റ്	68.40
സെപ്തംബർ	34.90	സെപ്തംബർ	68.90
ഒക്ടോബർ	26.80	ഒക്ടോബർ	47.50
നവംബർ	36.40	നവംബർ	- -
ഡിസംബർ	- -	ഡിസംബർ	- -
ആകെ	471.30	ആകെ	422.

5.6

വിദ്യാഭ്യാസം



പരിമിതമായ സൗകര്യങ്ങളിൽ ഒതുങ്ങി നിന്ന് എട്ടു സ്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പക്ഷെ ഓരോ വാർഡിനും ഓരോ സ്കൂളില്ലായെന്നതാണ് നഗ്ന സത്യം. കേരളത്തിലെ തന്നെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് സ്കൂൾ ഈ പഞ്ചായത്തിലുണ്ട്. രണ്ട് ഹൈസ്ക്കൂളുകളും മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും മൂന്ന് ലോവർ പ്രൈമറി സ്കൂളുകളുമാണ് ഈ പഞ്ചായത്തിലുള്ളത്.

1.ലിറ്റിൽ ഫ്ളവർ യു.പി.സ്കൂൾ വാഴക്കാല

ഇതൊരു പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളാണ്. ഇവിടെ പഠിക്കുന്ന 161 കുട്ടികളിൽ 80 പേർ ആൺകുട്ടികളും 81 പേർ പെൺകുട്ടികളുമാണ്. മൊത്തം 10 അദ്ധ്യാപകരിൽ രണ്ട് പുരുഷൻമാരും എട്ട് സ്ത്രീകളും ഉൾപ്പെടുന്നു. നോൺടീച്ചിംഗ് സ്റ്റാഫ് ഒരാളുമാണുള്ളത്. മൂത്രപ്പുരയുണ്ട്. കക്കൂസ് സൗകര്യമില്ല. കുടിവെള്ളക്ഷാമം ഉണ്ട്. കളിസ്ഥലം ഇല്ല. പഠനനിലവാരത്തിൽ പുറകോട്ടു പോയിരിക്കുന്ന അവസ്ഥയാണ്.

2. സെൻറ് ജോസഫ്സ് എൽ.പി.സ്കൂൾ പാറപ്പുഴ

ഇതൊരു പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളാണ്. ഇവിടെ പഠിക്കുന്ന 119 കുട്ടികളിൽ 55 ആൺകുട്ടികളും 64 പെൺകുട്ടികളുമാണ്. മൊത്തം അദ്ധ്യാപകരിൽ നാലു സ്ത്രീകളും ഒരു പുരുഷനും ഉൾപ്പെടുന്നു. മൂത്രപ്പുരയുണ്ട്. കക്കൂസില്ല. കളിസ്ഥലമില്ല. കഞ്ഞിപ്പുരയുണ്ട്. ചെറുതെങ്കിലും നല്ലരീതിയിൽ കായികനിലവാരം പുലർത്തുന്ന സ്കൂളാണിത്. പഠനകാര്യത്തിൽ അത്രതന്നെ മെച്ചമില്ല. കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

3. സെ.മേരീസ് എൽ.പി.സ്കൂൾ തെന്നത്തൂർ

ഇതൊരു പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളാണ്. ഇവിടെ 38 ആൺകുട്ടികളും 46 പെൺകുട്ടികളുമടക്കം 84 കുട്ടികൾ ഉണ്ട്. മൊത്തം 5 അധ്യാപകരിൽ ഒരു പുരുഷനും നാലു സ്ത്രീകളുമാണ്. കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്നു. മൂത്രപ്പുരയുണ്ട്. കക്കൂസ്, കളസ്ഥലം ഇവയില്ല. പാഠനോപകരണങ്ങളും ഇല്ലാത്ത അവസ്ഥയാണ്. പരിമിതമായ സൗകര്യങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്.

4. ഗവ.യു.പി.സ്കൂൾ നെടുമറ്റം

ഇതൊരു ഗവൺമെൻറ് യു.പി.സ്കൂൾ ആണ്. 90 ആൺകുട്ടികളും 61 പെൺകുട്ടികളുമടക്കം 151 കുട്ടികൾ ഇവിടെ പഠിക്കുന്നു. ആകെ 9 അധ്യാപകരിൽ 5 പുരുഷൻമാരും 4 സ്ത്രീകളുമാണ്. മൂത്രപ്പുര, കക്കൂസ് എന്നിവയില്ല. പരിമിതമായ കളിസ്ഥലം മാത്രം. ഒരു ഗവൺമെൻറ് സ്കൂളിന്റെ എല്ലാ പരിമിതികളും ഇതിനുണ്ട്. എങ്കിലും പഠനനിലവാരത്തിൽ തൃപ്തികരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

5. ഗവ.ഹൈസ്ക്കൂൾ പടി.കോടിക്കുളം

ഇതൊരു നല്ലനിലയിൽ പ്രവർത്തിക്കുന്ന ഹൈസ്ക്കൂളാണ്. 321 ആൺകുട്ടികളും 345 പെൺകുട്ടികളുമടക്കം 666 കുട്ടികൾ ഇവിടെ പഠിക്കുന്നു. 5 പുരുഷൻമാരും 16 സ്ത്രീകളുമടക്കം 21 അധ്യാപകർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ലൈബ്രറി ഈ സ്കൂളിനുണ്ട്. ഈ പഞ്ചായത്തിലെ തന്നെ നല്ലനിലയിലുള്ള ഒരു ലാബ് സ്കൂളിന് സ്വന്തമായുണ്ട്. നല്ല നിലയിൽ ഒരു കളിസ്ഥലവും ആവശ്യത്തിന് ഉപകരണവുമുള്ള കെട്ടിടസൗകര്യമുണ്ട്. പഠനനിലവാരത്തിൽ കേരളത്തിലെ ഗവ.സ്കൂളുകളിൽ മുൻപന്തിയിലാണ്.

6. സെ.മേരീസ് എൽ.പി.സ്കൂൾ കോടിക്കുളം

ഇതൊരു പ്രൈവറ്റ് മാനേജ്മെൻറ് എൽ.പി.സ്കൂളാണ്. ആകെ 131 ആൺകുട്ടികളും 114 പെൺകുട്ടികളുമടക്കം 245 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. 2 പുരുഷൻമാരും 7 സ്ത്രീകളുമടക്കം മൊത്തം ഒൻപത് അധ്യാപകർ ഈ സ്കൂളിലുണ്ട്. മൂത്രപ്പുരയുണ്ട്. കക്കൂസ് സൗകര്യമില്ല. നല്ല ഒരു കളസ്ഥലം സ്വന്തമായിട്ടുണ്ട്. പഠനനിലവാരത്തിൽ താഴോട്ട് പൊയ്കൊണ്ടിരിക്കുന്ന ഒരു സ്കൂളാണിത്.

7. സെ.മേരീസ് ഹൈസ്ക്കൂൾ കോടിക്കുളം

ഇതൊരു പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളാണ്.

മൊത്തം 273 ആൺകുട്ടികളും 237 പെൺകുട്ടികളും അടക്കം 510 കുട്ടികൾ ഇവിടെ പഠിക്കുന്നു. ആകെയുള്ള 21 അധ്യാപകരിൽ 5 പേർ പുരുഷൻമാരും 16 പേർ സ്ത്രീകളുമാണ്. പഠനനിലവാരത്തിൽ ബഹുദൂരം പിന്നോട്ടുപോകുന്ന അവസ്ഥയാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ലൈബ്രറിയുണ്ട്. നല്ല നിലയിലുള്ള ലാബ് സൗകര്യമുണ്ട്. സ്റ്റേഡിയമുണ്ട്. മൂത്രപ്പുര, കക്കൂസ് സൗകര്യങ്ങൾ ഉണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമാണ്.

8. ലിറ്റിൽ ഫ്ളവർ യു.പി.സ്കൂൾ കൊടുവേലി

ഇതൊരു പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളാണ്. മൊത്തം 111 ആൺകുട്ടികളും 110 പെൺകുട്ടികളുമടക്കം 221 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. ആകെ 8 വനിതാ അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നു. മോശമല്ലാത്ത നിലവാരം പുലർത്തുന്ന ഒരു സ്കൂളാണിത്. മൂത്രപ്പുരയുണ്ട്. കളിസ്ഥലം, കക്കൂസ് ഇവയില്ല.

9. സെ.ജോസഫ് ഐ.റ്റി.സി.കൊടുവേലി

ഈ സ്ഥാപനം 1986-ൽ ആരംഭിച്ചു. പ്രൈവറ്റ് മാനേജുമെൻറിലുള്ള ഈ ഐ.റ്റി.സി യിൽ ഇപ്പോൾ ഇലക്ട്രോണിക്സ്, കംപ്യൂട്ടർ സോഫ്ട്വെയർ, എയർ കണ്ടീഷൻ മെക്കാനിക് എന്നീ കോഴ്സുകളിലായി 156 സീറ്റിന് 'നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്' ന്റെ സ്ഥിരമായ അഫിലിയേഷൻ ഉണ്ട്. രണ്ടു വനിതാധ്യാപകർ ഉൾപ്പെടെ 10 അധ്യാപകർ. അദ്ധ്യാപകേതര ജീവനക്കാർ 2. അങ്ങനെ ആകെ 12 സ്റ്റാഫ് അംഗങ്ങൾ. കോടിക്കുളം, കരിമണ്ണൂർ, വണ്ണപ്പുറം പഞ്ചായത്തുകളിൽ നിന്നുള്ള കുട്ടികളാണ് പ്രധാനമായും ഇവിടെ പഠിക്കുന്നത്. പഠന സൗകര്യങ്ങളിലും മറ്റുരംഗങ്ങളിലും ഉന്നതനിലവാരം പുലർത്തുന്ന ഒരു സ്ഥാപനമാണിത്.

അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശാസ്ത്രസാഹിത്യപരിഷിത്ത്

1978 മുതൽ ശാസ്ത്രസാഹിത്യപരിഷത്തിന്റെ ഒരു യൂണിറ്റ് ഇവിടെ പ്രവർത്തനരംഗത്തുണ്ട്. 23 അംഗങ്ങൾ നിലവിലുണ്ട്. 1980 മുതൽ 1983 വരെ ഇവിടെ ഒരു അനൗപചാരിക വിദ്യാഭ്യാസകേന്ദ്രം പരിഷത്തിന്റെ ചുമതലയിൽ നടത്തിവന്നിരുന്നു. 1982-ൽ 100 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സമഗ്രവികസനസെമിനാർ നടത്തി. സംസ്ഥാനസാസ്കാരികജാഥയ്ക്ക് 1978-ൽ ഈ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സമുചിതമായ സ്വീകരണം നൽകി. കൂടാതെ കലാജാഥകൾ, വിദ്യാഭ്യാസജാഥകൾ, വിജ്ഞാനോത്സവങ്ങൾ തുടങ്ങി വിവിധ പരിപാടികളിൽ പരിഷിത്തിന്റെ ആഭിമുഖ്യത്തിൽ ഈ പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. എന്നാൽ '95-96 കാലഘട്ടങ്ങളിൽ മാത്രം പരിഷിത്തിന് കാര്യമായൊന്നും സംഭാവനനൽകാൻ കഴിഞ്ഞിട്ടില്ല. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ പരിഷിത്തംഗങ്ങൾ കാര്യമായി സഹകരിച്ചിട്ടുണ്ട്.

ലൈബ്രറികൾ

ഈ പഞ്ചായത്തിൽ 4 പബ്ളിക് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ സാമാന്യം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നവയും നല്ല പുസ്തകശേഖരങ്ങളുള്ളവയുമായ 3 എണ്ണമുണ്ട്. കോടിക്കുളം ലിറ്റിൽ ഫ്ളവർ പബ്ളിക് ലൈബ്രറിയും, പടി.കോടിക്കുളം മഹാത്മാഗാന്ധി പബ്ളിക് ലൈബ്രറിയും, കേരളാ പബ്ളിക് ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ് വണ്ടമറ്റവും ആണ്. ഇവയ്ക്കുതന്നെയും ഗതകാലപ്രതാപം ഇപ്പോൾ ഉണ്ടെന്നു പറയാനാവില്ല.

3. ക്ലബുകൾ

ഇവിടെ ആകെ 9 ആർട്സ് & സ്പോർട്സ് ക്ലബുകൾ ഉണ്ട്. അതിൽ 3 എണ്ണമൊഴികെ മറ്റുള്ളവയെല്ലാം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നവയാണ്. എല്ലാ ക്ലബ്ബുകൾക്കും എൻ.വൈ.കെയുടെ അഫിലിയേഷൻ ഉണ്ട്. സംപൂർണ്ണസാക്ഷരതായജ്ഞത്തിന്റെ ഒന്നും രണ്ടും ഘട്ടത്തിൽ ക്ലബ്ബംഗങ്ങൾ സജീവമായി സഹകരിച്ചിട്ടുണ്ട്.

4. അംഗൻവാടികൾ

ഐ.സി.ഡി.എസ്. സഹകരണത്തോടെ നല്ല നിലയിൽ നടത്തപ്പെടുന്ന 8 അംഗൻവാടികളാണ് ഈ പഞ്ചായത്തിലുള്ളത്. കുഞ്ഞുങ്ങളുടേയും അവരുടെ മാതാക്കളുടേയും ആരോഗ്യപരിപാലനാവിഷയങ്ങളിൽ ലാഭേച്ഛകൂടാതെ പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ് സ്ഥാപനത്തിലെ ജീവനക്കാർ.

5. ആശാൻ കളരികൾ

വനിതകൾ നല്ലനിലയിൽ നടത്തുന്ന പ്രശസ്തമായ രണ്ട് ആശാൻകളരികൾ ഈ പഞ്ചായത്തിലെ പാറപ്പുഴയിലും ഐരാമ്പിള്ളിയിലും ഉണ്ട്.

6. സാക്ഷരതായജ്ഞം

410 നിരക്ഷരരായ മുതിർന്നവരെ അക്ഷരത്തിന്റെ വെളിച്ചത്തിലേയ്ക്കാനയിക്കുവാൻ ഈ പഞ്ചായത്തിനുകഴിഞ്ഞു. സംപൂർണ്ണസാക്ഷരതയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 100-ൽ അധികം പഠിതാക്കളെ വീതം പങ്കെടുപ്പിച്ചുകൊണ്ടുള്ള ഓരോ പഠനപര്യടനങ്ങൾ, എറണാകുളം, കൊച്ചി, തിരുവനന്തപുരം, കന്യാകുമാരി എന്നിവിടങ്ങളിലേക്കായി നടത്തുകയും ചെയ്തിട്ടുണ്ട്. സംപൂർണ്ണസാക്ഷരരതാ പ്രവർത്തനവിജയത്തിൽ ഇടുക്കിജില്ലയിൽ 3-ാം സ്ഥാനം നമ്മുടെ പഞ്ചായത്തിനാണ്. 1-A.P.O., 3-D.R.P., 6 -M.T., 75 Instructor എന്നിവർ യാതൊരു പ്രതിഫലവും കൂടാതെ പ്രവർത്തിച്ചതിന്റെ ഫലമാണ് ഈ അസുലഭനേട്ടം. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ സാക്ഷരതായജ്ഞത്തിലൂടെ സാക്ഷരരായി തീർന്നവർ പലരും അപ്രതീക്ഷിതമായ കാരണങ്ങളാൽ വീണ്ടും നിരക്ഷരതയിലേക്ക് വഴുതിപോകുന്നത് തടയാനുള്ള സംവിധാനങ്ങൾ പിന്നീട് പ്രാബല്യത്തിൽ വന്നില്ല എന്നുള്ളത് ഇപ്പോഴും ഒരു ദു:ഖസത്യമായി അവശേഷിക്കുന്നു.

പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ചില നിർദ്ദേശങ്ങൾ

1. സ്കൂൾ കോംപ്ലക്സ്

നമ്മുടെ പഞ്ചായത്തിൽ ഇതുവരെ സ്കൂൾ കോംപ്ലക്സിന് രൂപം നൽകിയിട്ടില്ല. പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരവും പാഠ്യേതരപ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് കല്യാശ്ശേരി, ശിവപുരം, മടിക്കൈ എന്നീ പഞ്ചായത്തുകളെ മാതൃകയാക്കിക്കൊണ്ട് സ്കൂൾ കോംപ്ലക്സിന് രൂപം നൽകേണ്ടത് അനുപേക്ഷണീയമാണ്.

2. ഈ പഞ്ചായത്തിലെ 1,2 വാർഡുകളിൽപെട്ട തെന്നത്തൂർ പ്രദേശത്തെ കുട്ടികൾ യു.പി.സ്കൂളിൽ പോകുന്നതിന് 5 കിലോമീറ്ററും ഹൈസ്ക്കൂളിൽ പോകുന്നതിന് 6-7 കിലോമീറ്ററും യാത്ര ചെയ്യേണ്ടിവരുന്നു. അതുകൊണ്ട് തെന്നത്തൂരിൽ ഒരു യു.പി.സ്കൂൾ അനുവദിക്കുകയോ നിലവിലുള്ള എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. 90% ത്തിൽ കൂടുതൽ കൃഷിക്കാരും അനുബന്ധതൊഴിലാളികളും അധിവസിക്കുന്ന ഈ പഞ്ചായത്തിലെ ഗവ.ഹൈസ്കൂളിനോടനുബന്ധിച്ചോ അല്ലാതെയോ കാർഷികപ്രധാനമായ കോഴ്സുകൾ ആരംഭിക്കേണ്ടതാണ്.

3. നെടുമറ്റം ഗവ.യു.പി.സ്കൂളിന്റെ ഗ്രൗണ്ടിന് അനുവദിച്ചിരിക്കുന്ന സ്ഥലത്ത് നിലവിൽ വൃക്ഷങ്ങൾ ഉണ്ട്. അവ വെട്ടിമാറ്റി ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

4. പടി.കോടിക്കുളം ഗവ.സ്ക്കൂളിന്റെ പലഭാഗത്തും നടുവിലുമായി നിൽക്കുന്ന ഉപദ്രവകാരികളായ മരങ്ങൾ മുറിച്ചുകളയുകയും ഗ്രൗണ്ടിന് വീതികൂട്ടുകയും ചെയ്യുക.

5. സ്കൂളിന്റെ അതിരുതിരിച്ച് മതിൽ കെട്ടുക

6. കരിമണ്ണൂർ, കോടിക്കുളം, ഉടുമ്പന്നൂർ, കുമാരമംഗലം എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ അനുവദിക്കുക.

7. സ്കൂൾ ആരംഭത്തിൽതന്നെ അധ്യാപകരെ നിയമിക്കുകയും, ആവശ്യത്തിന് കളിസ്ഥലം, പഠനോപകരണങ്ങൾ എന്നിവ അനുവദിക്കുകയും ചെയ്യുക.

8. കലാകാലങ്ങളിൽ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക

9. ക്ലാസ്സുമുറികളുടെ അഭാവമുള്ളിടത്ത് പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുക

10. വിദ്യാർത്ഥികളിൽ കാർഷികമായി അഭിരുചി വളർത്തുന്നതിന് സ്കൂൾ തലത്തിൽ മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുകയും, ബോധവൽക്കരണ പരിശീലനക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുക.

11. പടി.കോടിക്കുളം ഗവ.ഹൈസ്ക്കൂളിലും, കോടിക്കുളം സെൻറ് മേരീസ് ഹൈസ്ക്കൂളിലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ആരംഭിക്കുക

വിദ്യാലയസൗകര്യങ്ങൾ

പേര്	ഓഫീസ്	സ്റ്റാഫ് മുറി	ലാബോറട്ടറി	ലൈബ്രറി പുസ്തകം	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം
സെ.മേരീസ് ഹൈസ്ക്കൂൾ, കോടിക്കുളം	ഉണ്ട്	ഉണ്ട്	ഉണ്ട്	800	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
ഗവ.ഹൈസ്കൂൾ, പടി.കോടിക്കുളം	”	”	”	600	”	”	”	”	”
ലിറ്റിൽ ഫ്ളവർ യു.പി.സ്കൂൾ, കൊടുവേലി	”	”	”	-	”	”	”	”	”
ഗവ.യു.പി.സ്കൂൾ നെടുമറ്റം	”	”	”	ഇല്ല	”	”	ഇല്ല	”	”
L.F.യു.പി.സ്കൂൾ, വാഴക്കാല	”	”	ഇല്ല	”	”	ഇല്ല	”	”	”
സെ.മേരീസ് എൽ.പി., കോടിക്കുളം	”	”	”	”	”	”	”	”	”
സെ.ജോസഫ് എൽ.പി., പാറപ്പുഴ	”	”	”	”	”	”	”	”	”
സെ.മേരീസ് എൽ.പി., തെന്നത്തൂർ	”	”	”	”	”	”	”	ഇല്ല	ഇല്ല
സെ.ജോസഫ്സ് ഐ.റ്റി.സി, കൊടുവേലി	”	”	ഉണ്ട്	ഉണ്ട്	”	ഉണ്ട്	”	ഉണ്ട്	”

കോടിക്കുളം പഞ്ചായത്ത് വിദ്യാലയങ്ങൾ

	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			അദ്ധ്യാപകരുടെ യോഗ്യത
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1.	സെന്റ് മേരീസ് ഹൈസ്കൂൾ കോടിക്കുളം	എയ്ഡ്	271	237	510	5	16	21	B.Ed
2.	ഗവൺമെന്റ് ഹൈസ്കൂൾ പടി. കോടിക്കുളം	ഗവൺമെന്റ്	321	345	666				B.Ed
3.	ലിറ്റിൽ ഫ്ളവർ യു. പി. സ്കൂൾ കൊടുവേലി	എയ്ഡഡ്	111	10	221			8	TTC
4.	ഗവൺമെന്റ് യു. പി. സ്കൂൾ നെടുമറ്റം	ഗവൺമെന്റ്	90	61	151	5	4	9	TTC
5.	ലിറ്റിൽ ഫ്ളവർ യു. പി. വാഴക്കാല		80	81	161	2	8	10	TTC
6.	സെന്റ് മേരീസ് എൽ. പി. സ്കൂൾ കോടിക്കുളം	എയ്ഡഡ്	131	114	245	2	7	9	TTC
7.	സെന്റ് ജോസഫ് എൽ. പി. സ്കൂൾ പാറപ്പുഴ	എയ്ഡഡ്	55	64	119	1	4	5	TTC
8.	സെന്റ് മേരീസ് എൽ. പി. സ്കൂൾ തെന്നത്തൂർ	എയ്ഡഡ്	38	46	84	1	4	5	TTC

കോടിക്കുളം പഞ്ചായത്തിലെ പ്രധാന സാംസ്കാരിക സന്നദ്ധ സംഘടനകൾ


	പേരും വിലാസവും	കെട്ടിടത്തിന്റെ വിവരം	ഏത് സ്ഥാപനത്തിന്റെ അഫിലിയേഷൻ	പ്രധാന പ്രവർത്തനങ്ങൾ	ഇപ്പോഴത്തെ അവസ്ഥ
1.	പാറഷുഴ പബ്ലിക് ലൈബ്രറി	സ്ഥലം ഉണ്ട് കെട്ടിടം ഇല്ല	NA	NA	
2.	ചൈതന്യ ആർട്സ് & സ്പോർട്സ് ക്ലബ് ചേന്നംകോട്	വാടകകെട്ടിടം	NYK	കലാകായികം, ഗ്രാമ വികസനം, സാംസ്കാരിക പ്രവർത്തനങ്ങൾ	പ്രവർത്തിയ്ക്കുന്നു
3.	പീഫിൽസ് ആർട്സ് & സ്പോർട്സ് ക്ലബ് ചേന്നംകോട്	"	NYK	കലാകായികപരിപാടികൾ, ഗ്രാമ വികസന പരിപാടികൾ, സാംസ്കാരിക പരിപാടികൾ	പ്രവർത്തിയ്ക്കുന്നു
4.	ലേബേഴ്സ് റീഡിംഗ് ക്ലബ് കാളിയാർ	കാളിയാർ എസ്റ്റേറ്റ് വക	NA	വായനശാല	പ്രവർത്തിയ്ക്കുന്നു
5.	യംഗ്സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലപ് കൊടുവേലി	വാടക			പ്രവർത്തിയ്ക്കുന്നു
6.	എം. എം. ലൈബ്രറി-എം. ജി. എം. ആർട്സ് & സ്പോർട്സ് ക്ലബ്ബ് പടി. കോടിക്കുളം	സ്വന്തം കെട്ടിടം	കേരള ഗ്രന്ഥശാലാ സംഘം അഭിലിയേഷൻ	പുസ്തക വിതരണം, വായനശാല, കലാകായിക പ്രവർത്തനങ്ങൾ T.V ക്ലബ്ബ്	നിശ്ചലം
7.	സർഗ്ഗധാരാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പടി. കോടിക്കുളം	വാടക	NA	കലാകായിക പരിപാടികൾ	പ്രവർത്തിയ്ക്കുന്നു
8.	കേരള പബ്ളിക് ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ്ബ് വണ്ടമറ്റം	സ്വന്തം കെട്ടിടം	കേരള ഗ്രന്ഥശാലാ സംഘം NYK ഇടുക്കി ജില്ലാ യൂത്ത് ക്ലബ്ബ് യണിയൻ	ഗ്രന്ഥ വിതരണം, വായനശാല, കലാകായിക പ്രവർത്തനങ്ങൾ, ഗ്രാമ വികസന പ്രവർത്തനങ്ങൾ, സന്നദ്ധ സേവന പ്രവർത്തനങ്ങൾ	സജീവമായി പ്രവർത്തിയ്ക്കുന്നു
9.	ഡോ. അംബേദ്കർ ആർട്സ് & സ്പോർട്സ് ക്ലബ് ഹരിജൻ കോളനി വണ്ടമറ്റം	വാടക			പ്രവർത്തിയ്ക്കുന്നു
10	എൽ. എഫ്. പബ്ലിക് ലൈബ്രറി, ആർട്സ് & ക്ലബ്ബ് കോടിക്കുളം	സ്വന്തം കെട്ടിടം	കേരള ഗ്രന്ഥശാലാ സംഘം നെഹ്റു യുവകേന്ദ്രം, ഇടുക്കി ജില്ലാ യൂത്ത് ക്ലബ്ബ് യൂണിയൻ	ഗ്രന്ഥ വിതരണം, വായനശാല, കലാകായിക പ്രവർത്തനങ്ങൾ, ഗ്രാമ വികസന പ്രവർത്തനങ്ങൾ, സന്നദ്ധ സേവന പ്രവർത്തനങ്ങൾ	തൃപ്തികരമായി പ്രവർത്തിയ്ക്കുന്നു
11	നിർമ്മല വനിതാ സമാജം വണ്ടമറ്റം	സ്വന്തം കെട്ടിടം	നെഹ്റു യുവകേന്ദ്ര	വനിതാ ക്ഷേമ പ്രവർത്തനം, വനിതാ സഹകരണ സംഘം, വനിതാ വ്യവസായ കേന്ദ്രം, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, നഴ്സറി സ്കൂൾ, തയ്യൽ ക്ലാസ്	സജീവമായി പ്രവർത്തിയ്ക്കുന്നു
12	സാക്സോ വണ്ടമറ്റം	ഇല്ല	ഇല്ല	പടന യാത്രകൾ, ആരോഗ്യ പരിപാലനം, ഗ്രാമ വികസന പ്രവർത്തനങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ	പ്രവർത്തനം നിർജ്ജീവം
13	തൂലികാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പടി. കോടിക്കുളം	വാടക	NA	കലാ കായിക, ഗ്രാമ വികസന പരിപാടികൾ	നിർജ്ജീവം
14	കേരളാ ശാസ്ത്ര സാഹിത്യ പരിക്ഷിത്ത്	ഇല്ല	ഇല്ല	എല്ലാ സാമൂഹ്യ സാംസ്കാരിക, വിദ്യാഭ്യാസ നേഖലകളിലും പ്രവർത്തിക്കുന്നു	സജീവം

5.7

പൊതുജനാരോഗ്യവും കുടിവെള്ളവും

കോടിക്കുളം പഞ്ചായത്തിന്റെ ഭൂരിഭാഗവും അവികസിത പിന്നോക്ക പ്രദേശങ്ങളാണ്. പൊതുജനാരോഗ്യ രംഗത്ത് നാമമാത്രമായ സൗകര്യങ്ങളാണുള്ളത്. ജനങ്ങൾ ചികിത്സക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും സമീപ പട്ടണമായ തൊടുപുഴയിലെ വിവിധ സ്വകാര്യ ആശുപത്രികളേയും, ഗവൺമെൻറ് ജില്ലാ ആശുപത്രികളേയുമാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളും ഗുരുതരമായ കുടിവെള്ള പ്രശനത്തെ നേരിടുന്നതാണ്.

സമൂഹത്തിന്റെ പുരോഗതിയുടെ വിവിധ മാനദണ്ഡങ്ങളിൽ പ്രധാനം ആരോഗ്യ നിലവാരമാണ്. കേരളം ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടം ലോകത്തെ വികസിത രാജ്യങ്ങൾക്ക് തുല്യമാണ്. ശിശുമരണ നിരക്കിലെ കുറവ് അമേരിയ്ക്കയേപ്പോലും മറികടക്കുവാൻ പോകുകയാണ്. രോഗമില്ലായ്മ മാത്രമല്ല ആരോഗ്യം. ഏറ്റവും ഉയർന്ന കർമ്മശേഷി കൂടി ഉണ്ടായിരിക്കണം. ഇക്കാര്യത്തിൽ നമ്മൾ പിന്നിലാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഗുരുതരമായ മറ്റുചില ഭീഷണികളും ഇന്ന് നിലവിലുണ്ട്. എയ്ഡ്സ് എന്ന മാരക വിപത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളത്തിന് നാലാമത്തെ സ്ഥാനമുണ്ട്. ഭീകരമായ ഈ അവസ്ഥ നമ്മുടെയെല്ലാം പരിചിന്തനത്തിന് വിധേയമാകണം.



തൊഴിലാളികളും മറ്റ് താഴ്ന്ന വരുമാനക്കാരുമായിട്ടുള്ളവർക്ക് പരിസരമലിനീകരണം, കക്കൂസുകളുടെ അഭാവം എന്നിവ ഗുരുതരമായ ആരോഗ്യ പ്രശനങ്ങളാണ് ഉയർത്തുന്നത്. ഇവയ്ക്കെല്ലാം പരിഹാരം ഉണ്ടാക്കണം. ചികിത്സാ രംഗത്തും വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. സാവകാശത്തിലാണെങ്കിലും കേരളത്തിലെ ആരോഗ്യ രക്ഷാ രംഗത്ത് വലിയ മാറ്റം വരുത്തികൊണ്ടിരിക്കുന്ന ഒന്നാണ് പ്രകൃതി ജീവന സമ്പ്രദായം. ഇത് പ്രകൃതി ചികിത്സ എന്ന പേരിലാണ് പരക്കെ അറിയപ്പെടുന്നത്. വാസ്തവത്തിൽ ചികിത്സയല്ല ജീവിത രീതിയാണ്. ആരോഗ്യ രക്ഷാ രംഗത്ത് വിസ്ഫോടകമായ മാറ്റം വരുത്തുവാൻ കഴിയുന്ന പ്രകൃതി ജീവന സമ്പ്രദായത്തിന് വമ്പിച്ച പ്രാധാന്യം നൽകേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്ത് ഇക്കാര്യത്തിൽ ഒരു മാതൃകതന്നെയാവണം. കൃഷിയുമായി നമ്മുടെ ആരോഗ്യ രംഗം ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിനാവശ്യമായ പച്ചക്കറികളും പഴങ്ങളും അന്യ സംസ്ഥാനങ്ങളിൽ നിന്ന് കോടിക്കണക്കിന് പണം മുടക്കി നാം വാങ്ങുകയാണ്. പഴം പച്ചക്കറി രംഗത്ത് വിപുലമായ സാദ്ധ്യതകൾ ഉള്ളതും സ്വയം പര്യാപ്തത നേടാൻ കഴിവുള്ളതുമാണ് നമ്മുടെ സംസ്ഥാനം. ജൈവ വളം ഉപയോഗിച്ചുള്ള കൃഷി കാര്യങ്ങൾക്ക് നമ്മൾ മുൻതൂക്കം കൊടുക്കണം. കേരളത്തിലെ ഇപ്പോഴത്തെ ഗവൺമെൻറ് മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾക്കെല്ലാം പ്രാധാന്യം കൊടുക്കുകയും, എളിയ നിലയ്ക്കാണെങ്കിലും പ്രാരംഭ നടപടികൾക്ക് തയ്യാറായിട്ടുണ്ടെന്നുള്ളതും ആശ്വാസകരമാണ്.

നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ ജനങ്ങളുടെ ആകെ അവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല. ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പഞ്ചായത്തിലെ സൗകര്യപ്രദമായ ഏതെങ്കിലും പ്രദേത്ത് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയിൽ ഏകദേശം 50 ശതമാനത്തോളം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരാണ്. പൊതുശ്മശാനത്തിന്റെ അഭാവം മൂലം ഒരു നല്ല വിഭാഗം ജനങ്ങൾ വലിയ ബുദ്ധിമുട്ടനുഭവിയ്ക്കുന്നു.

രോഗങ്ങൾ

ഹൃദ്രോഗവും കൃൻസറും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തു നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. കുഷ്ഠ രോഗ ബാധ ഒരു വ്യക്തിയ്ക്ക് ഉള്ളതായും റിപ്പോർട്ട് ചെയ്യപ്പെടുന്നു. മലമ്പനി, എയ്ഡ്സ് ഇവ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. പനി, മഞ്ഞപ്പിത്തം, വയറിളക്കം, ഛർദ്ദി തുടങ്ങിയവയാണ് വ്യാപകമായി കാണപ്പെടുന്ന രോഗങ്ങൾ. കുടിവെള്ള പ്രശനം കക്കൂസുകളുടെ അഭാവം ഇവയാണ് മേൽപ്പറഞ്ഞ രോഗങ്ങൾക്കു കാരണം. ആകെ വീടുകളുടെ എണ്ണം 3458 ആണ്. ഇവയിൽ കക്കൂസുകൾ ഇല്ലാത്തവ 2100 ഉം, ഉള്ളവർ 1608 ഉം ആണ്. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രിയും ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും രണ്ട് ഹെൽത്ത് സെൻററുകളും ഏതാനും സ്വകാര്യ ആശുപത്രികളും ഉണ്ട്.

ഈ പഞ്ചായത്തിന്റെ വിസ്തൃതി 18.92 ച.കി.മീറ്ററും ജനസംഖ്യ 15531 ഉം ആണ്. ആകെ എട്ടു വാർഡുകളാ

ണുള്ളത്. ജനസംഖ്യയിൽ 6814 പുരുഷന്മാരും, 6717 സ്ത്രീകളും 1545 കുട്ടികളുമാണ് (6 വയസ്സിൽ താഴെ).

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം
1993-94	196	86
1994-95	198	78
1995-96	192	82

ജനന മരണ നിരക്ക്

വർഷം	ജനനം	മരണം
1993-94	12.6	5.53
1994-95	12.74	5.00
1995-96	12.03	5.02

ഈ പഞ്ചായത്തിലെ ജനന നിരക്കും മരണ നിരക്കും കേരളത്തിലെ ശരാശരിയേക്കാൾ താഴെയാണ്.

മാതൃമരണ നിരക്ക്, ശിശുമരണ നിരക്ക് എന്നിവ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

പകർച്ചവ്യാധികൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ള രോഗങ്ങൾ
1993-94	291	72	3	5515
1994-95	284	57	1	5576
1995-96	270	68	2	5618

പകർച്ച വ്യാധികൾ

സ്ഥാപനപരമായ പ്രശ്നങ്ങൾ

1) പ്രാഥമികാരോഗ്യ കേന്ദ്രം :- ഈ സ്ഥാപനം കോടിക്കുളം പഞ്ചായത്തിന്റെ ഹൃദയഭാഗത്താണ് സ്ഥിതിചെയ്യുന്നത്. നല്ല ഒരു കെട്ടിടവും 10 രോഗകളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യവും ഇവിടെയുണ്ട്. എന്നാൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതുമൂലം ഈ സ്ഥാപനത്തിൽ നിന്നും കിട്ടേണ്ട പ്രയോജനം നാട്ടുകാർക്ക് ലഭിക്കുന്നില്ല. ഫസ്റ്റ് എയിഡിന് ഉള്ള സൗകര്യം പോലും പലപ്പോഴും ഇവിടെ ലഭ്യമല്ല. ആവശ്യത്തിന് മരുന്നുകളും മറ്റ് സാമഗ്രികളും ഇവിടെ ഇല്ല. സ്ഥിരമായി ഡോക്ടറും ഇല്ല.

2) ഹെൽത്ത് സെൻറർ വണ്ടമറ്റം:- ഇവിടെ ഒരു ജീവനക്കാരി ഉണ്ട്.

കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ട്. പക്ഷേ ജീവനക്കാരിൽ നിന്നും കിട്ടേണ്ട സേവനം ഫലപ്രദമായി ജനങ്ങൾക്ക് കിട്ടുന്നില്ല.

3) ഹെൽത്ത് സെൻറർ പടി.കോടിക്കുളം :- ഇവിടെയുള്ള കെട്ടിടം ജീർണ്ണിച്ച് ഉപയോഗശൂന്യമായതുകൊണ്ട് ജീവനക്കാർ താമസിക്കുകയോ അവരുടെ സേവനം ജനങ്ങൾക്ക് ലഭിക്കുകയോ ചെയ്യുന്നില്ല.

4) ആയുർവേദ ആശുപത്രി :- കെട്ടിടം നിർമ്മാണ ദശയിലാണ്. അവിടെ എല്ലാ കാര്യങ്ങളും ഭംഗിയായി നടക്കുന്നുണ്ട്. പക്ഷേ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇപ്പോഴില്ല.

5) ഹോമിയോ ആശുപത്രിയുടെ അഭാവം.

6) പൊതു ശ്മശാനമില്ലായ്മ.

7) പ്രകൃതി ജീവന സമ്പ്രദായത്തിന്റെ അഭാവവും ഇതിന് വേണ്ടത്ര പ്രചാരം നൽകാനുള്ള സംവിധാനമില്ലായ്മയും.

പരിഹാരങ്ങൾ

1)പ്രാഥമികാരോഗ്യ കേന്ദ്രം :- സ്ഥിരമായി ഡോക്ടർ ഉണ്ടാകുകയും രോഗികളെ താമസിപ്പിച്ചു ചികിത്സിയ്ക്കുവൻ ആവശ്യമായ ജീവനക്കാർ ഉണ്ടാകുകയും ചെയ്യണം.

2) ഹെൽത്ത് സെൻറർ വണ്ടമറ്റം :- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി അവരുടെ ജോലിചെയ്യുന്നതിനുള്ള സാഹചര്യം മേലേത്തട്ടിൽ നിന്നും ലഭ്യമാക്കണം.

3) ഹെൽത്ത് സെന്റർ പടി. കോടിക്കുളം :- കെട്ടിടം പുതുക്കി പണിത് ഉപയോഗയോഗ്യമാക്കി ജീവനക്കാർക്ക് കൃത്യമായി അവരുടെ ജോലി ചെയ്യുന്നതിനുള്ള സാഹചര്യം മേലേത്തട്ടിൽ നിന്നും ലഭ്യമാക്കണം.

4) ആയുർവേദ ആശുപത്രി :- ആയുർവേദ ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് രോഗികളെ കിടത്തി ചികിത്സിയ്ക്കുന്നതിനുള്ള സൗകര്യം അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

5) ഹോമിയോ ആശുപത്രി :- സൗകര്യപ്രദമായ ഏതെങ്കിലും പ്രദേശത്ത് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കേണ്ടിയിരിക്കുന്നു.

6) പൊതു ശ്മശാനം :- പഞ്ചായത്തിലെ ജനസംഖ്യയിൽ ഏതാണ്ട് 50 ശതമാനത്തോളം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. പൊതുശ്മശാനത്തിന്റെ അഭാവം മൂലം ജനങ്ങൾ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു. അതുകൊണ്ട് ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം അത്യാവശ്യമാണ്.

7) അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സാരംഗത്ത് ഇന്ന് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പ്രകൃതി ജീവന പരിശീലനം നൽകി ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കണം.

8) വിവിധ തരം ഔഷധ സസ്യങ്ങൾ നമ്മുടെ കാലാവസ്ഥയിൽ തഴച്ചുവളരുന്നവയാണ്. ഇവ നാം തന്നെ നമ്മുടെ വീട്ടുവളപ്പിലും പൊതുസ്ഥലങ്ങളിലും നട്ടു വളർത്താൻ ശ്രദ്ധിച്ചില്ലങ്കിൽ ആയുർവേദത്തിന്റെ നാശം ആയിരിക്കും ഫലം.

കോടിക്കുളം പഞ്ചായത്തിൽ 70 % ജനങ്ങളും കുടിവെള്ള ക്ഷാമം അനുഭവിച്ചുവരുന്നവരാണ്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ ചെറുതോട്ടിൻകര, അഴുവാൻചേരി, കീരൻകുഴിപ്പാറ, കുളത്തിങ്കൽ, മാംകുന്ന്,

വെള്ളംച്ചിറ, പാലിക്കാട്ടുപറമ്പ് ഭാഗം, താന്നിമാറിതണ്ട്, കോട്ടറോഡ് പ്രദേശം, തണ്ടുംപുറം, വീരാപ്പിള്ളിതണ്ട്, കുറവച്ചാൽ കോളനി, നെടുമറ്റം, പാണക്കുന്ന്, തെന്നത്തൂർ 4 സെൻറ് കോളനി, ചെറിയംപാറ, ഏഴല്ലൂർ ഹരിജൻ കോളനി, തേക്കുംകൂപ്പ്, വാഴക്കാല ചേന്നംകോട്ട് എന്നിവയാണ്. കുറവച്ചാൽകോളനി, താന്നിമാറതണ്ട്, കോട്ടറോഡ് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന്, കാളിയാർ പുഴയിൽ നിലവിലുള്ള മോട്ടോറിൻെറ ശേഷി വർദ്ധിപ്പിച്ച് ജലക്ഷാമം പരിഹരിക്കാവുന്നതാണ്. വീരാപ്പാള്ളിതണ്ട്, നെടുമററം പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള കിണറിൻെറ ആഴംകൂട്ടി പരിഹരിക്കാം.

വെള്ളംച്ചിറ,ചരിയംമ്പാറ എന്നീ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ വെള്ളംച്ചിറ വാട്ടർ സപ്ലൈ സ്കീം പൂർത്തിയാക്കിയാൽ മതിയാവും. ചെറുതോട്ടിൻകര, ആഴവാഞ്ചേരി തണ്ട്, കീരംക്കുഴി പാറ, കുളത്തിങ്കൽ, പാലക്കാട്ടുപറമ്പ്ഭാഗം എന്നീ മേഖലകളിൽ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിന് വലിയതോട്ടിൽ മരങ്ങോടി ഭാഗത്ത് കിണർ നിർമ്മിച്ച് (തടയണകെട്ടി) M.V.I.P യുടെ വലതുകര കനാൽ ചെറുതോട്ടിലേക്ക് തുറന്ന് വിട്ടും (ഏഴല്ലൂർ ഭാഗത്തു നിന്ന് വലിയതോട്ടിലേക്ക്)ആ മേഖലയിലെ ക്ഷാമം പരിഹരിക്കാം. തെന്നത്തൂർ 4 സെൻറ് കോളനി തേക്കിൻക്കൂപ്പ്, വാഴക്കാല, ചേന്നംക്കോട്ട് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ പരിതപ്പുഴ ഭാഗത്ത് ചെക്ക് ഡാം കെട്ടിജലസേചനത്തിന് സൗകര്യം ഉണ്ടാക്കിയാൽ ആ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

കോടിക്കുളം ടാങ്കിൽ നിന്നുള്ള വെള്ളം നെടുമറ്റം ഭാഗത്തേയ്ക്ക് എത്തിയ്ക്കുക.

ഗവൺമെന്റ് അംഗീകരിച്ചത്	IRDP
പട്ടിക പട്ടിക വർഗ്ഗ കോളനി	കുടുംബം
1. വെള്ളംചിറ കോളനി	33
2. ഏഴല്ലൂർ കോളനി	25
ആകെ	58

	ഗവ. അംഗീകൃത ലക്ഷം വീട് കോളനി	കുടുംബങ്ങളുടെ എണ്ണം
1.	ഐരാമ്പിള്ളി	40
2.	കൊടുവേലി	20
	ആകെ	60


വേണ്ടത്
ഒരു വീടിന് ഒരടുക്കളത്തോട്ടം
ഒരു ഔഷധച്ചെടി
ഒരു വാഴയെങ്കിലും

പഞ്ചായത്തിലെ അംഗീകാരമില്ലാത്ത കോളനി	
കോളനി	കുടുംബം
1. തെന്നത്തൂർ 4 സെന്റ് കോളനി	22
2. കോടിക്കുളം	22
3. കുറുവച്ചൻ കോളനി	30
4. പാറപ്പുഴ കോളനി	20
ആകെ	94

5.8

കോടിക്കുളം പഞ്ചായത്ത് ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

കാർഷിക മേഖലയിൽപ്പെട്ട ഏകദേശം 2700 കുടുംബങ്ങൾ പാർക്കുന്ന അവികിസിതമായ ഒരു പഞ്ചായത്താണ് കോടിക്കുളം. കേവലം 10% കുടുംബങ്ങൾക്ക് ആവാസ യോഗ്യമായ ഇടത്തരം വീടുകൾ ഉണ്ടാക്കിയിട്ടുണ്ട്. 403 വീടുകൾ വിസ്തൃതിയിൽ പരിമിതങ്ങളാണെങ്കിലും കോൺക്രീറ്റ് വീടുകളാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ പാർപ്പിട പ്രശ്നത്തിൽ രജത രേഖകൾ ആണെങ്കിലും ഭൂരിപക്ഷം പേരും പാർപ്പിട കാര്യങ്ങളിൽ പരിതാപകരമായ അവസ്ഥയിലാണ്. 600ൽ അധികം നിർദ്ധനരായ കുടുംബങ്ങൾ ഓല മേഞ്ഞ കുടിലുകളിലാണ് അന്തിയുറങ്ങുന്നത്. ബാക്കിയുള്ള കുടുംബങ്ങൾ ചെറുതും പഴക്കം ചെന്നതും ആവശ്യ സൗകര്യങ്ങൾ ഇല്ലാത്തതുമായ ഓട് മേഞ്ഞ വീടുകളിൽ കഴിയുന്നു. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവരും, ഈ പഞ്ചായത്തിൽ വളരെയുണ്ട്. സർക്കാർ അംഗീകരിച്ചതും അല്ലാത്തതുമായി 8 കോളനികളിലായി ജീവിത സൗകര്യങ്ങൾ തീരെ കുറഞ്ഞ സാഹചര്യത്തിൽ 212 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു. സാമൂഹ്യ അടിമത്വത്തിൽ നിന്നും മോചനം കിട്ടിയെങ്കിലും സാമ്പത്തിക സൗകര്യങ്ങളിലും ജീവിത സൗകര്യങ്ങളിലും ഇന്നും പിന്നോക്കാവസ്ഥ തന്നെയാണ്. കുടിവെള്ളം, വൈദ്യുതി എന്നിവ കോളനികളിൽ എത്തിയിട്ടില്ല. കക്കൂസുകളുടെ കുറവ് കോളനിയിലും മൊത്തം പഞ്ചായത്ത് പ്രദേശങ്ങളിലും ആരോഗ്യ പ്രതിസന്ധി തന്നെ ഉണ്ടാക്കിയിട്ടുണ്ട്.



പ്രശ്നങ്ങൾ

1. സ്വന്തമായി സ്ഥലമില്ലാത്തവരുടെ സ്ഥിതി.
2. ഓല മേഞ്ഞ കുടിലുകളിൽ ജീവിക്കുന്നവരുടെ അവസ്ഥ.
3. സ്വന്തമായി സ്ഥലമുള്ളവർക്ക് ഭവന നിർമ്മാണത്തിന് വേണ്ടതായ പദ്ധതികളുടെ കുറവ്.
4. പരിശീലനം ലഭിച്ച തൊഴിലാളികളുടെ കുറവ്.
5. കെട്ടിട നിർമ്മാണ സാമാഗ്രികളുടെ വിലക്കയറ്റം.

സാധ്യതകൾ

1. സ്വന്തമായി സ്ഥലമില്ലാത്ത എല്ലാ വിഭാഗം ആളുകൾക്കും, വീടു വയ്ക്കുവാനുള്ള സ്ഥലം കണ്ടെത്തുകയും ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി സന്നദ്ധ സംഘടനകളുടെയും, പൊതുജനങ്ങളുടെയും പങ്കാളിത്വത്തെ ഏകോപിപ്പിച്ച് അടിയന്തിരമായി പാർപ്പിട സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.
2. ചിലവു കുറഞ്ഞ വീടുകളേക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, സൗജന്യ നിരക്കിൽ വീടിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.
3. ഈ പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നില്ല. എത്രയും വേഗം ഒരു ഹൗസിംഗ് സൊസൈറ്റിക്ക രൂപം കൊടുക്കുക.
4. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണത്തിനാവശ്യമായ, സാങ്കേതിക വൈദഗ്ധ്യം കൊടുത്ത്, ഒരു തൊഴിൽ സംസ്ക്കാരം വളർത്തിയെടുക്കാനും, തൊഴിലില്ലായ്മ പരിഹരിക്കുവാനും വേണ്ട നടപടികൾ സ്വീകരികികുക.
5. കോളനികൾക്ക് കുടിവെള്ളം, വൈദ്യുതി, റോഡ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ കൊടുക്കണം.

6. താഴ്ന്ന വരുമാനക്കാരായവർക്ക് കെട്ടിട നിർമ്മാമ സാമഗ്രികൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

സാമൂഹ്യക്ഷേമം

കോടിക്കുളം ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളിൽ പകുതിയോളം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരാണ്. ഇവിടെ മുന്നോക്ക വിഭാഗത്തിലെ പാവപ്പെട്ടവർക്ക് ദാരിദ്ര നിർമ്മാർജന പദ്ധതികളുടെ ഗുണം വളരെക്കുറച്ചു മാത്രമേ ലഭിക്കുന്നുള്ളൂ. കർഷക തൊഴിലാളികളും കൈ തൊഴിലാളികളും ധാരാളമുള്ള പഞ്ചായത്തിൽ ദാരിദ്ര നിർമ്മാർജ്ജന പ്രവർത്തനങ്ങൾ അപര്യാപ്തമാണ്.

നാളിതുവരെ വിവിധ ട്രെയിഡുകളിലായി 56 പേർക്ക് ട്രൈസം പദ്ധതിയിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. D.W.C.R.A പദ്ധതിപ്രകാരം 7 യൂണിറ്റുകളിലായി 84 പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾക്കും മറ്റും വീടുകൾ വയ്ക്കുന്നതിന് ധനസഹയം ലഭിച്ചിട്ടുണ്ട്.

വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്ത് അയക്കുന്നതിനുള്ള ധനസഹായം വിധവാപെൻഷൻ, വാർദ്ധക്യ കാലപെൻഷൻ തുടങ്ങിയവ ലഭിക്കുന്നതിനുള്ള അറിവില്ലായ്മകൊണ്ട് അർഹരായവർക്ക് ലഭിക്കുന്നില്ല. അന്ധർക്കും, ബധിരർക്കും, മന്ദബുദ്ധികൾക്കും ഉള്ള ആനുകൂല്യങ്ങൾ നടപ്പാക്കുന്ന സ്കീമുകളും വേണ്ട രീതിയിൽ പ്രചരിപ്പിക്കുകയോ നടപ്പാക്കുകയോ ചെയ്യുന്നില്ല. നിരവധി അപേക്ഷകർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി മിക്ക ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്.

പല സ്ഥലങ്ങളിലും മഹിളാസമാജങ്ങൾ പുവർത്തിക്കുന്നില്ല. ഉള്ളവയുടെ തന്നെ പ്രവർത്തനം തൃപ്തികരമല്ല. അതിനു വേണ്ട സഹായങ്ങൾ ഡിപ്പാർട്ടുമെന്റിൽ നിന്നും ചെയ്തുകൊടുക്കുന്നുമില്ലായെന്ന പരാതി ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ ഒരു സർവ്വേ നടത്തി അർഹരായവയെ മുഴുവൻ കണ്ടെത്തി അവരുടെ അഭിരുചിക്കനുസരിച്ച് പദ്ധതി തയ്യാറാക്കി നടപ്പാക്കുകയും ബോധവൽക്കരണം നടത്തുകയും വേണം. ഈ പഞ്ചായത്തിൽ മാവേലി സ്റ്റോറിന്റെ അഭാവമുണ്ട്.

ആവശ്യങ്ങൾ

1. അംഗൻ വാടികൾ നിർമ്മിക്കുന്നതിന് നിലവിലുള്ള 3 സെന്റ് എന്നുള്ളത് 5 സെന്റായി ഉയർത്തുകയും കുട്ടികൾക്ക് മാലസിക ഉല്ലാസത്തിന് സാഹചര്യം ഒരുക്കുകയും ചെയ്യുക.
2. ആവശ്യവുമായി തട്ടിച്ചുനോക്കിയാൽ വിവിധ സാമൂഹ്യ ക്ഷേമ ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ നാമമാത്രമാണ്. ആയതിനാൽ ഇവ കാലോചിതമായി പരിഷ്കരിക്കണം.
3. സാമൂഹ്യ സംഘടനകൾ മുൻകൈയെടുത്ത് പദ്ധതികളെ സംബന്ധിച്ച് അറിവ് നൽകുക.
4. ഗുണ ഭോക്താക്കളെ കണ്ടെത്തുന്നതിന് ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
5. ദാരിദ്ര്യ രേഖയ്ക്ക് താണെയുള്ള കുടുംബനികളെ ഉൾപ്പെടുത്തി ഗ്രൂപ്പടിസ്ഥാനത്തിൽ കുടിൽ വ്യവസായം നടത്താൻ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
6. കർഷക തൊഴിലാളി ക്ഷേമ നിധി കാര്യക്ഷമമായിനടപ്പാക്കുക. അതുപോലെ, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി , കൈത്തറി തൊഴിലാളികൾ, വിദഗ്ദ്ധ തൊഴിലാളികൾ എന്നിവർക്ക് ക്ഷേമനിധി നടപ്പാക്കുക.
7. IRDP സർവ്വേ 3 വർഷത്തിലൊരിക്കൽ നടകത്തുക.
8. പട്ടയം ഇല്ലാത്ത ആളുകൾക്ക് വീടുകൾ വെച്ച് നല്കുക.

നാട്ടിലെ മഹിളാ സംഘടനകളിലേയും, സ്കൂളിലെ മാതൃ സംഗമങ്ങളിലെയും അംഗങ്ങളുടെയിടയിൽ ശുചിത്യ ബോധമു ണ്ടാക്കുന്നതിനും, പരിസര മലിനീകരണം തടയുന്നതിനും വേണ്ട ബോധ വൽക്കരണം നിരന്തരം നടത്തുന്നതിന് വേണ്ട പരിശീലനം ഹെൽത്ത് സബ് സെന്ററിലെ ജീവമക്കാർക്ക് കൊടുക്കുകയും അവരെക്കൊണ്ട് പ്രവർത്തിപ്പിക്കുകയും ചെയ്യുക.

അനർട്ടിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ മുഴുവൻ പാവപ്പെട്ടവരുടെ വീടുകളിലും പരിഷന അടുപ്പുകൾ വെച്ചുകൊടുത്ത് രൂക്ഷമായ ഊർജ്ജക്ഷാമം പരിഹരിക്കാൻ നടപടികളെടുക്കുക.

നിരന്തരം പവർകട്ടും വോൾട്ടേജ് ക്ഷാമവും അനുഭവിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ആവശ്യാനുസരമം മണ്ണെണ്ണ കിട്ടും വിധം അലോട്ട്മെന്റ് വർധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

റോഡരികിൽ നിന്നും മുഴുവൻ കശാപ്പുശാലകളും മാറ്റി യാത്രക്കാരെ ദുർഗ്ഗന്ധത്തിൽ നിന്നും പരിസര മലിനീകരണത്തിൽ നിനും മോചിപ്പിക്കുകയും റോഡിൽ നിന്നും പുകയും പൊടിയും അടിച്ചുകയറി മാംസം കൂടുതൽ മലിനമാകുന്ന അവസ്ഥ അവസാനിപ്പിക്കുകയും ചെയ്യുക.

പഞ്ചായത്തിലെ കശാപ്പു ശാലകളിൽ എത്തുന്ന മൃഗങ്ങളെ ഡോക്ടർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതാണെന്ന് ഉറപ്പ് വരുത്താൻ ഏതൊരു സമയത്തും പഞ്ചായത്തു ജീവനക്കാർക്ക് പൂർണ്ണമായും അധികാരം നൽകുക

ബയോ ഗ്യാസ് പ്ലാന്റുകൾക്ക് 50% സബ്സിഡി അനുവതിച്ചു. അതിന്റെ പരമാവതി വ്യാപനത്തിന് സാഹചര്യമൊരുക്കുക.

5.9

സംസ്കാരം



ദേശീയ പ്രസ്ഥാനത്തോടൊപ്പം തന്നെ കോടിക്കുളം പഞ്ചായത്തിലും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വളർന്നു വരികയുണ്ടായി. 1940കളുടെ ആരംഭത്തിൽ കോടിക്കുളത്ത് ലിറ്റിൽഫ്ളവർ പബ്ളിക് ലൈബ്രറി സ്ഥാപിച്ചതോടുകൂടിയാണ് ഈ മേഖലക്ക് ഒരു സംഘടിതരൂപം കൈവന്നത്.

കോടിക്കുളം സെ.ആൻസ് ദേവാലയത്തോടനുബന്ധിച്ച് അഖിലകേരള കത്തോലിക്കാ കോൺഗ്രസ് കോടിക്കുളം ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ പള്ളിവികാരി ബഹു.ജേക്കബ് തേവർപാടത്തച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച ചെറുപുഷ്പം വായനശാല 1944ൽ കേരളാഗ്രന്ഥശാലാ സംഘത്തിൽ 644-ാംനമ്പർ ആയി ലിറ്റിൽഫ്ളവർ പബ്ളിക് ലൈബ്രറി, കോടിക്കുളം എന്ന പേരിൽ ഒരു പൊതുസ്ഥാപനമായി രജിസ്ട്രർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. സജീവ പ്രവർത്തനം മൂലം ലൈബ്രറി ഏതാനും വർഷംകൊണ്ട് തൊടുപുഴ താലൂക്കിലെ ഏറ്റവും വലിയ ലൈബ്രറി ആയി ഉയർന്നു. ആരംഭകാലത്തുതന്നെ കോടിക്കുളം ടൗണിൽ 11സെന്റ് സ്ഥലവും സ്വന്തമായി കെട്ടിടമുണ്ടാക്കുവാൻ സാധിച്ചു. ഈ പഞ്ചായത്തിൽ മുമ്പ് നിലവിലുണ്ടായിരുന്ന കോടിക്കുളം വില്ലേജ് ഗ്രാമോദ്ധാരണകേന്ദ്രത്തോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന അപ്ലിഫ്റ്റ് സെന്റർ വക പുസ്തകങ്ങൾ ഈ സ്ഥാപനത്തിന് ലഭിക്കുകയുണ്ടായി.

ശ്രീ.പനമ്പള്ളി ഗോവിന്ദൻമേനോൻ, മുൻമന്ത്രി ശ്രീ.എ.എ.റഹീം, ജസ്റ്റീസ് പി.ജാനകിയമ്മ, ശ്രീ.എം.പി.മൻമഥൻ, വെട്ടൂർ രാമൻനായർ, ശ്രീ.പി.എൻ.പണിക്കർ തുടങ്ങിയ പ്രമുഖർ ഈ ലൈബ്രറി സന്ദർശിച്ചിട്ടുണ്ട്.

ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഉള്ള വോളിബോൾ, ബാഡ്മിൻറൺ ടീമുകൾ ജില്ലയിലെ തന്നെ പ്രമുഖ ടീമുകളായിരുന്നു. സംസ്ഥാന യൂണിവേഴ്സിറ്റി ദേശീയ വോളിബോൾ താരങ്ങളായ മോളി പി തോമസ്, ബീന ആന്റണി, മോളി ജോസഫ്, ജാൻസി സെബാസ്റ്റ്യൻ, ഫിലോമിന ചെറിയാൻ, ലിസി ചെറിയാൻ തുടങ്ങിയവർ ഈ ലൈബ്രറി വക വോളിബോൾ ടീമിലൂടെ വളർന്ന് വന്നവരാണ്.

ആദ്യകാലത്ത് നാട്ടിലെ യുവതികളേയും യുവാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് നാടകസമിതികളും നാടകപരിശീലനകേന്ദ്രങ്ങളും രൂപീകരിച്ച് പ്രവർത്തിച്ചുവന്നിരുന്നു. ഈ സമിതിയിലൂടെ വളർന്നുവന്ന അറിയപ്പെടുന്ന ഒരു കലാകാരനാണ് നാടക-സിനിമാ നടൻ ശ്രീ.പോൾ .വി. കല്ലുപാലം. കോടിക്കുളം എൽ.എഫ്.പബ്ളിക് ലൈബ്രറിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് വണ്ടമറ്റം, നെടുമറ്റം, കുറുമ്പാലമറ്റം നിവാസികൾ 1962-ൽ രൂപം കൊടുത്തതാണ് കേരള ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് നെടുമറ്റം. ആദ്യകാലത്ത് കലാകായിക ഗ്രാമ വികസനരംഗത്ത് ഈ പഞ്ചായത്തിന് വളരെയധികം സംഭാവനകൾ നൽകുവാൻ കഴിഞ്ഞ സ്ഥാപനമാണ് ഇത്. ജില്ലാതല വോളിബോൾ മത്സരം സംഗീതനാടകനൃത്ത പരിശീലനക്ലാസ്സുകൾ എന്നിവ ഇവിടെ നടത്തിയിരുന്നു. അക്കാലത്തെ പ്രസിദ്ധരായ കലാകാരൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് കലാപരിപാടികൾ ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. 1965-ൽ ക്ലബിനോടനുബന്ധിച്ച് ഒരു ലൈബ്രറി രൂപികരിക്കുകയും 1967-ൽ 3567-ാം നമ്പറായി നെടുമറ്റം കേരളാ പബ്ളിക് ലൈബ്രറി എന്ന പേരിൽ ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇപ്പോൾ ക്ലബും ലൈബ്രറിയും, കേരള പബ്ളിക് ലൈബ്രറി ആർട്സ് ആന്റ് സ്പോർട് ക്ലബ് വണ്ടമറ്റം എന്ന പേരിൽ വണ്ടമറ്റത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. എല്ലാവർഷവും ഓണാഘോഷം, ക്രിസ്തുമസ് നവവത്സരാഘോഷ പരിപാടി, പ്രകൃതിപഠനക്ലാസ്സുകൾ, ചർച്ചകൾ, സെമിനാറുകൾ, ഗ്രാമവികസന പരിപാടികൾ തുടങ്ങിയ അനുബന്ധപ്രവർത്തനങ്ങൾ നടത്തിവരുന്നു.

പടി.കോടിക്കുളത്ത് മഹാത്മാഗാന്ധി മെമ്മോറിയൽ വായനശാല 1943-ൽ ആരംഭിച്ചെങ്കിലും 50ൽ ആണ് 940-ാംനമ്പർ ആയി രജിസ്ട്രർ ചെയ്തത്. ഈ പ്രദേശ

ത്തിന്റെ സാസ്കാരിക വളർച്ചിയിൽ ഏറെ സഹായിച്ച സ്ഥാപനമായിരുന്നു ഈ വായനശാല.

1972-ൽ എം.ജി.എം ഇൻറർനാഷണൽ ആർട്സ് & സ്പോർട്സ് എന്ന പേരിൽ കെ.57/73 നമ്പറിൽ ഒരു ക്ലബ് രജിസ്ട്രർ ചെയ്തു. ഏതാനും ചെറുപ്പക്കാരുടെ നേതൃത്വത്തിൽ വിവിധകലാമത്സങ്ങളും നാടകമത്സരങ്ങളും നടത്തുകയും സംസ്ഥാനതലത്തിൽ പേരുകേട്ട പ്രൊഫഷണൽ നാടകകമ്പനികളുടെ നാടകങ്ങൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ വായനശാലയേയും, വായനാശീലത്തേയും മുന്നോട്ടുനയിക്കാൻ അധികം ആളുകൾ തയ്യാറായിരുന്നില്ല. സ്വന്തം കെട്ടിടം ഉണ്ടായിരുന്നിട്ടും അത് അറ്റകുറ്റപ്പണികൾ നടത്താതെ ജീർണ്ണിച്ച് നനഞ്ഞൊലിച്ചും പുസ്തകങ്ങൾ കയ്യിൽ കിട്ടിയവർ കൊണ്ടുപോയും ലൈബ്രറിയുടെ കാര്യം ശോചനീയമായിരിക്കുന്നു. ഇത് നാടിൻെറ സാംസ്കാരികകേന്ദ്രം എന്ന ബോധത്തോട് പുതിയ തലമുറ ഉണർന്ന് പ്രവർത്തിക്കുകയും ആ സ്ഥാപനം പുനരുദ്ധീകരിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

കോടിക്കുളം പഞ്ചായത്തിനെ സംബന്ധിച്ചുപറഞ്ഞാൽ വളരെ പുരാതനമായ ഒരു സാംസ്കാരിക പാരമ്പര്യമുള്ള പ്രദേശമാണ്. ജനങ്ങൾ ഭൂരിപക്ഷവും ക്രിസ്ത്യാനികളും ഹിന്ദുക്കളുമാണ്. മുസ്ലീംകൾ മേൽപ്പറഞ്ഞ രണ്ടു സമുദായങ്ങളെ അപേക്ഷിച്ച് കുറവാണ്. ജാതിപരമായയാതൊരുവിധ ചേരിതിരിവും ഇവിടെ പ്രകടമാകാറില്ല. ക്രിസ്ത്യൻ ദേവാലയങ്ങളിലും, അമ്പലങ്ങളിലും, മുസ്ലീം പള്ളികളിലും നടക്കുന്ന പെരുന്നാളുകളിലും, ഉത്സവങ്ങളിലും എല്ലാ വിഭാഗത്തിലും പെട്ട ആളുകളുടെ പങ്കാളിത്തം ഉണ്ടാകാറുണ്ട്. പൊതുവെ പറഞ്ഞാൽ ജാതിക്കും മതത്തിനും അതീതമായ മാനുഷിക ബന്ധങ്ങൾക്ക് വിലകൽപിക്കുന്ന ഒരു സാംസ്കാരിക പാരമ്പര്യമാണ് ഇവിടെയുള്ളത്.

ഈഴവസമുദായത്തിന്റെ S.N.D.P.യുടെ പ്രവർത്തനം വളരെ സജീവമായി ഈ പഞ്ചായത്തിലുണ്ട്. കോടിക്കുളത്തും, പടി.കോടിക്കുളത്തും S.N.D.P.യുടെ രണ്ടു ശാഖകൾ പ്രവർത്തിക്കുന്നു.

നായർ സമുദായത്തിൻെറ എൻ.എസ്.എസ് ന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ സജീവമായി നിലവിലുണ്ട്.

ഈ പഞ്ചായത്തിലെ കത്തോലിക്കാ ദേവാലയങ്ങളോടനുബന്ധിച്ച് വിൻസെന്റ് ഡി പോൾ സൊസൈറ്റി, മാതൃദീപ്തി, യുവദീപ്തി, മിഷൻലീഗ് തുടങ്ങിയ സംഘടനകൾ പ്രവർത്തിക്കുന്നു. ഇതിൽ വിൻസെൻറ് ഡി പോൾ സൊസൈറ്റി ജാതിമതഭേദമെന്യേ ദരിദ്രജനവിഭാഗങ്ങൾക്കിടയിൽ പ്രവർത്തുന്ന ചാരിറ്റി സംഘടനയാണ്.

1978-ൽ ശാസ്ത്രസാഹിത്യ പരിഷത്തിൻെറ ഒരു യൂണിറ്റ് ഈ പഞ്ചായത്തിൽ നിലവിൽവന്നു. അന്നുമുതൽ ഇന്നുവരെ ശാസ്ത്രസാഹിത്യ പരിഷത്ത് നടപ്പിലാക്കിയ എല്ലാ പ്രവർത്തനങ്ങളും ഈ പഞ്ചായത്തിലും നടത്തിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ ഏറെയും ഇടത്തരം കർഷകർ, ദരിദ്രകർഷകർ, കർഷകത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നീ വിഭാഗത്തിലുള്ളവരാണ്. ഇവിടെ പ്രവർത്തിക്കുന്ന സാംസ്കാരികകേന്ദ്രങ്ങളും വായനശാലകളും മതസംഘടനകളും അതുപോലെ ദിനപത്രങ്ങളുമെല്ലാം ഇന്നാട്ടിലെ ജനങ്ങളുടെ സാസ്കാരികവും മാനസികവുമായ വളർച്ചയിൽ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ദേശീയനിലവാരത്തിലുള്ള നാലുപത്രങ്ങളടക്കം 1250തോളം ദിനപത്രങ്ങളുടെ പതിപ്പുകളും 12 ഓളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ 1300 ഓളം കോപ്പികളും ഇന്ന് ഈ പഞ്ചായത്തിലെത്തുന്നുണ്ട്

വായനശാലകളും ഗ്രന്ഥശാലകളും നേരിടുന്ന പ്രശ്നങ്ങൾ

1. സാമ്പത്തിക പരാധീനത
2. വായനക്കാരുടെ എണ്ണം അനുദിനം കുറഞ്ഞുവരുന്നു
3. ഗ്രന്ഥശാലാ പ്രവർത്തകരുടെ അഭാവം വർദ്ധിച്ചുവരുന്നു
4. സ്ഥാപനങ്ങൾ തമ്മിൽ പരസ്പരബന്ധമില്ലായ്മ
5. പഞ്ചായത്തിന്റെ അവഗണന (കാരണം ഫണ്ടുകളുടെ അഭാവം)
6. 'മ' പ്രസിദ്ധീകരണങ്ങളുടെ കടന്നുകയറ്റം
7. പുസ്തകങ്ങളുടേയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും വമ്പിച്ച വിലക്കയറ്റം
8. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം
9. കെട്ടിടങ്ങളുടെ സൗകര്യമില്ലായ്മ
10. സ്ത്രീജനങ്ങളുടെ പങ്കാളിത്തക്കുറവ്

പരിഹാരങ്ങൾ

1. വായനശാലകൾ ഉള്ള ഗ്രന്ഥശാലകൾക്ക് പഞ്ചായത്തിൽനിന്നും ദിനപത്രങ്ങൾ വരുത്തിക്കൊടുക്കുക.
2. വായനശാല പ്രവർത്തകരെ പഞ്ചായത്തുതലത്തിൽ വിളിച്ചുകൂട്ടി ഒരു പഞ്ചായത്തുതല ലൈബ്രറി അസോസിയേഷൻ ഉണ്ടാക്കുകയും ഈ മേഖലയിൽ പഞ്ചായത്തുനടത്തുന്ന പ്രവർത്തനങ്ങൾക്ക് അസോസിയേഷന്റെ നിർദ്ദേശങ്ങൾ പരിഗണിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്യുക.
3. ഈ പഞ്ചായത്തിലെ ഏറ്റവും നല്ല ഗ്രന്ഥശാലാപ്രവർത്തകന് എല്ലാവർഷവും അവാർഡുനൽകുക
4. കോടിക്കുളം എൽ.എഫ്.ലൈബ്രറിയോടനുബന്ധിച്ച് ഒരു കമ്മ്യൂണിറ്റിഹാൾ പണിയുക
5. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കൂടുതൽ കാര്യ

ക്ഷമമാക്കുകയും താഴ്ന്ന ക്ലാസ്സുകളിൽ തുടങ്ങി കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിന് ആവശ്യമായ പരിശ്രമങ്ങൾ നടത്തുകയും ചെയ്യുക.

6. പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്ന ലൈബ്രറികളിണ്ട്കൂടി മൊബൈൽ ലൈബ്രറി സിസ്റ്റം നടപ്പിലാക്കുക
7. വനിതകളിൽ വായനാശീലം വളർത്താൻ ആവശ്യമായ ബോധവൽക്കരണം നടത്തുക
8. ടെലിവിഷൻ ഇല്ലാത്ത വണ്ടമറ്റം ലൈബ്രറിയിൽ അത് അനുവദിക്കുക
9. ചെറുതോട്ടിൻകര, തെന്നത്തൂർ, കൊടുവേലി, ചേന്നംകോട്, പാറപ്പുഴ എന്നിവിടങ്ങളിൽ പഞ്ചായത്തിൽ നിന്നും സാസ്കാരികനിലയങ്ങൾ പണികഴിപ്പിക്കുകയും വായനശാലകൾ ആരംഭിക്കുകയും, ടെലിവിഷൻ സെറ്റ് അനുവദിക്കുകയും ചെയ്യുക.
10. പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ 5% കുറയാത്തതുക വായനശാലാ ഗ്രന്ഥശാലാ പ്രവർത്തനങ്ങൾക്ക് ചിലവഴിക്കുക
11. പ്രവർത്തനം നിലച്ചുപോയ എം.ജി.എം.വായനശാല, പാറപ്പുഴ പബ്ളിക് ലൈബ്രറി എന്നിവയുടെ പ്രവർത്തനം പുനരാരംഭിക്കുക
12. പഞ്ചായത്താഫീസിന്റെ തെക്കുഭാഗത്ത് വെറുതെകിടക്കുന്ന സ്ഥലത്ത് ഒന്നാംനില ഷോപ്പിംഗ് കോപ്ലക്സും രണ്ടാംനില കമ്മ്യൂണിറ്റി ഹാളുമായി ഉപയോഗിക്കത്തക്കരീതിയിൽ കെട്ടിടം പണിയുക.

കലാകായികരംഗം നേരിടുന്ന പ്രശ്നങ്ങൾ

1. സന്നദ്ധപ്രവർത്തകരുടെ അഭാവം
2. സാമ്പത്തിക പരാധീനത
3. പ്രവർത്തന മാനേജുമെന്റിന്റെ അഭാവം
4. സ്കൂൾ തലത്തിലുള്ള പരിശീലനത്തിന്റെ പോരായ്മ
5. കളിസ്ഥലങ്ങളുടേയും വേണ്ടത്ര പരിശീലകരുടേയും കുറവ്
6. സന്നദ്ധസംഘടനകൾ തമ്മിൽ പരസ്പരധാരണയും സഹകരണവും ഇല്ലായ്മ
7. കലാകായികപ്രവർത്തനങ്ങളിൽ ജനങ്ങൾക്കുള്ള താല്പര്യക്കുറവ്

പരിഹാരങ്ങൾ

1. സ്കൂൾ തലത്തിൽ തുടങ്ങി സന്നദ്ധസേവനത്തിന് കുട്ടികളെ പരിശീലിപ്പിക്കുക. ഗാന്ധിജയന്തിദിനത്തോടനുബന്ധിച്ച് സേവനവാരം പുനരാരംഭിക്കുക
2. പഞ്ചായത്തിലെ ഏറ്റവും നല്ല സന്നദ്ധസംഘടനക്കും, പ്രവർത്തകനും എല്ലാ വർഷവും അവാർഡ് നൽകുക
3. സന്നദ്ധസംഘടനകൾക്ക് പ്രോജക്ടുകൾ ഉണ്ടാക്കുന്നതിനും പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ട സാഹചര്യം ഒരുക്കുക
4. പഞ്ചായത്തിന്റേയും സന്നദ്ധസംഘടനകളുടേയും സംയുക്താഭിമുഖ്യത്തിൽ ഒരു സ്പോർട്സ് കൗൺസിൽ രൂപികരിക്കുകയും ഈ സമിതിയിൽ അംഗത്വമുള്ള സംഘടനകൾക്ക് കായിക പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഗ്രാന്റും നൽകുക
5. കേരളോത്സവവും അതുപോലുള്ള പരിപാടികളും നടത്തുമ്പോൾ ഈ സമിതിയുടെ നിർദ്ദേശം പരിഗണിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്യുക
6. സ്കൂൾ കായികാധ്യാപകരെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുക. അവരുടെ സഹായം ക്ലബുകൾക്കും കൂടി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാക്കണം.
7. സ്കൂൾ ഗ്രൗണ്ടുകളിൽ ക്ലബുകൾക്ക് കായികപരിശീലനം നടത്തുന്നതിന് അനുമതി നൽകുക
8. ക്ലബുകൾക്ക് സ്പോർട്സ് അസോസിയേഷൻ, സ്പോർട്സ് കൗൺസിൽ, നെഹ്രുയുവകേന്ദ്രം എന്നിവയുടെ സഹായം ലഭ്യമാക്കുക
9. ഏഴല്ലൂർ, വെള്ളംചിറ ഹരിജൻകോളനികളിൽ പഞ്ചായത്തുവക കളിസ്ഥലങ്ങൾ ഉണ്ടാക്കുക
10. പഞ്ചായത്തുമേളയിൽ കലാകായിക വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റു നേടുന്ന ക്ലബുകൾക്ക് അവാർഡ് ഏർപ്പെടുത്തുക.
11. സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവരെ വേണ്ടവിധം ആദരിക്കുക
12. കലാകായികരംഗം വികസിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ പദ്ധതിയിൽ 5%ത്തിൽ കുറയാത്ത തുക വകയിരുത്തുക
13. പഞ്ചായത്തിൽ നിലവിലുള്ള പ്രാചീന കലാരൂപങ്ങളായ കാളകളി, ഗരുഡൻതൂക്കം, ഉടുക്കുകൊട്ട്, ചെണ്ടമേളം ഇവ നടത്തുന്ന സംഘടനകൾക്ക് പ്രത്യേക ഗ്രാൻറ് അനുവദിക്കുക. പഞ്ചായത്തുമേളകളോടും മറ്റു പരിപാടികളോടുമനുബന്ധിച്ച് ഇവ പ്രദർശിപ്പിക്കുക.
14. ഇതിലെല്ലാമുപരിയായി സംസ്ഥാനദേശീയതലങ്ങളിൽ കഴിവുപ്രകടിപ്പിച്ചിട്ടുള്ളവർക്ക് പ്രത്യേകിച്ച് താഴ്ന്ന വരുമാനമുള്ളവർക്ക് ഉപജീവനത്തിനുതകുന്ന തൊഴിൽ നൽകുക
15. നെടുമറ്റം സ്കൂൾ ഗ്രൗണ്ട് വൃക്ഷങ്ങൾ വെട്ടമാറ്റി ഉപയോഗയോഗ്യമാക്കുക

കോടിക്കുളം പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ

	പേര്	സ്ഥാപിച്ചവർഷം	തിരുനാളുകൾ ഉത്സവങ്ങൾ	കുടുംബങ്ങൾ	ആളുകൾ
1.	ഫാത്തിമാമാതാ കത്തോലിയ്ക്കാ പള്ളി തെന്നത്തൂർ				
2.	സിറാജുൂം ഹുദ്ദാ മദ്രസ്സ കാളിയാർ				
3.	അരിമണ്ണൂർ ശ്രീദേവീ ശ്രീധർമ്മ ശാസ്താ ക്ഷേത്രം		കുംഭപ്പൂരം		
4.	എഫിഫനി സി. എസ്. ഐ. പള്ളി കാളിയാർ				
5.	സെന്റ് ആൻസ് കത്തോലിയ്ക്കാപള്ളി കോടിക്കുളം	1902	പേത്രത്ത പെരുന്നാൾ വലിയ നോമ്പിനു മുമ്പുള്ള ഞായർ	480	3494
6.	ലിറ്റിൽ ഫ്ളവർ കത്തോലിയ്ക്കാ പള്ളി കൊടുവേലി	1958	വി. കൊച്ചു ത്രോസ്യായുടെ തിരുനാൾ.ജനുവരിയിലെ രണ്ടാം ഞായർ		
7.	ശ്രീ മഹാദേവി ക്ഷേത്രം അഞ്ചക്കുളം		മണ്ഡലകാലം		
8.	ശ്രീ മഹാദേവി ക്ഷേത്രം ചന്ദ്രഷിള്ളി പടി: കോടിക്കുളം		മീനഭരണി		
9.	സെന്റ് മേരീസ് കത്തോലിയ്ക്കാപ്പള്ളി വാഴക്കാല				
10.	സെന്റ് ജോസഫ്സ് കത്തോലിയ്ക്കാപ്പള്ളി പാറപ്പുഴ				
11.	മുഹൈദ്ദീൻ ഷാബി പള്ളി പടി: കോടിക്കുളം				
12.	മുഹൈദ്ദീൻ അനബി പള്ളി പടി. കോടിക്കുളം				
13.	തൃക്കയിൽ സുബ്രമണ്യ ക്ഷേത്രം പടി: കോടിക്കുളം		ശിവരാത്രി		
14.	സെന്റ് ജോർജ്ജ്സ് കത്തോലിയ്ക്കാപ്പള്ളി വണ്ടമറ്റം	1957	ജനുവരി 25 & 26	275	1823

ഗ്രന്ഥശാലകൾ വായനശാലകൾ

	പേര്	ഉടമസ്ഥത	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ
1.	പാറപ്പുഴ പബ്ലിക് ലൈബ്രറി പാറപ്പുഴ	പൊതുജനങ്ങളുടെ വക				Nil	Nil	സ്ഥലം ഉണ്ട് കെട്ടിടം വാടക	പ്രവർത്തനം ഇപ്പോൾ ഇല്ല
2.	ലിറ്റിൽ ഫ്ളവർ പബ്ലിക് ലൈബ്രറി കോടിക്കുളം	പൊതുജനങ്ങളുടെ വക	1944	A	11799			സ്ഥലവും കെട്ടിടവും ഉണ്ട്	ആർട്സ് & സ്പോർട്സ് വായനശാല ഗ്രാമവികസന പരിപാടികൾ
3.	സി. എം. എൽ. ലൈബ്രറി കോടിക്കുളം	കോടിക്കുളം പള്ളി വക		NA					
4.	എം. എം. വായനശാല പടി. കോടിക്കുളം	പൊതുജനങ്ങളുടെ വക	1951	E	8000	Nil	Nil	സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്	ഇപ്പോൾ പ്രവർത്തനം ഇല്ല
5.	ലേബേഴ്സ് റീഡിംഗ് റൂം ക്ലബ്ബ് കാളിയാർ	കാളിയാർ എസ്റ്റേറ്റ് വക						എസ്റ്റേറ്റ് വക	വായനശാല മാത്രം
6.	സി. എം. എൽ. ലൈബ്രറി വണ്ടമറ്റം	വണ്ടമറ്റം പള്ളി വക	1975	NA	250	50	5	പള്ളി വക	
7.	കേരളാ പബ്ലിക് ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ്ബ് വണ്ടമറ്റം	പൊതുജനങ്ങളുടെ വക	1965	D	3600	500	15	സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്	ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വായനശാല, ഗ്രാമ വികസന പരിപാടികൾ, സന്നദ്ധ സെവനങ്ങൾ, കാർഷിക പരിസ്ഥിതി പ്രവർത്തനങ്ങൾ


5.10

വനിത

സ്വാതന്ത്ര്യം കിട്ടി 50-ാം വാർഷികം ആഘോഷിക്കുന്ന ഭാരതത്തിൽ "സതി" പോലുള്ള അനേകം ദുരാചാരങ്ങൾ ഇന്നും നിലനിൽക്കുന്നു. രാജസ്ഥാൻ, ബീഹാർ തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും മറ്റു പല ഭൂപ്രദേശങ്ങളിലും സ്ത്രീപീഡന കേസുകൾ നിരന്തരം ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നു. ഉന്നത പദവിയിലുള്ള വനിതകൾക്കും, സാമൂഹ്യപ്രവർത്തകകൾക്കും ഇതേ അനുഭവം പലപ്പോഴും ഉണ്ടാകുന്നു.

സംസ്കാര സമ്പന്നമായ കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. ചെറിയ കുട്ടികൾക്കെതിരെ പോലും നിരന്തരം അക്രമ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

കേരളത്തിൽ ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകളാണെങ്കിലും വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ആശാവഹമല്ലാത്തതാണ്, സ്ത്രീകളുടെ മുന്നോക്കാവസ്ഥയ്ക്ക് തടസ്സമായി നിൽക്കുന്ന ഘടകം. ഇതാണ് നമ്മുടെ വികസന പ്രക്രിയയിലെ പ്രധാന പോരായ്മകളിലൊന്ന്.



ഇന്നത്തെ അവസ്ഥയിൽ നിന്ന് ഒരു മാറ്റം സ്ത്രീകൾ ആഗ്രഹിക്കുന്നു എന്നതിന്റെ തെളിവാണ് ഗ്രാമസഭകളിൽ കാണപ്പെട്ട വമ്പിച്ച സ്ത്രീജന പങ്കാളിത്തം. ചെറുപ്പക്കാർ തുടങ്ങി പ്രായമായവർ വരെ പരാതികളുടെ ഓരോ കെട്ടുമായാണ് വന്നത്. കുടിവെള്ളം, പാർപ്പിടം, കക്കൂസ് തുടങ്ങിയവയെല്ലാം അവിടെ പ്രധാന ചർച്ചാവിഷയങ്ങളായിരുന്നു. മേൽപ്പറഞ്ഞവയുടെ അഭാവം മൂലം ഏറ്റവും ദുരിതം അനുഭവിക്കുന്നത് സ്ത്രീകളാണ്. വേനൽക്കാലമായാൽ കുടിവെള്ളത്തിനു വേണ്ടി സ്ത്രീകൾ കിലോമീറ്ററുകൾ സഞ്ചരിക്കേണ്ട അവസ്ഥപഞ്ചായത്തിന്റെ പലഭാഗങ്ങളിലുമുണ്ട്.

കോടിക്കുളം പഞ്ചായത്തിനെ സംബന്ധിച്ച് ജനസംഖ്യാനുപാതത്തിലും ആരോഗ്യകാര്യത്തിലും സ്ത്രീകൾ പുരുഷൻമാരെക്കാൾ പിന്നോക്കാവസ്ഥയിലാണ്. കുടുംബങ്ങളിൽ അവർ ഏറെ ശാരീരിക ക്ലേശം അനുഭവിക്കേണ്ടി വരുന്നു. കുടുംബത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിലും കുട്ടികളുടെ സംരക്ഷണത്തിലും വിദ്യാഭ്യാസ കാര്യങ്ങളിലും പുരുഷൻമാരുടെ സഹകരണം കുറവാണ്. ഇവിടെ പുരുഷൻമാർ കുറച്ചു കൂടി സഹകരണ മനോഭാവം കാണിച്ചാൽ സ്ത്രീകൾക്ക് കൂടുതലായി മറ്റു പ്രവർത്തന മേഖലകളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിയ്ക്കുന്നതിനു സാധിയ്ക്കും. അത് സ്ത്രീകളുടെ ശാരീരികവും മാനസ്സികവുമായി ആരോഗ്യത്തിനും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ഉതകും. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനു മുൻതൂക്കം കൊടുത്തില്ലെങ്കിൽ അത് കുടുംബത്തിന്റെ, സമൂഹത്തിന്റെ, രാഷ്ട്രത്തിന്റെ തന്നെ നിലനിൽപ്പിനെ ദോഷമായി ബാധിയ്ക്കും. താഴ്ന്ന വരുമാനക്കാരായ സ്ത്രീകളിൽ ആരോഗ്യപരിപാലനത്തിലെ ശ്രദ്ധക്കുറവു മൂലവും പോഷകദാരിദ്ര്യം മൂലവുമുള്ള ആരോഗ്യക്കുറവ് പ്രകടമാണ്.

വിദ്യാഭ്യാസ രംഗത്ത് പുരുഷൻമാരോടൊപ്പമോ അതിൽ അല്പം മുന്നിലോ എന്നു പറയാവുന്ന അവസ്ഥയിൽ സ്ത്രീകൾ എത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും ഈ മുന്നോക്കാവസ്ഥ നിലനിർത്താൻ പൊതുവെ സ്ത്രീകൾക്കു കഴിയുന്നുണ്ട്. വിദ്യാഭ്യാസപരമായി ഉയർന്നിട്ടുണ്ടെങ്കിലും ഔദ്യോഗിക രംഗത്തും മറ്റും പ്രവർത്തിയ്ക്കുന്ന സ്ത്രീകൾ ഈ പഞ്ചായത്തിൽ നാമമാത്രമാണ്. സ്ത്രീകൾക്ക് തങ്ങളുടെ അറിവും കഴിവും ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള സാഹചര്യങ്ങളുടെ അഭാവം ഇതിനൊരു കാരണമാണ്.

ഈ പഞ്ചായത്തിലെ 750-ഓളം കുടുംബങ്ങൾ സ്ത്രീകളുടെ സംരക്ഷണയിലുള്ളതാണ്. തൊഴിൽ രംഗത്ത് കാർഷിക മേഖലയിലും കെട്ടിട നിർമ്മാണ രംഗത്തുമാണ് സ്ത്രീകൾ കൂടുതൽ പ്രവർത്തിക്കുന്നത്. ഒരേ ജോലി ചെയ്താലും പുരുഷനൊപ്പം വേതനം സ്ത്രീയ്ക്കു ലഭിക്കുന്നില്ല. തൊഴിൽ രംഗത്തു പ്രവർത്തിക്കുന്ന കുടുംബങ്ങളിൽ സ്ത്രീകളെക്കാൾ വരുമാനം പുരുഷനുണ്ടെങ്കിലും കുടുബം പുലർത്തേണ്ട ചുമതല കൂടുതലും സ്ത്രീകളിൽ നിക്ഷിപ്തമായിരിക്കുന്നു. തന്നേക്കാൾ കൂടുതൽ വരുമാനമുള്ള പുരുഷനും കൂടി ചെലവിനു കൊടുക്കേണ്ട അവസ്ഥയും ചില കുടുംബങ്ങളിലുണ്ട്. കിട്ടുന്ന വരുമാനം ഏതാണ്ട് മുഴുവൻ തന്നെ മദ്യപാനത്തിനും മറ്റു

മായി വിനിയോഗിക്കുന്ന പുരുഷൻമാരും അതു മൂലം ശാരീരികമായും മാനസ്സികമായും ഏറെ പീഡനം അനുഭവിക്കേണ്ടിവരുന്ന സ്ത്രീകളും ഇവിടെയുണ്ട്. സ്ത്രീകളുടെ വരുമാനം വർദ്ധിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായാൽ കുടുംബത്തിൻെറ മൊത്തം ജീവിത നിലവാരം മെച്ചപ്പെടും. കുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിലും അതുമൂലം കാര്യമായ പുരോഗതിയുണ്ടാകും.

ഈ പഞ്ചായത്തിലെ ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകൾ കൂടുതലും വെറും വീട്ടമ്മമാരായി കഴിയുകയാണ്. പശു വളർത്തൽ ഇവരെ സംബന്ധിച്ച് ആദായകരമായി ചെയ്യാവുന്ന ഒരു തൊഴിലാണ്. എല്ലാ വീടുകളിലും തന്നെ ചുരുങ്ങിയത് ഒരു പശുവെങ്കിലും ഉണ്ടെങ്കിലും പാൽ ഉൽപാദനം വീട്ടാവശ്യത്തിനു മാത്രമേയുള്ളൂ. വിപണന സാദ്ധ്യതകളുടെ അപര്യാപ്തതയാണ് കൂടുതൽ നല്ലയിനം പശുക്കളെ വളർത്തുന്നതിൽ നിന്നും ഇവരെ പിൻതിരിപ്പിക്കുന്നത്. അതുപോലെ തന്നെ ആട്, പന്നി, മുയൽ, കോഴി തുടങ്ങിയവയും വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനുള്ള സാദ്ധ്യതകൾ ഇവിടെയുണ്ട്. പക്ഷേ ആവശ്യമായ ലോണുകളും മറ്റും ലഭിയ്ക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളും, കാലതാമസവും ആളുകളെ ഇതിൽ നിന്നും പിന്തിരിപ്പിയ്ക്കുന്നു.

പഞ്ചായത്തിലെ 95 % ആളുകൾക്കും സ്വന്തമായി 3-4 സെൻറെങ്കിലും ഭൂമിയുള്ള സാഹചര്യത്തിൽ ഇവിടെ പുഷ്പകൃഷിയ്ക്ക് - കുറ്റിമുല്ല, ആന്തൂറിയം മുതലായവ - നല്ല സാദ്ധ്യത കാണുന്നുണ്ട്. അതു പോലെ തന്നെ ഔഷധ സസ്യങ്ങളും ഇവിടെ ഫലപ്രദമായി കൃഷി ചെയ്യുന്നതിനു സാധിയ്ക്കും. ഇതിന് ശരിയായ ബോധവൽക്കരണവും, സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും അതിലുപരി വിപണന സാദ്ധ്യതകളും ആവശ്യമാണ്. പുരുഷൻമാരുടെ ഭാഗത്തു നിന്നും ആവശ്യമായ സഹകരണവും പ്രോത്സാഹനവും കൂടിയുണ്ടെങ്കിൽ മേൽ പറഞ്ഞ രംഗങ്ങളിലെല്ലാം സ്ത്രീകൾക്ക് കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നതിനും അതുവഴി പഞ്ചായത്തിലാകെ ഒരുണർവുണ്ടാക്കുന്നതിനും സാധിയ്ക്കും.

വനിതകൾ മാത്രം ജോലി ചെയ്യുന്ന ഒരു യു.പി. സ്കൂൾ ഈ പഞ്ചായത്തിലുണ്ട്. വണ്ടമറ്റത്ത് വനിത സഹകരണ സംഘത്തോടനുബന്ധിച്ച് ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റും, തയ്യൽ ക്ലാസ്സും, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ചെറിയ തോതിൽ ഒരു റെഡിമെയ്ഡ് യൂണിറ്റും പ്രവർത്തിയ്ക്കുന്നുണ്ട്.

കുറുവച്ചൻ കോളനിയിൽ ഖാദി ബോർഡിൻെറ വക ഒരു നൂൽനൂൽപ്പ് കേന്ദ്രം വനിതകൾക്കായി പ്രവർത്തിച്ചിരുന്നു. എന്നാൽ വേണ്ടത്ര സാമ്പത്തിക സഹായങ്ങളും അസംസ്കൃത വസ്തുക്കളും ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ അതിൻെറ പ്രവർത്തനം പൂർണ്ണമായി നിലച്ചിട്ട് വർഷങ്ങളായി.

കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്ന മഹിള സമാജങ്ങളൊന്നും പഞ്ചായത്തിലില്ല. ഉള്ളവ കെട്ടിടത്തിൻെറയും മറ്റും അഭാവം മൂലം തീരെ നിർജ്ജീവാവസ്ഥയിലാണ്.

പ്രശ്നങ്ങൾ

1. വനിതകൾ പൊതുരംഗത്തേയ്ക്കും നേതൃത്വ നിരയിലേയ്ക്കും വരുന്നതിനെ സമൂഹം പ്രോത്സാഹിപ്പിക്കുന്നില്ല.
2. തുല്യ ജോലിയ്ക്ക് തുല്യവേതനം ലഭിയ്ക്കുന്നില്ല.
3. സ്ത്രീ പീഡനം ഇപ്പോഴും നിലനിൽക്കുന്നു.
4. മഹിളാ സമാജങ്ങളും മറ്റും കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നതിനുള്ള സാഹചര്യങ്ങില്ല.
5. കുടിവെള്ളം, പാർപ്പിടം, കക്കൂസ് എന്നിവയുടെ അഭാവം സ്ത്രീകളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു.
6. വനിതകൾക്കു മാത്രമായുള്ള വ്യവസായ യൂണിറ്റുകൾ തീരെ കുറവാണ്.

ചെയ്യാവുന്ന പരിഹാര മാർഗ്ഗങ്ങൾ

1. വനിതകൾക്ക് തുല്യവേതനവും എല്ലാ രംഗത്തും തുല്യ അംഗീകാരവും നൽകുക.
2. മദ്യപാനം, സ്ത്രീധനം, സ്ത്രീപീഡനം എന്നിവയ്ക്കെതിരെ വ്യാപകമായ ബോധവൽക്കരണവും കർശന ശിക്ഷാനടപടികളും എടുക്കുക.
3. പഞ്ചായത്തിൻെറ എല്ലാഭാഗത്തും ആവശ്യത്തിന് കുടിവെള്ളം എത്തിയ്ക്കുക
4. പഞ്ചായത്തിൻെറ എല്ലാ മേഖലകളിലും ക്രഷ് അനുവദിയ്ക്കുക.
5. പഞ്ചായത്തിലെ എല്ലാ വീടുകൾക്കും കക്കൂസ് ഉണ്ടാക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിയ്ക്കുക.
6. വനിത വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം പ്രോൽസാഹിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

5.11

പട്ടികജാതി – പട്ടികവർഗ ക്ഷേമം

ഈ പഞ്ചായത്തിൽ പട്ടിക ജാതിയിൽപ്പെട്ടവർക്ക് 125 വീടുകളും, പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് 3 വീടുകളും ഉണ്ട്. ഇതിൽ 242 സ്ത്രീകളും 387 പുരുഷൻമാരും ആണ് ഉള്ളത്. എന്നാൽ പാർപ്പിടത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കമാണ്. മൊത്തം വീടുകളിൽ പണി തീർന്നത് 6 എണ്ണമാണ്. പണി തീർക്കാൻ ഉള്ളത് 106 എണ്ണമുണ്ട്. വൈദ്യുതിയുടെ കാര്യത്തിലും വളരെ പിന്നിലാണ്. 39 എണ്ണം കുടിലുകളുടെ എണ്ണം 13 ആണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ S.S.L.C. പാസായവർ 51 പേരും, അതിൽ താഴെ വിദ്യാഭ്യാസമുള്ളവർ 166 ഉം ആണ്. ബാക്കിയുള്ളവർ അൽപ്പ വിദ്യാഭ്യാസമുള്ളവരും, ഒട്ടും ഇല്ലാത്തവരുമാണ്. ജോലിയുടെ കാര്യത്തിൽ പ്രൈവറ്റ് കമ്പനിയിൽ 9 പേരും, ഗവ. സർവീസിൽ 8 പേരുമാണുള്ളത്. പ്രാഥമിക ആവശ്യങ്ങൾക്കു കക്കൂസ് 14 കുടുംബങ്ങൾ മാത്രമാണ് ഉള്ളത്. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ 114 ഉം, ഇവിടെ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. 6, 7, 8 വാർഡുകളിൽ പ്രത്യേകിച്ചും ഒരു കി.മി. മുതൽ 2 1/2 കി.മീ. വരെ ദൂരെ നിന്നും തലചുമടായാണ് വെള്ളം കൊണ്ടുവന്നത്.

IRDP സർവെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെ കുടുംബ വരുമാനമുള്ള കുടുംബങ്ങൾ 38 ഉം, ധനസഹായം സ്വീകരിച്ചുള്ളവർ 31 ഉം ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഈ സാമ്പത്തിക സഹായത്താൽ ഇവരുടെ ജീവിതനിലവാരത്തിന് അല്പമെങ്കിലും അഭിവൃദ്ധിയുണ്ടാക്കാൻ സാധിച്ചിട്ടില്ല.

IRDP സർവെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെ കുടുംബ വരുമാനമുള്ള കുടുംബങ്ങൾ 38 ഉം, ധനസഹായം സ്വീകരിച്ചുള്ളവർ 31 ഉം ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഈ സാമ്പത്തിക സഹായത്താൽ ഇവരുടെ ജീവിതനിലവാരത്തിന് അല്പമെങ്കിലും അഭിവൃദ്ധിയുണ്ടാക്കാൻ സാധിച്ചിട്ടില്ല.

കൃഷി ഓഫിസിൽ നിന്നും ആനുകൂല്യം കിട്ടിയിട്ടുള്ള ആളുകൾ

തെങ്ങിൻ തൈ വാങ്ങിയവർ – 140 എണ്ണം
കാർഷിക ഉപകരണങ്ങൾ – 70 എണ്ണം

കോളനികൾ

വെള്ളംചിറ ഹരിജൻ കോളനിയും, ഏഴല്ലൂർ ഹരിജൻ കോളനിയും ഉണ്ട്.

ഈ വിഭാഗത്തിൽ കൂടുതലും കർഷക തൊഴിലാളികളാണ്. ഇവരിൽ 10 % ആളുകൾ നിരക്ഷരരും ആണ്.

ഈ പഞ്ചായത്തിൽ ബഹുജന സംഘടനകൾ ഉണ്ട്. എങ്കിൽ പോലും സ്വന്തമായി കെട്ടിടം ഇല്ലാത്തത് കൊണ്ട് പ്രവർത്തനക്ഷമത കാര്യമായിട്ടും ഇല്ല. ഈ കോളനികളിൽ കുടിനീർക്ഷാമം, വൈദ്യുതി ക്ഷാമം എന്നിവയും കൂടുതലായി കാണുന്നു. ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ല. ചികിത്സാ സൗകര്യത്തിന്റെ കാര്യത്തിൽ റോഡുകളുടെ അഭാവവും ആശുപത്രികളിലേയ്ക്കുള്ള ദൂരകൂടുതലും വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള അംഗൻവാടികൾ ഇല്ല. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരും ഉണ്ട്. ജോലിയില്ലാത്തവർക്ക് ആവശ്യമായ കുടിൽ വ്യവസായമോ നടത്തുന്നതിനോ കൃഷി ചെയ്യുന്നതിനുള്ള സ്ഥലമോ ഇല്ല. ആളുകളുടെ വായനാശീലം വളർത്തുന്നതിനാവശ്യമുള്ള വായനശാലകളോ ഇല്ല എന്നത് പരിതാപകരമായ ഒരു സത്യം മാത്രമാണ് കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ എന്നിവ യഥാസമയം കിട്ടുന്നില്ല മാത്രമല്ല, അതുകിട്ടുന്നതിലേയ്ക്ക് ആവശ്യമായ സഹായം ഡിപ്പാർട്ട്മെൻറുകൾ തമ്മിലുള്ള നിസ്സഹകരണം എന്നീ കാരണങ്ങളിൽ ചിലതാകുന്നു. ഈ പ്രദേശങ്ങളിൽ ഉള്ള ആളുകൾക്ക്



ബോധവൽക്കരണ സെമിനാർ ഉൾപ്പെടെ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്.

ഇവിടത്തെ ജനങ്ങളിൽ IRDP ധനസഹായം ലഭിച്ചിട്ടും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്താത്തവരാണ് മുഴുവൻ ആളുകളും. ഇവരുടെ ഉന്നമനത്തിനു ആവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും, സ്ഥിരമായി തൊഴിൽ കിട്ടുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികളാണ് മുഖ്യമായി നടപ്പാക്കേണ്ടത്.

പ്രശ്നങ്ങൾ

1. കോളനികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ചികിത്സാ സൗകര്യങ്ങൾ, റോഡ് എന്നിവയില്ല.
2. എല്ലാവർക്കും വീടുകളില്ല. ഉള്ള വീടുകൾ സൗകര്യമുള്ളവയും ഉറപ്പുള്ളവയുമല്ല.
3. എല്ലാ കുട്ടികളും സ്കൂളിൽ പോകുന്നില്ല.
4. തൊഴിലില്ലായ്മ രൂക്ഷമാണ്
5. അർഹമായ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല. അജ്ഞത ചൂഷണം ചെയ്യപ്പെടുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തണം. കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ചികിത്സാ സൗകര്യം, റോഡ് എന്നിവയെല്ലാം, കോളനികളിലും, മറ്റ് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തും നടപ്പാക്കണം.
2. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ കോളനികൾ എല്ലാ വിധ സൗകര്യങ്ങളോടും കൂടി സ്ഥാപിക്കണം.
3. വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കണം എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കുന്നതിനും കൊഴിഞ്ഞു പോക്ക് ഒഴിവാക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തണം. സാക്ഷരത പരിപാടി നടപ്പാക്കണം.
4. തൊഴിലില്ലായ്മ പരിഹരിയ്ക്കുന്നതിന് വിവിധ തൊഴിൽ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കണം. കോളനികൾ കേന്ദ്രീകരിച്ച് സ്വയം തൊഴിൽ ചെയ്യാനുള്ള സഹായം എത്തിക്കണം.
5. പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്ക് അർഹമായ പദ്ധതികളേ സംബന്ധിച്ചും, അവ കിട്ടുന്നതിനു സ്വീകരിക്കേണ്ട നടപടികളേ സംബന്ധിച്ചും ജനപങ്കാളിത്തത്തോടെ ബോധവൽക്കരണം നടത്തുകയും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുക.
6. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൊതുപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ജനപങ്കാളിത്തത്തോടൊപ്പം നല്ല നല്ല പദ്ധതികൾ നടപ്പാക്കുക.
7. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുക.
8. കോടിക്കുളം പഞ്ചായത്തിൽ പ്രത്യേകിച്ച് പടി. കോടിക്കുളത്ത് (VII-ാം വാർഡ്) ഒരു പട്ടികജാതി - പട്ടിക വർഗ്ഗ വികസന സൊസൈറ്റി തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാരിൽനിന്നും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുക.
9. എല്ലാ കോളനികളിലും സാംസ്കാരിക നിലയങ്ങൾ പണിയുക.
10. നെൽകൃഷി ഭൂമി നികത്തി കെട്ടിടം പണിയുന്നവരേയും മറ്റും നിയമങ്ങൾ കൊണ്ട് തടയുകയും, കർഷക തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യുക.
11. ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികജാതി - പട്ടിക വർഗ്ഗക്കാരായ ആളുകൾക്ക് കൃഷിഭൂമിയും കാർഷിക ഉപകരണങ്ങളും സൗജന്യമായി വിതരണം നടത്തുകയും അതിന്റെ മേൽനോട്ടം പഞ്ചായത്തിനെ ഏൽപ്പിച്ച് അവരുടെ ജീവിത നിലവാരം ഉയർത്താൻ നടപടി സ്വീകരിക്കുകയും വേണം.
12. തരിശുഭൂമിയിൽ താമസിക്കുന്ന ആളുകൾക്ക് പഞ്ചായത്ത് അധികൃതരുടെ അനുമതിയോടെ പുര പണിയുന്നതിന് വേണ്ട നടപടി സ്വീകരിയ്ക്കുക.
13. ആറ്റുപുറമ്പോക്കിലും തോട്ടു പുറമ്പോക്കിലും താമസിക്കുന്ന എല്ലാ വിഭാഗം ആളുകൾക്കും പഞ്ചായത്തു മുഖേന ഭൂമി വാങ്ങി വിതരണം നടത്തുക.
14. മാർക്കറ്റ് വിലയ്ക്ക് ഭൂമി വിലക്ക് എടുക്കാനുള്ള അവകാശം പഞ്ചായത്തിന് നൽകുക.
15. ഹൗസിംഗ് ബോർഡ് വഴി ഭവന നിർമ്മാണത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശവും, ഗഡുക്കളായി പണം വിതരണം ചെയ്യുന്നതിനുള്ള അവകാശവും ഗ്രാമ പഞ്ചായത്തിന് നൽകുക.
16. ലക്ഷംവീടുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള പണം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുക.
17. താഴ്ന്ന വരുമാനക്കാരുടെ പൂർത്തികരിക്കാത്ത വീടുകൾ പൂർത്തിയാക്കുന്നതിനു വേണ്ടി ഹൗസിംഗ് സൊസൈറ്റികളിൽ നിന്നും പണം അനുവദിക്കുക.
18. ഈ പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കണം.
19. പട്ടികജാതി / വർഗ്ഗക്കാർക്ക് പണിതു കൊടുത്തിട്ടുള്ള വീടുകൾ 5 വർഷത്തിലൊരിക്കൽ അറ്റകുറ്റപണികൾക്ക് ധനസഹായം നൽകുക.



ട്രൈസം പരിശീലനം നേടിയവരുടെ വിവരം

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ വിവരം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലിൽഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
സ്പിന്നിംഗ്	16	14	-	2
കാർപ്പെന്ററി	2	-	2	-
ടെയ്ലറിംഗ്	10	8	2	-
കംപോസിംഗ്	2	-	2	-
ഓട്ടോമൊബൈൽ	2	2	-	-
സീപ്പെട്ടി നിർമ്മാണം	9	-	9	-

DWCRA പദ്ധതി പ്രകാരം രൂപ്പെട്ട തൊഴിൽ സംരഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ച കുറുപ്പ്
I	ഡയറി യൂണിറ്റ് പശു തൊഴുത്ത് പാറപ്പുഴ	87/88	16	ഭാഗീകമായി നടക്കുന്നു
II	കൊടുവേലി പന്നി വളർത്തൽ യൂണിറ്റ്	95/96	7	തൃപ്തികരമായി നടക്കുന്നു

അനർട്ട് കേന്ദ്രത്തിൽ നിന്നും വിതരണം ചെയ്തിട്ടുള്ള ഉപകരണങ്ങളും ധന സഹായവും

പേര്	വിതരണം ചെയ്തിട്ടുള്ള എണ്ണം	വില
മണ്ണെണ്ണ സ്റ്റൗ	310	145290
ഇലക്ട്രിക് ചോക്ക്	46	7912
പ്രഷർ കുക്കർ	249	130075
CFL ട്യൂബ്	65	17403
ആകെ	300680/-	
സബ്സിഡി - 49183		

5.12

സഹകരണവും വിഭവസമാഹരണവും

ജീവന്റെ നിലനില്പിന് ഊർജ്ജം എന്നതുപോലെ സമൂഹത്തിന്റെ നിലനില്പിന് അനിവാര്യമായ ഘടകമാണ് സഹകരണം. പൊതുവെ ദുർബലനായിരുന്ന മനുഷ്യൻ പ്രാകൃതാവസ്ഥയിൽ തന്നെ കൂട്ടുചേർന്നാണ് ജീവിച്ചിരുന്നത്. ഒന്നിച്ച് കായ്കനികൾ ശേഖരിക്കുന്നതും മൃഗങ്ങളെ വേട്ടയാടുന്നതും ശേഖരിക്കുന്ന ആഹാരം ഒപ്പം പങ്കിടുന്നതും ഒന്നും ലഭിക്കാത്തപ്പോൾ ഒരുമിച്ച് പട്ടിണികിടക്കുകയും ചെയ്ത പ്രാകൃത മനുഷ്യൻ കൃഷി കണ്ടുപിടിച്ചതോടെയാണ് നാളേയ്ക്ക് കരുതിവയ്ക്കാനുള്ള ശീലവും ആരംഭിച്ചത്. അങ്ങനെ സഹകരണവും വിഭവസമാഹരണവും ചരിത്രാതീതകാലത്തുതുടങ്ങി മനുഷ്യപുരോഗതിയോടൊപ്പം വളർന്നുകൊണ്ടിരുന്നു.


ഇത് ആധുനിക മനുഷ്യന്റെ ജീവിതത്തിലെ അടിസ്ഥാനഘടകമായി ഇന്നു മാറിയിരിക്കുന്നു. ഒന്നാം ലോക മഹായുദ്ധത്തിനുശേഷമുണ്ടായ കൊടുംപട്ടിണിയിൽനിന്നും കരകയറാനായിരുന്നു ആദ്യം ഇൻഡ്യയിൽ കൃഷിയുടെ ശാസ്ത്രീയ കൂട്ടായ്മ ആരംഭിച്ചത്. അഥവാ കർഷകന് സ്വന്തമായി ധനസമാഹരണം നടത്താനും കാർഷികരംഗത്ത് വായ്പ വിതരണം ചെയ്യാനും തുച്ഛമായ പലിശയിലൂടെ അതു തിരിച്ചുപിടിക്കാനും ആരംഭിച്ചത്. ഇത്തരം പ്രസ്ഥാനം രജിസ്റ്റർ ചെയ്യാനും അതിന് വേണ്ട സഹായങ്ങൾ ചെയ്യാനും സർക്കാർ കൂടി തയ്യാറായപ്പോൾ സഹകരണപ്രസ്ഥാനം നാടെങ്ങും വളർന്നു. ഇന്ന് കൃഷി മാത്രമല്ല മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങി സമസ്തമേഖലകളിലും സഹകരണപ്രസ്ഥാനം വൻ സ്വാധീനം ചെലുത്തുന്നു.

അതിന്റെ മുന്നോടിയായി 1926ലാണ് നെടുമറ്റം സർവ്വീസ് സഹകരണസംഘം നിലവിൽ വരുന്നത്. അന്ന് ഇവിടുത്തെ കർഷകപ്രമാണികൾ മാത്രമായിരുന്നു അതിൽ അംഗങ്ങളായിരുന്നത്. അതുകൊണ്ടുതന്നെ അംഗസംഖ്യ തീർത്തും പരിമിതമായിരുന്നു.

നെടുമറ്റം ഗവ.സ്കൂളിലെ അധ്യാപകനായിരുന്ന ശ്രീ.ഗണേശ് അയ്യരാണ് സഹകരണസംഘത്തിന്റെ ആശയം കോടിക്കുളത്ത് എത്തിച്ചത്. അദ്ദേഹം കരപ്രമാണിമാരെ വരുത്തി സഹകരണസംഘത്തെപ്പറ്റിയുള്ള കാര്യങ്ങൾ വിശദീകരിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ 28-5-1926ൽ പരസ്പര സഹായ സഹകരണസംഘമായി രജിസ്റ്റർ ചെയ്യുകയും, ആവശ്യമായ ബൈലോ ഉണ്ടാക്കി 1-8-1926 ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ആരംഭത്തിൽ 7 ബോർഡ് അംഗങ്ങളുണ്ടായിരുന്നു. 29-12-1962ൽ സംഘത്തെ സർവ്വീസ് സഹകരണബാങ്കായി അംഗീകരിച്ചു.

കോടിക്കുളം സർവ്വീസ് സഹകരണബാങ്ക് മലയാളവർഷം 18-7- 1123 (8-7-1948) ൽ സ്ഥാപിതമാവുകയും, 25-11-1123ൽ ഗ്രാമോദ്ധാരണ സഹകരണസംഘമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ രണ്ട് അംഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. 1960 വരെ നെയ്ത്തിനുള്ള തറികൾ വാങ്ങി പ്രവർത്തിച്ചിരുന്നു. 1961ൽ നിക്ഷേപങ്ങൾ സ്വീകരിക്കാനും, ചിട്ടിനടത്താനും, വായ്പകൊടുക്കാനും തുടങ്ങി. 1973 ൽ സഹകരണബാങ്കായി ഉയർന്നു. 7.5 ലക്ഷം രൂപയുടെ ഓഹരിമൂലധനവും, 1.25 കോടിയുടെ നിക്ഷേപവും, അത്രത്തോളം വായ്പാബാക്കിയും ഇപ്പോഴുണ്ട്. പ്രവർത്തനമൂലധനം 1.50 കോടി രൂപയാണ്.

അതോടൊപ്പം ഇപ്പോൾ ചില സഹകരണസംഘങ്ങൾ ഉണ്ടാവുകയും, കൊഴിയുകയും ചെയ്യുന്നുണ്ട്.



എങ്കിലും, കോടിക്കുളത്തും തെന്നത്തൂരുമുള്ള ക്ഷീരോത്പാദക സഹകരണസംഘങ്ങളും, വണ്ടമറ്റത്തുള്ള വനിതാ സഹകരണസംഘവും നല്ലനിലയിലാണ് പ്രവർത്തിക്കുന്നത്. അതുപോലെ, കോടിക്കുളം, വാഴക്കാല എന്നീ സ്ഥലങ്ങളിൽ ഇടുക്കിയുടെ ലീഡ്ബാങ്കായി യൂണിയൻബാങ്കിന്റെ ശാഖകളും പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികനിലവാരം വളരെ മോശമാണ്. പ്രധാന വരുമാനമാർഗ്ഗം കെട്ടിടനികുതിയും, തൊഴിൽനികുതിയും മാത്രമാണ്. ഭരണച്ചെലവു കഴിഞ്ഞ് തുച്ഛമായ തുകയാണ് ബാക്കി വരുന്നത്. ടി തുക ഉപയോഗിച്ച് എല്ലാ വാർഡുകളിലും വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയില്ല. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുപയോഗച്ചാണ് അത്യാവശ്യവികസനപ്രവർത്തനങ്ങൾ നടത്തുന്നത്. കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ കെട്ടിടനികുതി പുതുക്കൽ, സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഇൻക്രിമെൻറ്, ശമ്പളവർദ്ധന എന്നിവമൂലം വർദ്ധിച്ച തൊഴിൽ നികുതി, പഞ്ചായത്തുവക വസ്തുക്കൾ ലേലം

ചെയ്തുവിറ്റപ്പോളുണ്ടായ വർദ്ധനവ് എന്നീ ഇനങ്ങളിൽ വരുമാനം അല്പം കൂടുതൽ വന്നിട്ടുണ്ടെങ്കിലും ദൈനം ദിന ചിലവുകൾ കഴിഞ്ഞ് മിച്ചമുണ്ടായിരുന്നില്ല. വരവു സംബന്ധിച്ച 85-86 മുതൽ 94-95 വരെയുള്ള വർഷങ്ങളിലെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സോ, സിനിമാ തീയേറ്ററോ ഇല്ല. പഞ്ചായത്തിന് നേരിട്ട് കടബാദ്ധ്യതകളില്ലെങ്കിലും വാട്ടർ സപ്ലൈ, മെയിൻറനൻസ് ചാർജിനത്തിൽ 1-4-84 മുതൽ 96 ഓഗസ്റ്റ് മാസം വരെയുള്ള കാലത്തെ ഏകദേശം രണ്ടരലക്ഷത്തോളം രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുണ്ട്. ആയതിൻറെ വിഹിതം എല്ലാമാസവും കൃത്യമായി അടച്ചുകൊണ്ടിരിക്കുന്നു.

ഇനി നമുക്ക് 85-86 മുതൽ 94-95 വരെയുള്ള ചെലവ് നോക്കാം. ചെലവു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഭരണച്ചിലവ് ഓരോ വർഷവും വർദ്ധിച്ചിരിക്കുകയാണ്. കാരണം ജീവനക്കാരുടെ ഇൻക്രിമെൻറ് ക്ഷാമബത്ത വർദ്ധനവ്, ശമ്പള വർദ്ധനവ്, തിരഞ്ഞെടുപ്പ് ചെലവ്, ജനപ്രതിനിധികൾക്ക് നൽകുന്ന ഹോണറേറിയം സിറ്റിംഗ് ഫീ, യാത്രാപ്പടി മറ്റുചിലവുകൾ എന്നിവ മൂലമാണ്. വികസനപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പൊതുമരാമത്ത് വേലകളാണ്. അതിന് വേണ്ടി വരുന്ന തുക ഓരോ വർഷവും വർദ്ധിച്ചുവരുന്നതായി കാണുന്നു. പൊതുമരാമത്ത് വേലകൾ 3 വിധത്തിലാണ് നടത്തുന്നത്. അൺടൈഡുഫണ്ട് ഉപയോഗിച്ച് നടത്തുന്ന വേലകൾ പഞ്ചായത്ത് നേരിട്ടും ജവഹർ തൊഴിൽദാനപദ്ധതി സംബന്ധിച്ചുള്ള വേലകൾ ഉപഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കുന്ന കൺവീനറെക്കൊണ്ടും ബാക്കി പണികൾ ടെൻഡർ ക്ഷണിച്ചും നടത്തുന്നു. ഈ പഞ്ചായത്തിൽ ആകെ 48.279 കി.മി.റോഡുണ്ട്. അതിൽ 16.105 കി.മി.റോഡ് ടാറിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി റോഡുകൾ (32.174 കി.മി) മൺറോഡായിത്തന്നെ അവശേഷിക്കുന്നു. കാലാകാലങ്ങളിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ ഉപയോഗിച്ച് റോഡുകളുടെ ടാറിംഗുൾപ്പെടെയുള്ള അത്യാവശ്യ അറ്റകുറ്റപ്പണികൾ, പഞ്ചായത്തുകിണറുകൾ നന്നാക്കൽ, വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. പടി.കോടിക്കുളത്ത് ഐരാമ്പിള്ളിയിൽ 94-95, 95-96 എന്നീ വർഷങ്ങളിലെ അൺടൈഡ് ഫണ്ട് ഉപയോഗിച്ചുള്ള സർക്കാർ ആയുർവേദ ആശുപത്രിയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ 1994 കേരളാ പഞ്ചായത്ത് രാജ് നിയമമനുസരിച്ച് പഞ്ചായത്തിൻറെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുകകൾ നിയമാനുസൃതം ചെലവഴിച്ചുകൊണ്ടിരിക്കുന്നു. വകുപ്പുകളും അനുവദിച്ചിട്ടുള്ള തുകകളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

1995- 96, 96-97 വർഷങ്ങളിൽ ജെ.ആർ.വൈ സ്കീമിൽ അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച്, റോഡിൻറെ ഉദ്ധാരണവേല, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വീടുകൾ, കക്കൂസുകൾ, കോളനികളിൽ ടി.വി. കയോസ്ക് എന്നിവയും 6 അംഗൻവാടികളിൽ കക്കൂസ്, കുളിക്കടവുനിർമ്മാണം എന്നിവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

1995-96 സാമ്പത്തികവർഷത്തെ വരവും ചിലവും നോക്കിയാൽ വരവിനെ അപേക്ഷിച്ച് ചെലവ് കൂടുതലാണെന്ന് കാണാം. ഏറ്റവും കൂടുതൽ ചെലവ് വന്നിട്ടുള്ളത് ഭരണത്തിനും പൊതുമരാമത്ത് വേലകൾക്കുമാണ്. വരവ്, ചെലവ് സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം അനുബന്ധമായി ചേർത്തിരിക്കുന്നു. വരവിനെ അപേക്ഷിച്ചി ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിൻറെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശങ്ങളാണ് ആവശ്യം. ആയത് താഴെപ്പറയുന്ന വിധമാണ്.

1. ചെറുകിട കർഷകരെ ബാധിക്കാതെ 10 ഹെക്ടറിൽ കൂടുതലുള്ള കൃഷിക്കാരിൽ നിന്ന് കാർഷികാദായനികുതി പിരിക്കുന്നതിനുള്ള അവകാശം പഞ്ചായത്തിനു നൽകുക.
2. കള്ളുഷാപ്പുകളുടെ ലേലത്തുകയുടെ 25% ശതമാനം പഞ്ചായത്തിന് അനുവദിക്കുക.
3. വാഹനങ്ങൾ പാർക്കുചെയ്യുന്ന സ്ഥലത്ത് വാഹനനികുതി ഈടാക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുക.
4. പഞ്ചായത്തിലെ റബർകൃഷിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ റബർബോർഡിൽ നിന്നും പഞ്ചായത്തുകൾക്ക് ഗ്രാന്റ് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക
5. ഓഫീസ് കോമ്പൗണ്ടിന്റെ തെക്കുഭാഗത്ത് താഴത്തെനിലയിൽ ഷോപ്പിംഗ് കോംപ്ലക്സും മുകളിൽ കമ്യൂണിറ്റി ഹാളുമായി ഒരു കെട്ടിടം പണിതാൽ വരുമാനം വർദ്ധിപ്പിക്കാം.

ഇനി നമുക്ക് പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളുടെ സ്ഥിതി വിലയിരുത്താം. 2 സഹകരണസംഘങ്ങളും, യൂണിയൻ ബാങ്കിന്റെ രണ്ടുശാഖകളും. യൂണിയൻബാങ്കിന്റെ ഒരു ശാഖ കോടിക്കുളത്തും മറ്റൊന്ന് പടിഞ്ഞാറെ കോടിക്കുളത്തും പ്രവർത്തിക്കുന്നു.

സഹകരണസംഘങ്ങളിൽ ഒന്ന് നെടുമറ്റത്തും, മറ്റൊന്ന് കോടിക്കുളത്തുമാണുള്ളത്. രണ്ടു സംഘങ്ങളിൽ നിന്നും പലതരം വായ്പകൾ കൃഷിക്കാർക്കും മറ്റും നൽകിയതിൻറെ വിവരങ്ങൾ പ്രത്യേക അനുബന്ധങ്ങളിലായി ചേർക്കുന്നു. ടി സൊസൈറ്റിയുടെ പടി.കോടിക്കുളത്ത് പ്രവർത്തിക്കുന്ന ശാഖയിൽനിന്നും നെടുമറ്റം സൊസൈറ്റിയിൽ നിന്നും വിവിധതരത്തിലുള്ള 2,29,64060 രൂപ കാർഷികവായ്പ ഉൾപ്പെടെ പലതരം വായ്പകളായി കർഷകർക്കു നൽകിയിരിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധമായി

ചേർത്തിരിക്കുന്നു.

കോടിക്കുളം സഹകരണബാങ്കിൽനിന്നും 1,03,58,525 രൂപ വിവിധതരം വായ്പകളായി കർഷകർക്ക് നൽകിയിരിക്കുന്നു. വായ്പസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ പഞ്ചായത്തിൽനിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ഉദ്ദേശം 43പേരും മറ്റു രാജ്യങ്ങളിലേക്ക് 32 പേരും ജോലിക്കുവേണ്ടി താമസിക്കുന്നതായി മനസിലാക്കുന്നു. ഇവരിൽ ഭൂരിഭാഗവും ഇടത്തരം കുടുംബത്തിൽപ്പെട്ടവരാണ്. ഇവർക്ക് ലഭിക്കുന്ന തുകയിൽ അധികഭാഗവും കെട്ടിടനിർമ്മാണത്തിനും കൃഷിഭൂമി വാങ്ങുന്നതിനും വേണ്ടി ഉപയോഗിക്കുന്നു. അതിനാൽ അവർക്കു ലഭിക്കുന്ന തുക സ്വന്തം ആവശ്യങ്ങൾക്കുമാത്രം ഉതകുന്നു.

നമ്മുടെ പഞ്ചായത്തിൽ മുൻകാലങ്ങളിൽ മനുഷ്യപ്രയത്നംകൊണ്ടും സംഭാവനകൾ സ്വീകരിച്ചും അനേകം പ്രവർത്തികൾ ചെയ്തിട്ടുണ്ട്. അവയിൽ ഏതാനും ചുവടെച്ചേർക്കുന്നു. പടി.കോടിക്കുളത്ത് ഐരാമ്പള്ളിയിൽ പണിനടന്നുകൊണ്ടിരിക്കുന്ന ഗവ.ആയുർവേദാശുപത്രിയുടെ സ്ഥലം വാങ്ങി മൺവേലചെയ്തു തറപൂർത്തിയാക്കി ബാക്കി ഏതാനും പണികൾ കൂടി നടത്തിയിട്ടുള്ളത് പൊതുജനങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും മനുഷ്യാധ്വാനം കൊണ്ടുമാണ്. അതുപോലെ പടി.കോടിക്കുളം ഹൈസ്ക്കൂളിന്റെ ഓട് പൊളിച്ചുമേയുകയും സംഭാവന സ്വീകരിച്ച് ക്ലാസുമുറികൾ മറയ്ക്കുന്നതിനുള്ള സ്ക്രീനുകൾ വാങ്ങുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ സെ.മേരീസ് ഹൈസ്ക്കൂളിലെ ജലവിതരണസംവിധാനം, കളിസ്ഥലം നിരപ്പാക്കൽ എന്നിവ സ്കൂളിലെ കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ മനുഷ്യാധ്വാനമാണ്. വണ്ടമറ്റം-കപ്പത്തൊട്ടി റോഡിന്റെ നിർമ്മാണം (ഉദ്ദേശം 80 പേർ) നവംബർ 1 പുനർപ്പണദിനത്തിൽ പണിനടത്തിയിട്ടുള്ള വാഴക്കാല മില്ലുംപടി റോഡിന്റെ നിർമ്മാണം (130 പേർ) ചാലയ്ക്കമുക്ക്-ചേന്നംകോട് റോഡിന്റെ പണി, കോട്ട - വിലങ്ങുകല്ല് റോഡിന്റെ നിർമ്മാണം, കോട്ട-തോന്നിമാരിഞ്ഞണ്ട് റോഡിന്റെ നിർമ്മാണ് (ഉദ്ദേശം 124 പേർ) പൊതുജനപങ്കാളിത്തത്തോടെ മാത്രം ചെയ്തിട്ടുള്ള വേലകളാണ്. കോടിക്കുളം പി.എച്ച്.സെന്ററിന്റെ പരിസരം വൃത്തിയാക്കിയിട്ടുണ്ട്.

പശ്നങ്ങൾ

പഞ്ചായത്തിൽ നടത്തേണ്ട വികസനപ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന തുകകൾ, സാങ്കേതികവിദഗ്ദരുടെ സഹകരണക്കുറവ്, ചെലവഴിക്കുന്നതിനുള്ള നിയമങ്ങളുടെ നൂലാമാല, സ്കീമുകൾ തയ്യാറാക്കുന്നതിൽ വരുന്ന അപാകത, ആവശ്യത്തിന് തുക ലഭിക്കായ്ക എന്നീ കാരണങ്ങളാൽ യഥാസമയം ചിലവഴിക്കാൻ സാധിക്കാതെ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നു.

2. നമ്മുടെ ധനകാര്യസ്ഥാപനങ്ങൾ മുഖേന വായ്പകൾ ലഭിക്കുന്നതിന് ധാരാളം കടമ്പകൾ കടക്കേണ്ടിവരുന്നതിനാൽ ലോൺ എടുക്കുന്നതിന് മടികാണിക്കുകയും ലോൺ ലഭിക്കാത്ത കാരണത്താൽ പദ്ധതികൾ മന്ദീഭവിക്കുകയും ചെയ്യുന്നു.
3. ഓരോ പ്രദേശങ്ങളിലേയും അടിസ്ഥാന ആവശ്യങ്ങൾ മനസിലാക്കാതെയും അറിയാതെയും സ്കീമുകൾ തയ്യാറാക്കുകയും തുക അനുവദിക്കുകയും ചെയ്യുന്നതിനാൽ ടി തുക വിനിയോഗിക്കാൻ സാധിക്കാതെ വരുന്നു.
4. ഒരു പ്രത്യേക ഉദ്ദേശത്തിന് എടുക്കുന്ന വായ്പ ആയതിനുപയോഗിക്കാതെ മറ്റു ഏതെങ്കിലും കാര്യത്തിനു വേണ്ടി ഉപയോഗിക്കുന്നു.
5. നാം ഏതു വികസനപ്രവർത്തനങ്ങൾ നടത്തുമ്പോഴും സാമ്പത്തികചിലവുകൾക്ക് ഉപരിയായി മനുഷ്യാധ്വാനമാണ് പ്രധാനം, എന്നാൽ നമ്മുടെ നാട്ടിലുള്ള ഉപഭോക്താക്കൾ കാര്യമായി അതിനു തയ്യാറാകുന്നില്ല എന്നു മാത്രമല്ല നിലവിലുള്ള നിയമം അതിന് അനുവദിക്കുന്നുമില്ല.
6. നാം ഏതൊരു ജോലി ചെയ്യുമ്പോഴും നമ്മോടൊപ്പം സഹകരിക്കുന്നവർ പോലും വരവുചെലവുകണക്കുകളെക്കുറിച്ച് അറിയാത്തതാണ് പ്രധാന പ്രശ്നം. ഈ സാഹചര്യത്തിൽ നമ്മോടൊപ്പം പ്രവർത്തിയിൽ ഏർപ്പെടുന്നവർക്ക് താല്പര്യമില്ലായ്മ ഉണ്ടാകുന്നു.

സാദ്ധ്യതകൾ

1. പഞ്ചായത്തിന്റെ ഭരണചെലവു കുറയ്ക്കൽ
2. നികുതിദായകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ചർച്ചചെയ്ത് അംഗീകാരം വാങ്ങുക.
3. സന്നദ്ധസേവകരെക്കൊണ്ട് ശരിയായരീതിയിൽ സന്നദ്ധപ്രവർത്തനം നടത്താനുള്ള പരിപാടികൾ രൂപീകരിക്കുക.
4. ഈ പഞ്ചായത്തിൽനിന്നും ഗൾഫ്, അന്യരാജ്യങ്ങൾ എന്നിവിടങ്ങളിൽ പോയിട്ടുള്ളവരുടെ വരുമാനങ്ങൾ പ്രത്യുൽപാദനമേഖലയിൽ നിക്ഷേപിക്കുന്നതിനുള്ള ക്രിയാത്മകപരിപാടികൾ ആസൂത്രണം ചെയ്യുക.
5. ധനകാര്യസ്ഥാപനങ്ങളുടെ സഹായങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ട നല്ല സ്കീമുകൾ തയ്യാറാക്കുക
6. പഞ്ചായത്തിലെ നികുതിദായകർക്ക് പ്രത്യക്ഷമായോ പരോക്ഷമായോ ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ നികുതിയേതരവരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുക

ഉദാ: പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ ഷോപ്പിംഗ്കോംപ്ലക്സ് കം കമ്മ്യൂണിറ്റിഹാൾ പണിയുക

7. പഞ്ചായത്തിൽ മറ്റു മേഖലകൾ മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരം യഥാസമയം പഞ്ചായത്തിനെ അറിയിക്കുക.

സൊസൈറ്റികളുടെ റിപ്പോർട്ട്

കോടിക്കുളം സർവ്വീസ് സഹകരണ ബാങ്ക്

അംഗങ്ങൾ	5157
ഓഹരി മൂലധനം	1000000
നിക്ഷേപങ്ങൾ	9128402
സർക്കാർ മൂലധനം	45000
നിക്ഷേപം ഹ്രസ്വകാലം	1652096
വായ്പകൾ	ST: 2901070
	MT: 1652920
മറ്റിനം	4170952
പ്രത്യേക വായ്പ്പകൾ	1633583

നെടുമറ്റം സർവ്വീസ് സഹകരണ ബാങ്ക്

അംഗങ്ങൾ	4931
ഓഹരിമൂലധനം	100500
നിക്ഷേപങ്ങൾ സ്ഥിരം	19334566
ഹ്രസ്വകാലം	1409835
സർക്കാർ മൂലധനം	100000
വായ്പ കാർഷികം	4694764
മററു വായ്പകൾ	4170952
പ്രത്യേക വായ്പകൾ	1633583

മറ്റു സൊസൈറ്റികൾ

തെന്നത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം
കോടിക്കുളം ക്ഷീരോല്പാദകസഹകരണ സംഘം
ഖാദി വനിതാ വ്യവസായ സഹകരണസംഘം.(പാറത്തട) (നിലവിലില്ല)
കോടിക്കുളം കൺസ്യൂമർ സ്റ്റോർ (നിലവിലില്ല)
വനിതാ മാച്ച് വർക്ക്സ് സൊസൈറ്റി വണ്ടമറ്റം

കോടിക്കുളം പഞ്ചായത്ത് ആശുപത്രിയുടെ വിവരങ്ങൾ

ഗവൺമെന്റ് ആശുപത്രി.

ശരാശരി വരുന്ന രോഗികൾ	ബെഡുകൾ	ജീവനക്കാർ	ഒഴിവുതസിതിക
50-60	10	16	ഇല്ല

സ്വകാര്യ ആശുപത്രി.

ആശുപത്രി	എണ്ണം	ജീവനക്കാർ
ആയുർവേദം	2	4
ഹോമിയോ ഡിസ്പെൻസറി	1	5

അനുബന്ധം - 1

(85-86 മുതൽ 94-95 വരെയുള്ള വരവിന്റെ വിവരം)

വർഷം	ആകെ വരവ്	Debt head	ഗ്രാൻറ് തുക	അൺടൈഡ് ഫണ്ട്	തനിവരവ്
1985-86	379552	826	220241	-	158485
86-87	215042	6478	31718	-	176846
87-88	313336	10789	104230	-	115019
88-89	248936	21167	59178	-	168591
89-90	321742	8620	101988	-	211134
90-91	578892	24639	179324	150000	224929
91-92	558221	12665	188299	79969	277288
92-93	665904	4545	136172	70342	354845
93-94	597145	8576	73875	165800	348894
94-95	727967	10443	98777	240260	378487

അനുബന്ധം - 2

(85-86 മുതൽ 94-95 വരെയുള്ള ചെലവിന്റെ വിവരം)

വർഷം	തനി വരവ്	എസ്റ്റാബ്ലിഷ് മെന്റ് ചാർജ്	പൊതുമരാമത്ത് വേലകൾ	ആകെ ചെലവ്
1985-86	158485	74288	129259	289722
86-87	176846	91876	69890	104676
87-88	115019	160076	11234	200400
88-89	168591	134736	76132	239065
89-90	211134	182114	32541	549226
90-91	224929	194531	201213	451760
91-92	277288	244895	140513	439893
92-93	354845	260841	232924	547082
93-94	348894	302706	333861	724848
94-95	378487	318208	245668	602449

അനുബന്ധം - 3
(വിവിധ വകുപ്പുകളും അവയുടെ ചെലവുകൾക്ക് ലഭിച്ചിട്ടുള്ള തുകകളും സംബന്ധിച്ച്)

ക്രമനമ്പർ	വകുപ്പുകളുടെ പേര്	അനുവദിച്ച തുക
1	മൃഗസംരക്ഷണം	2655
2	ആരോഗ്യം	57300
3	കൃഷി	239345
4	പൊതുമരാമത്ത്	8400
5	ഡയറി ഡെവലപ്മെൻറ്	2500
6	ഹരിജന ക്ഷേമം	500
7	മറ്റുള്ളവ	57266
8	**ആകെ**	**367966**

അനുബന്ധം - 4
(95-96 വർഷത്തെ വരവിനം സംബന്ധിച്ച കണക്ക്)

ക്രമനമ്പർ	നികുതിയിനം	ധനാഭ്യർത്ഥന	പിരച്ചത്	ബാക്കി
1	കെട്ടടനികുതി	127936	94355	33581
2	തൊഴിൽനികുതി	114695	111855	2840
3	ലൈബ്രറി സെസ്	6397	5012	1385
4	ലൈസൻസ് ഫീസ്	4627	4627	
5	വസ്തുകൈമാറ്റനികുതി	70657	70657	
6	സർക്കാർ ഗ്രാന്റുകൾ	329225	329225	
7	അൺടൈഡ് ഫണ്ട്	241730	241730	
8	ഗവ.ലേക്ക് തിരിച്ചടക്കേണ്ട തുക	23177	23177	
9	മറ്റുള്ളവ	213947.22	213947.22	
10	ജവഹർ തൊഴിൽദാന പദ്ധതി	260527	260527	
	ആകെ	**1392918.22**	**1355112.22**	**37806**

അനുബന്ധം - 5
(1995 -96ലെ ചെലവിനം സംബന്ധിച്ച കണക്ക്)

ക്രമനമ്പർ	ചെലവിനം	ചെലവഴിച്ച തുക
1	ഭരണച്ചെലവ്	379942
2	പൊതുമരാമത്ത് ചെലവ്	386076
3	വിദ്യാഭ്യാസം	4662
4	ജലവിതരണം	17270
5	പൊതുജനാരോഗ്യം	6705
6	തെരുവു വിളക്കിന്റെ വൈദ്യുതി ചാർജ്	26562
7	സാമൂഹ്യക്ഷേമം	1251
8	കടവീതം സംബന്ധിച്ച കണക്ക്	12080
	ആകെ	**834548**

അനുബന്ധം - 6
നെടുമറ്റം സൊസൈറ്റിയിൽനിന്നും നല്കിയിട്ടുള്ള വായ്പകളുടെ വിവരം

ക്രമനമ്പർ	വായ്പയുടെ സ്വഭാവം	നല്കിയിട്ടുള്ള തുക
1	ഹ്രസ്വകാല കാർഷിക വായ്പ	4223118
2	ദീർഘകാല കാർഷിക വായ്പ	72096
3	കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും	381090
4	റബർ റോളർ വാങ്ങുന്നതിന്	18460
5	സാധാരണ വായ്പ	10914169
6	സ്വർണ്ണപ്പണയത്തിൻമേൽ	4927840
7	ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന്	1369408
8	ഐ.ആർ.ഡി.പി.ലോൺ	70342
9	സ്വയം തൊഴിൽ കണ്ടെത്തൽ	28672
10	കെട്ടിടനിർമ്മാണം	9751
	ആകെ	**2,29,64060**

അനുബന്ധം – 7
കോടിക്കുളം സൊസൈറ്റിയിൽനിന്നും നല്കിയിട്ടുള്ള വായ്പകളുടെ വിവരം

ക്രമനമ്പർ	വായ്പയുടെ സ്വഭാവം	നല്കിയിട്ടുള്ള തുക
1	ഹ്രസ്വകാല കാർഷിക വായ്പകൾ	2,90,1070
2	മദ്ധ്യകാല കാർഷിക വായ്പകൾ	1652920
3	ദീർഘകാല കാർഷിക വായ്പകൾ	3698929
4	സ്വർണ്ണപ്പണയത്തിൻമേൽ വായ്പ	2095606
5	ഐ.ആർ.ഡി.പി. യും വീടിനുള്ള ലോണും	3153
	ആകെ	**10358525**

ഈ പഞ്ചായത്തിലെത്തുന്ന പ്രധാന പ്രസിദ്ധീകരണങ്ങൾ

ദിനപത്രം

പേര്	എണ്ണം
മാതൃഭൂമി	245
ദീപിക	450
മലയാള മനോരമ	540
ദേശാഭിമാനി	20
ഹിന്ദു	3153
ഇൻഡ്യൻ എക്സ്പ്രസ്	3153
മംഗളം	3153
കേരളകൗമുദി	3153
ആനുകാലിക പ്രസിദ്ധീകരണങ്ങൾ	3153
കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ	3153

കാളിയാർ എസ്റ്റേറ്റ്

ലക്ഷ്മണൻ

ഈ പഞ്ചായത്തിന്റെ മൂന്നാം വാർഡ് ഉൾപ്പെടുന്ന പ്രദേശം കാളിയാർ എസ്റ്റേറ്റാണ്. 1907ൽ മലങ്കര കമ്പനിയാണ് എസ്റ്റേറ്റ് തുടങ്ങിയത്. 1912 ൽ ഹാരിസൺ ആന്റ് ക്രോസ് ഫീൽഡ് കമ്പനി ഈ എസ്റ്റേറ്റ് വാങ്ങി വിപുലീകരിച്ചു. എസ്റ്റേറ്റിൽ ഇപ്പോൾ സ്ഥിരം തൊഴിലാളികളായി 358 പേർ ജോലി ചെയ്യുന്നു. ഇതിൽ പുരുഷൻമാർ 220ഉം, സ്ത്രീകൾ 138ഉം ആണ്. പഞ്ചായത്തിന്റെയും എസ്റ്റേറ്റിന്റെയും അതിരു തിരിക്കുന്നത് കാളിയാർ പുഴയാണ്. ഈ എസ്റ്റേറ്റ് കേരളത്തിലെ വൻകിട എസ്റ്റേറ്റുകളിൽ ഒന്നാണ്. തിരുവിതാം കൂറിൽ സംഘടിപ്പിച്ച ആദ്യ കാല യൂണിയനുകളിൽ ഒന്നാണ് ഇവിടെ പ്രവർത്തിക്കുന്നത്. യൂണിയൻ നിലവിൽ വരുന്നതിന് മുമ്പ് തോട്ടത്തിൽ അടിമകളേപ്പോലെയാണ് തൊഴിലാളികളെ പണിയെടുപ്പിച്ചിരുന്നത്. "ജോലിയ്ക്ക് കൂലി ഭക്ഷണം" എന്ന രീതിയായിരുന്നു തോട്ടത്തിൽ നിലനിന്നിരുന്നത്. എസ്റ്റേറ്റിലേയും മറ്റു ജന വിഭാഗങ്ങളുടെയും അവശ്യ സാധനങ്ങൾ കാളിയാർ പുഴയിൽ കൂടി മുവാറ്റുപുഴയിൽ നിന്ന് വള്ളത്തിലായിരുന്നു കൊണ്ടുവന്നിരുന്നത്. 1946 ൽ തൊഴിലാളികൾ സംഘടിതമായി 'യൂണിയനെ അംഗീകരിക്കുക' എന്ന മുദ്രാവാക്യമുയർത്തി സമരം നടത്തി. ത്യാഗോജ്വലമായ സമരത്തിന്റെ ഭാഗമായി മാനേജ്മെന്റ് യൂണിയനെ അംഗീകരിക്കുകയുണ്ടായി. തൊഴിലാളികളുടെ ഈ മുന്നേറ്റം തൊടുപുഴ താലൂക്കിലെ മുഴുവൻ ജനങ്ങളുടെയും ആവേശമായി മാറുകയുണ്ടായി. ആദ്യകാല യൂണിയൻ നേതാക്കളായി മാത്യു ജെ. വലിയകാല, ഒ. ജെ. ജോസഫ്, കെ. റ്റി. ജേക്കബ്, പി. റ്റി. പൊന്നൂസ്, പിസ്സൺ ബാവ, കെ. എം. ചന്ദ്രൻ തുടങ്ങിയവർ തൊഴിലാളികൾക്ക് നേതൃത്വം നൽകി. റോസമ്മ പുന്നൂസ്, ഇ. ബാലനന്ദൻ തുടങ്ങിയ നേതാക്കൾ വിവിധ കാലങ്ങളിൽ ഈ എസ്റ്റേറ്റിൽ വന്ന് യൂണിയൻ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ആദ്യകാല യൂണിയൻഭാരവാഹികളായ കെ. റ്റി. ജേക്കബ് സംസ്ഥാന മന്ത്രിയും, ഒ. ജെ. ജോസഫ് പാർലമെന്റ് മെമ്പറും ആയിട്ടുണ്ട്. യൂണിയൻ രൂപീകരണത്തിനും ശേഷം ഈ എസ്റ്റേറ്റിൽ തൊഴിലാളികളുടെ ജീവിത സാഹചര്യം ഉയർത്തുന്നതിനു വേണ്ടി എണ്ണമറ്റ സമരങ്ങൾ വിവിധ കാലയളവിൽ നടത്തിയിട്ടുണ്ട്. ഈ സമരങ്ങളുടെയെല്ലാം നേട്ടങ്ങളും അനുഭവപാഠങ്ങളും തൊഴിലാളികൾക്കും, മറ്റു അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും പ്രചോദമായിട്ടുണ്ട്. നമ്മുടെ നാടിന്റെ പുരോഗതിക്ക് വേണ്ടി നടത്തിയിട്ടുള്ളതും, രാജ്യത്ത് ജനാധിപത്യം അപകടത്തിലാണ് എന്ന അവസ്ഥ വന്നപ്പോഴും ഇതര തൊഴിലാളികളോടൊപ്പം ഈ എസ്റ്റേറ്റിലെ തൊഴിലാളികളും ധീരമായി സമരത്തിൽ പങ്കെടുക്കുകയും ജയിൽ വാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. 1976ൽ കോടിക്കുളം പഞ്ചായത്ത് പുന: സംഘടന പ്രകാരം നിലവിലുണ്ടായിരുന്ന കോടിക്കുളം പഞ്ചായത്ത് കമ്മറ്റി പിരിച്ചുവിടുകയും പകരം അഡ്മിനിസ്ട്രേറ്റ് നിലവിൽ വരുകയും ചെയ്തു. ഈ കമ്മറ്റിയിൽ എസ്റ്റേറ്റ് തൊഴിലാളിയായി എ. ബി. സെയ്ത് അലിയെ ഉൾപ്പെടുത്തുകയുണ്ടായി. 1988ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഈ എസ്റ്റേറ്റിലെ തൊഴിലാളിയായ സോമൻ അയ്യപ്പൻ മെമ്പറായി തെരെഞ്ഞെടുത്തിട്ടുണ്ട്. 1995 സെപ്റ്റംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ എസ്റ്റേറ്റിലെ യൂണിയൻ പ്രവർത്തകനായ റ്റി. എസ്. ലക്ഷ്മണൻ തെരെഞ്ഞെടുക്കുകയും, പഞ്ചായത്തിന്റെ പ്രസിഡന്റാവുകയും ചെയ്തു. സംഘടിത മേഖലയിലെ തൊഴിലാളികളാണെങ്കിലും ജീവിത നിലവാരത്തിലും ആരോഗ്യ പരിപാലനത്തിലും ഇന്നും ശോചനീയാവസ്ഥ ഈ മേഖലയിൽ നിലനിൽക്കുന്നു. തൊഴിലാളി കുടുംബങ്ങളുടെ താമസ സൗകര്യം ഇന്നും രാജ്യത്തെ ഇതരവിഭാഗം തൊഴിലാളികൾക്കൊപ്പം എത്താത്തത് ഒരു പ്രശ്നം തന്നെയാണ്. ഇതിന് ഒരു പരിഹാരം ഉടൻ ഉണ്ടാക്കേണ്ടതുണ്ട്.

അവസാനമായി രണ്ടു വാക്കുകൾ..

കോടിക്കുളം പഞ്ചായത്തിന്റെ വികസന റിപ്പോർട്ട്
ഒരു സമഗ്ര പഠന റിപ്പോർട്ടായി അവതരിപ്പിക്കുന്നതിന് ഞങ്ങൾക്ക്
കഴിഞ്ഞിട്ടില്ല. അതിനാൽ പല പോരായ്മകളും ഇതിലുണ്ടാകാം.
അവയെല്ലാം സ്നേഹബുദ്ധിയാൽ ക്ഷമിച്ച് ഒരു പുത്തൻ വികസന
സംസ്കാരത്തിനായി യത്നിക്കാനും ഞങ്ങളോടൊത്ത് നിരന്തരം
സഹകരിക്കാനും ഞങ്ങൾ ഏവരെയും ക്ഷണിക്കുകയാണ്.
ഗ്രാമസഭകളുടെ ഹൃദയത്തുടിപ്പുകൾ ഒട്ടൊക്കെ പ്രതിഫലിപ്പിക്കാൻ
ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. ഈ വികസനരേഖയിൽ നിന്നും നമുക്ക്
പല നല്ല കാര്യങ്ങൾക്കും തുടക്കം കുറിക്കാം. പ്രായേണ നമ്മുടെ ഗ്രാമത്തിന്റെ
സമസ്ത വികസനങ്ങൾക്കും തുടക്കം കുറിക്കാൻ ഈ റിപ്പോർട്ടിനെ നമുക്ക്
ആധാരമാക്കാം. ഇനിയും നാം രൂപകൽപ്പന ചെയ്യുന്ന പദ്ധതി രേഖകൾ
നമ്മുടെ നാടിന്റെ സർവ്വതോന്മുഖമായ വികസനങ്ങൾക്കും ഉതുകുന്ന
വിധമാക്കിത്തീർക്കാൻ ഈ റിപ്പോർട്ട് സഹായിക്കുമെങ്കിൽ ഞങ്ങൾ
ചാരുതാർത്ഥരാണ്. മതരാഷ്ട്രീയ ചിന്തകൾക്കതീതമായി ജനശക്തി ഒരു
നേർരേഖയിലെത്തിക്കുന്നതിന് നമുക്ക് ഒരുമിച്ചു ശ്രമിക്കാം. ഈ
ചെറുപുസ്തകം രൂപകല്പന ചെയ്യുന്നതിനും ഇതിൽ സംഹരിച്ചിട്ടുള്ള
നിരവധിയയായ കാര്യങ്ങൾ ക്രമാനുഗതമായി സംവിധാനം ചെയ്യുന്നതിനും
നിരവധിയാളുകളുടെ സഹകരണം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.
ഉദ്യോഗസ്ഥരും, അനുദ്യോഗസ്ഥരുമായ ഇവരുടെയെല്ലാം
സേവനങ്ങൾ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു.
അതോടൊപ്പം നാം സ്വപ്നം കാണുന്ന ഒരു പുത്തൻ
വികസനസംസ്കാര പാതയിലൂടെ നമുക്കു
കൈകോർത്ത് മുന്നേറാം...